പൂത്താടി
ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ


കണ്ണൂർ
തിരുനെല്ലി
കർണാടക
വയനാട്
മുള്ളൻ-
കൊല്ലി
തവിഞ്ഞാൽ
മാനന്തവാടി
പുൽപ്പള്ളി
പൂതാടി
എടവക
തൊണ്ടർനാട്
പനമരം
സുൽത്താൻ
ബത്തേരി
വെള്ളമുണ്ട
കണിയാമ്പറ്റ
നൂൽപ്പുഴ
പടിഞ്ഞാറത്തറ
കോട്ടത്തറ
മീനങ്ങാടി
തരിയോട്
വേങ്ങപ്പള്ളി
നൂൽപ്പുഴ
കൽപ്പറ്റ
അമ്പല-
വയൽ
പൊഴുതന
വൈത്തിരി
മേപ്പാടി
തമിഴ്നാട്
കോഴിക്കോട്
മലപ്പുറം

പൂതാടി പഞ്ചായത്ത്
സമഗ്രവികസന രേഖ



ഒമ്പതാംപദ്ധതി
ജനകീയ പദ്ധതി

എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ : എം.എ. .പൗലോസ്

അംഗങ്ങൾ : ഉമാദേവി അഭിനന്ദൻ

എം.കെ.ശ്രീനിവാസൻ

എം.കെ.ചന്ദ്രബോസ്

പി.ആർ.വിജയൻ

ജോസ് പനമട

പി.എം.എസ്.നമ്പൂതിരിപ്പാട്

ടൈപ്പ് സെറ്റിംഗ് & പ്രിന്റിംഗ് : സാൻ ജോർജിയ ഓഫ്സെറ്റ് പ്രിന്റേഴ്സ്

സുൽത്താൻ ബത്തേരി, ഫോൺ : 20179

കവർ ചിത്രീകരണം : ആർട്ടിസ്റ്റ് നമ്പൂതിരി

ഉള്ളടക്കം

1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരണം

3 സാമൂഹിക സാംസ്ക്കാരിക ചരിത്രം

4 ഭൂപ്രകൃതി-ജനപ്രകൃതി-ജലപ്രകൃതി

5 സാമൂഹിക-സാമ്പത്തിക മേഖലകൾ

5.1 കൃഷിയും-ജലസേചനവും

5.2 മൃഗസംരക്ഷണം

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

5.6 ഗതാഗതം-ഊർജ്ജം

5.7 ഭവനനിർമ്മാണം

5.8 സംസ്ക്കാരം

5.9 വനിത

5.10 സഹകരണം

5.11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

5.12 വിഭവസമാഹരണം

പഞ്ചായത്ത് ഭരണസമിതി

ഉമാദേവി അഭിനന്ദൻ
പ്രസിഡന്റ്

എം.കെ.ശ്രീനിവാസൻ
വൈസ് പ്രസിഡന്റ്

ലളിതാ രാജഗോപാൽ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

മെമ്പർമാർ

ജോസ് കൈതമറ്റം



പ്രഭാകരൻമാസ്റ്റർ

ജാൻസി ദേവസ്യ



കെ.കെ.വിശ്വനാഥൻ മാസ്റ്റർ

പൊന്നമ്മ ശിവദാസൻ



ഉലഹന്നാൻ മാണി

കെ.എം.വർഗീസ്
(സെക്രട്ടറി)



കെ.കെ.ശ്രീകുമാർ



പി.എം.സുധാകരൻ

ബി.വി.ബോളൻ

രുഗ്മിണി സുബ്രഹ്മണ്യൻ

അധികാരം ജനങ്ങളിലേക്ക്

"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ
തങ്ങൾക്കും ഫലപ്രദമായൊരു
പങ്കുണ്ടെന്ന് പരമദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന
വർഗ്ഗക്കാരോ ഇല്ലാത്തൊരു
ഭാരതം, എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ
കഴിയുന്നൊരു
ഭാരതം കെട്ടിപ്പടു
ക്കുന്നതിനു വേണ്ടി
ഞാൻ പ്രവർത്തിക്കും"

-മഹാത്മാഗാന്ധി



"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും"

-മഹാത്മാഗാന്ധി

ആമുഖം

കേരളം, ഒരിക്കൽകൂടി ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാവുകയാണ്. നിലവിലുള്ള വികസന സങ്കല്പനങ്ങളും ധാരണകളും തിരുത്തിയെഴുതിക്കൊണ്ട് ഇവിടെ നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പരിപാടി എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നു. നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിൽ നിലവിലുള്ള കേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ അനുയോജ്യമല്ലെന്നും അപര്യാപ്തമാണെന്നുമുള്ള തിരിച്ചറിവാണ് നമ്മെ ഇതിലേക്ക് നയിക്കുന്നത്. വ്യക്തമായ കാഴ്ചപ്പാടോടെ അർപ്പണമനോഭാവത്തോടെയുള്ള ജനകീയ മുന്നേറ്റമാണ് ഇതിന്റെ മുഖമുദ്ര.

കേരളത്തിൽ പഞ്ചായത്തുതല വിഭവഭൂപട നിർമാണത്തിനുവേണ്ടി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 25 പഞ്ചായത്തുകളിൽ ഒന്നാണ് പൂതാടി പഞ്ചായത്ത്. ഇരുന്നൂറോളം പ്രവർത്തകരുടെ സന്നദ്ധ പ്രവർത്തനത്തിലൂടെയാണ് വിഭവ ഭൂപടങ്ങൾ തയ്യാറാക്കപ്പെട്ടത്. ലഭ്യമായ പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി 'പഞ്ചായത്ത് വികസനസമിതി' രൂപീകരിച്ച് തയ്യാറെടുപ്പുകൾ നടത്തിവന്നിരുന്ന സാഹചര്യത്തിലാണ് കേരളത്തിന്റെ ഒമ്പതാം പദ്ധതിയുമായി ബന്ധപ്പെട്ട ക്യാമ്പയിൽ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. വിഭവഭൂപട നിർമ്മാണത്തിന്റെ അനുഭവവും, വികസനവുമായി ബന്ധപ്പെട്ട് നടത്തപ്പെട്ട പ്രചരണബോധവല്ക്കരണ പരിപാടികളും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ നല്ലൊരു മുന്നേറ്റത്തിന് സഹായകമായി.

'ഒമ്പതാം പദ്ധതി-ജനകീയ പദ്ധതി' എന്ന ആശയം പ്രചരിപ്പിച്ച് ബഹുജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണ പ്രവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നതിനും നാടിന്റെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുമുള്ള വേദികളായിരുന്നു സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ നടത്തപ്പെട്ട വിശേഷാൽ ഗ്രാമസഭകൾ. വർദ്ധിച്ച ജനപങ്കാളിത്തംകൊണ്ടും ഫലപ്രദമായ ചർച്ചകൊണ്ടും പ്രസ്തുത ഗ്രാമസഭകൾ ശ്രദ്ധേയമായിരുന്നു. 13 വാർഡുകളിലായി 3000ത്തോളം ആളുകൾ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭാ ചർച്ചകളുടെ ക്രോഡീകരണവും വിവിധ മേഖലകൾ തിരിച്ചുള്ള പഠനാപഗ്രഥന പ്രവർത്തനങ്ങളും വഴിയാണ് പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും നിർദ്ദേശിക്കപ്പെട്ടത്. ഇതിനു സഹായകമായ പ്രാഥമിക ദ്വിതീയ വിവരങ്ങൾ ശേഖരിക്കപ്പെട്ടു. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം വഹിച്ചത് പഞ്ചായത്തിലെ പ്രാദേശിക, ജില്ലാതല പരിശീലകരാണ്.

കേരളപ്പിറവിയുടെ നാല്പതാം വാർഷികം പുനരർപ്പണ ദിനമായി ആചരിക്കപ്പെട്ടപ്പോൾ നമ്മുടെ പഞ്ചായത്തിൽ നടത്തപ്പെട്ട വിവിധങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കർമ്മശേഷിക്കും സന്നദ്ധപ്രവർത്തനശൈലിക്കും പുതിയൊരു മാനം കൈവരികയായിരുന്നു. രണ്ടായിരത്തോളം ആളുകൾ അന്നേദിവസം സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടുവെന്നത് വികസനപ്രവർത്തനങ്ങളുടെ ചരിത്രത്തിൽ പുത്തനനുഭവവും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ആവേശവുമാണ്.

ആസൂത്രണ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം തുറക്കുന്ന നാനാവിധ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലതയോടെ വർദ്ധിച്ച ആത്മവീര്യത്തോടെ തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ നമുക്കു മുന്നേറാം. അതിനുള്ള വിവരാടിത്തറ (Data base)യ്ക്കും ഉൾക്കാഴ്ചക്കും പൂതാടി പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ സഹായകമാകട്ടെ. ❖

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പുതാടി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പുതാടി, നടവയൽ, ഇരുളം
ബ്ലോക്ക് പഞ്ചായത്ത്	:	സുൽത്താൻ ബത്തേരി
താലൂക്ക്	:	സുൽത്താൻ ബത്തേരി
അസംബ്ലി മണ്ഡലം	:	സുൽത്താൻ ബത്തേരി
ലോകസഭാ മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	83 ച.കി.മി.
അതിരുകൾ	:	വടക്ക് പുല്പള്ളി പഞ്ചായത്ത്, തെക്ക് മീനങ്ങാടി പഞ്ചായത്ത്, പടിഞ്ഞാറ് കണിയാമ്പറ്റ പഞ്ചായത്ത്, കിഴക്ക് ബത്തേരി പഞ്ചായത്ത്.
ജനസംഖ്യ	:	36544
പുരുഷന്മാർ	:	18805
സ്ത്രീകൾ	:	17739
ജനസാന്ദ്രത	:	441/ച.കി.മി
വാർഡുകൾ	:	13
പ്രസിഡണ്ട്	:	ശ്രീമതി. ഉമാദേവി അഭിനന്ദനൻ
വൈസ് പ്രസിഡണ്ട്	:	ശ്രീ.എം.കെ.ശ്രീനിവാസൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	:	ശ്രീമതി ലളിതാ രാജഗോപാൽ

സാമൂഹ്യ സാംസ്കാരിക ചരിത്രം

എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടിലെഴുതപ്പെട്ട ബത്തേരി മാരിയമ്മൻ കോവിലിലെ തമിഴ് ശിലാലിഖിതമനുസരിച്ച് പൂതാടിയെ പൂതപാടി എന്ന് പരാമർശിച്ചുകാണുന്നുണ്ട്. പൂതപാടി കാലക്രമേണ പൂതാടിയായി എന്ന് കരുതപ്പെടുന്നു. ഭൂതം ആടിയതിനാൽ പിന്നീട് പൂതാടിയായി എന്ന് കരുതപ്പെടുന്നു. ഭൂതം ആടിയതിനാൽ പിന്നീട് പൂതാടിയായതാണെന്നും പൂതമായ വാടി –ഐശ്വര്യപൂർണ്ണമായ പ്രദേശം എന്ന അർത്ഥത്തിലോ ഈ സ്ഥലത്തിന് പൂതാടി എന്ന് പേര് വന്നതാണെന്നും പറയപ്പെടുന്നു.

വേലിയമ്പം ആസ്ഥാനമായുള്ള പൂതാടിയാണ് ചരിത്രത്തിന്റെ പൂർവകാലത്ത് കാണാൻ കഴിയുന്നത്. സംഘകാലത്തുണ്ടായതെന്ന് പറയപ്പെടുന്ന ഉണ്ണിയച്ചീ ചരിതത്തിലെ തിരുമരുതൂർ, അൽഇട്ടിസിയുടെ വിവരണത്തിലുള്ള മുത്തങ്ങാടി എന്നിവ പൂതാടിയുടെ ഭാഗമായിരുന്നുവെന്ന് കാണാം. തിരുമരുതൂർ ഇപ്പോഴത്തെ വരദൂരാണെന്ന് കരുതുന്നു. മുത്തങ്ങാടി പുത്തനങ്ങാടി എന്ന പേരിൽ ഈ പഞ്ചായത്തിനോട് ചേർന്ന് പനമരം പഞ്ചായത്തിലുമാണ് ഇപ്പോഴുള്ളത്.

പൂതാടിയുൾപ്പെടുന്ന വയനാട്ടിൽ ആധിപത്യമുണ്ടായിരുന്ന പ്രാചീന രാജവംശമാണ്, കുടുംബിയർ. കുടുംബനും കുറുമനും ഈ കുടുംബിയരിൽ നിന്ന് വന്നതാണെന്ന് മലബാർ ഗസറ്റിയറിന്റെ രചയിതാവായ ഡോ.ഒപ്പർട്ട് വ്യക്തമാക്കിയിട്ടുണ്ട്. കർണാടകയിൽ നിന്ന് അയൽപ്രദേശമായ വയനാട്ടിൽ ആധിപത്യം ഉറപ്പിച്ച ജൈനന്മാരാണ് കാർഷികവൃത്തിക്ക് സഹായകമായ ഒരു ജീവിതരീതിയും ആരാധനാലയങ്ങളും പാർപ്പിടങ്ങളും രൂപകല്പന ചെയ്തതെന്ന് പറയപ്പെടുന്നു. അന്നു നിലനിന്നിരുന്ന കാർഷിക ജലനിയന്ത്രണ ആവാസ സമ്പ്രദായങ്ങളും ഏതാണ്ട് നശിപ്പിക്കപ്പെട്ട അവസ്ഥയിലാണെങ്കിലും അവ പൂതാടിയിൽ പല സ്ഥലത്തും കാണാൻ കഴിയുന്നുണ്ട്. കേരളത്തിൽ നാട്ടുരാജാക്കന്മാരുടെ ആവിർഭാവകാലഘട്ടത്തിൽ കുമ്പള രാജാവിനവകാശപ്പെട്ടിരുന്ന പൂതാടി ഗ്രാമം ഒരു പ്രത്യുപകാരം എന്ന നിലയ്ക്ക് കോട്ടയം രാജാവിന് സിദ്ധിക്കുകയും അദ്ദേഹം ഭരണസൗകര്യത്തിനായി വയനാട് വിഭജിച്ചു നൽകിയ കൂട്ടത്തിൽ പൂതാടിയുടെ ഭരണം ഒരു പുൽപ്പാടിനായരെ ഏല്പിച്ചതായിക്കാണുന്നു. ഈ നായർ കുടുംബത്തിലെ ഒരു സ്ത്രീയും ഇരുവഴി നാട്ടു നമ്പ്യാരുമായുള്ള പ്രേമവിവാഹത്തിന്റെ ഫലമായി, പൂതാടിയുടെ സിംഹഭാഗവും നമ്പ്യാർകുടുംബസ്വത്തായി മാറി.

ഗ്രാമസഭകൾ മിക്ക സ്ഥലത്തും സമ്മേളിച്ചിരുന്നതായി ചില സ്ഥലനാമങ്ങൾ വ്യക്തമാക്കുന്നു. അമ്പം എന്ന പദത്തിന് ചന്ത, ഗ്രാമസഭ എന്നിങ്ങനെ പ്രചാരലുബ്ധമായ അർത്ഥമുണ്ട്. വേലിയമ്പം (വേലി=പ്രാചീനം) എന്നതിന് പ്രാചീനഗ്രാമസഭ എന്ന് അർത്ഥം വരുന്നു. ഇതുപോലെ ഗ്രാമസഭകൾ ചേർന്നിരുന്ന മറ്റ് സ്ഥലങ്ങളായി പാതിരിയമ്പം, ചീയമ്പം, നെല്ലിയമ്പം, ചിരട്ടയമ്പം എന്നിവയെ കരുതാം.

ടിപ്പുവിന്റെ കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട പനമരം–ബത്തേരി നിരത്താണ് പൂതാടിയെ പുറംലോകവുമായി കൂട്ടിയിണക്കിയതെന്ന് ചരിത്രത്തിൽ കാണുന്നു. നമ്മുടെ ഗ്രാമമുൾക്കൊള്ളുന്ന വയനാട്ടിലെ പാരിസ്ഥിതിക ജനപഥ വ്യതിയാനത്തിന്റെ കഥയാരംഭിക്കുന്നത് 100-150 വർഷങ്ങൾക്കുള്ളിലാണ്. ഈസ്റ്റിന്ത്യാ കമ്പനിയുടെ കീഴിൽ പൂതാടി, വയനാട്ടിലെ 13 വില്ലേജുകളിലൊന്നായിട്ടാണ് കാണിച്ചിരിക്കുന്നത്. 1928ന് ശേഷമാണ് കുടിയേറ്റം ആരംഭിച്ചത്. 1940കളിലും 50കളിലുമാണ് വൻതോതിൽ കുടിയേറ്റം സംഭവിച്ചിട്ടുള്ളത്.

1961ലെ കാനേഷുമാരിയെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ പഞ്ചായത്ത് പുനസംഘടന നടന്നു. 20-11-61ലെ സർക്കാർ ഉത്തരവു പ്രകാരം 1-1-62 മുതൽ പുതിയ പഞ്ചായത്തുകൾ നിലവിൽ വന്നെങ്കിലും പൂതാടി പഞ്ചായത്തിൽ ഭരണം ആരംഭിച്ചത് 26-3-62 മുതല്ക്കാണ്. പൂതാടിയിലെ ഒരു പീടികക്കെട്ടിടത്തിലാണ് പഞ്ചായത്താഫീസിന്റെ പ്രവർത്തനം തുടക്കമിട്ടത്. 1974ൽ ആണ് കേണിച്ചിറയിലുള്ള

ഇന്നത്തെ കെട്ടിടത്തിലേക്ക് ഓഫീസ് മാറിയത്. പുളിക്കൽ കല്യാണി എന്ന മഹതി സൗജന്യമായി നൽകിയ സ്ഥലത്താണ് ഇന്നത്തെ ഓഫീസ്.

18-12-1963ലാണ് ആദ്യമായി, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് മെമ്പർമാരുടെ യോഗം നടന്നത്. പി.സി. ഗോപാലൻ നമ്പ്യാർ (പ്രസിഡണ്ട്) പി.രാഘവൻ (വൈസ്. പ്രസിഡണ്ട്), കെ.എ.അഗസ്റ്റിൻ, പി.സി.കുഞ്ഞനന്ദൻ നമ്പ്യാർ, മഞ്ഞക്കണ്ടി മാധവൻ, പി.ഠഎസ്.രാമൻ, ഏ.കെ.തങ്കമ്മ എന്നിവരായിരുന്നു ഭരണസമിതിയംഗങ്ങൾ. തുടർന്ന് പി.ബി.ശിവൻ, പിഎസ്.ജനാർദ്ദനൻ, വി.വി.ജിനേന്ദ്ര പ്രസാദ്, പി.ആർ.ഭരതൻ എന്നീ പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ ഭരണം നടന്നു. പൂതാടി പഞ്ചായത്തി ചെറുത്തു നില്പിന്റേയും സമരങ്ങളുടെയും പാരമ്പര്യം നന്നേ കുറവാണ്. 1967ൽ വരദൂർ കടമനയിൽ നടന്ന ലെവി സമരം പ്രാധാന്യമർഹിക്കുന്നു. അന്ന് നിലനിന്നിരുന്ന ലെവിസമ്പ്രദായവുമായി ബന്ധപ്പെട്ടതായിരുന്നു പ്രസ്തുത സമരം. ഒരു ഹെക്ടറിനു മുകളിൽ നെൽകൃഷി ചെയ്ത തിരുന്നവർ ലെവി കൊടുക്കേണ്ടിയിരുന്നു . ലെവിയ്ക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയും നൽകിയിരുന്നു. അനധികൃതവും പക്ഷപാതപരവുമായി നടന്ന ലെവി പിരിവിനെതിരേ വനിതകൾ ഉൾപ്പെടെ ജനങ്ങൾ കടുത്ത ചെറുത്തുനില്പു സമരം സംഘടിപ്പിച്ചു. സമരത്തിനുമുമ്പിൽ അധികൃതർ കീഴടങ്ങി. അനധികൃത ലെവി പിരിവ് അവസാനിച്ചതായിക്കാണുന്നു. കൊണ്ടൽക്കൊടുത്ത് അടിമകളെ വാങ്ങുന്ന സമ്പ്രദായവും നിലവിലിരുന്നതായി അന്വോഷണത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

1965ൽ നടന്ന ഗ്രാമീണ സന്നദ്ധ സേനാ രൂപീകരണം പഞ്ചായത്ത് ചരിത്രത്തിലെ ആവേശകരമായ സംഭവമാണ്. 21 വയസുകഴിഞ്ഞ യുവതീയുവാക്കളെ പരിശീലനം നൽകി കായികാധ്വാനം, ആതുരശുശ്രൂഷ, പ്രഥമശുശ്രൂഷ, വിദ്യാഭ്യാസം, കലാരംഗത്തെ പ്രോത്സാഹനം എന്നിവയ്ക്ക് സന്നദ്ധരായി പ്രതിവർഷം 12 ദിവസത്തെ സൗജന്യ സേവനം നൽകുന്നതിനായിട്ടാണ് ഈസേനയെ ഉപയോഗപ്പെടുത്തിയിരുന്നത്. പഞ്ചായത്തിന്റെ വൈസ്പ്രസിഡണ്ടായിരുന്ന ശ്രീ.മഠത്തിൽ മത്തായി 1980ൽ നക്സലൈറ്റുകളാൽ വധിക്കപ്പെട്ട സംഭവം എറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

പഞ്ചായത്തിൽ ആദ്യത്തെ വിദ്യാഭ്യാസ സൗകര്യം ലഭ്യമായത് 1917 ആഗസ്റ്റ് 17ന് രപീകൃതമായ പൂതാടിച ഗവ.യു.പി.സ്കൂളോടെയാണ്. മലബാർ ഡിസ്ട്രിക്ട് ബോർഡാണ് ഈ വിദ്യാലയം നിയന്ത്രിച്ചിരുന്നത്. 1951ൽ കോളേരിയിലും 54ൽ അരിമുളയിലും മാനേജ്മെന്റ് വക പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. തുടർന്ന് 1961ൽ വാകേരിയിലും 1962ൽ ഇരുളത്തും 1966ൽ വാളവയലിലും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. വാളവയൽ എൽ.പി.സ്കൂൾ പഞ്ചായത്തിന്റെ മാനേജ്മെന്റിലാണ് പ്രവർത്തിക്കുന്നത്. ❖

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി, ഭൂവിനിയോഗം

കേരളത്തിലെ മലനാട്ടിൽ ഉൾപ്പെട്ട പ്രദേശമാണ് പുതാടി പഞ്ചായത്ത്. 11° 40' - 11° ' 49' ഉത്തര അക്ഷാംശത്തിനും 76° 6' - 76° 14' പൂർവ്വ രേഖാംശത്തിനും ഇടയിലാണ് പഞ്ചായത്തിന്റെ കിടപ്പ്. ഇതിന്റെ വടക്ക് പുൽപള്ളി പഞ്ചായത്തും തെക്ക് മീനങ്ങാടി പഞ്ചായത്തും പടിഞ്ഞാറ് കണിയാമ്പറ്റ പഞ്ചായത്തും കിഴക്ക് സുൽത്താൻ ബത്തേരി പഞ്ചായത്തുമാണ്.

സമുദ്ര നിരപ്പിൽ നിന്ന് 720 മീറ്റർ മുതൽ 940 മീറ്റർ വരെയാണ് ഭൂപ്രദേശത്തിന്റെ ഉയരം. പഞ്ചായത്തിന്റെ വടക്കുകിഴക്കുഭാഗത്തുള്ള പാമ്പ്ര എസ്റ്റേറ്റ് പരിധിയിലാണ് ഏറ്റവും ഉയർന്ന പ്രദേശം.

തെക്ക് പടിഞ്ഞാറ് അതിർത്തിയിൽ നരബിപ്പുഴ യൊഴുകുന്നു.

ഭൂപ്രകൃതിയനുസതരിച്ച് പഞ്ചായത്തിൽ 12 മേഖലകളുണ്ട്. Ridge crest, Hill crest, Hill terrace, Side slope-very steep, side slope-steep, side slope-moderately steep, side slope-moderate, side slope-gentle, foot slope, valley floor, flood plain, V shaped valleys. പഞ്ചായത്തിൽ കാണുന്ന മൺതരങ്ങൾ Residium, Forest loak, variable shallow soil, Alluvium.

ആയിരത്തി അഞ്ഞുറോളം കിണറുകളാണ് പഞ്ചായത്തിലുള്ളത്. അവയിൽ ഏതാണ്ട് 500 എണ്ണം വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. ജലക്ഷമതയുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത്. താഴ്വര പ്രദേശങ്ങൾ ഉയർന്ന ജലക്ഷമതയുള്ളതാണ്. വടക്ക് പടിഞ്ഞാറ് വടക്ക് കിഴക്ക് ഭാഗത്തുള്ളള നെയ്ക്കുപ്പ പ്രദേശമാണ് ജലദൗർലഭ്യം ഏറ്റവും രൂക്ഷമായ ഭാഗം.

പഞ്ചായത്തിലെ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും മിശ്രവിളകളാണ്. നെല്ല്, കുരുമുളക്, റബർ, കാപ്പി, തേക്ക് തുടങ്ങിയ ഏകവിളകളും ഉണ്ട് 1.12 ച.കി.മി പ്രദേശം വനമാണ്.

നെല്ല്	29.01 ച.കി.മി
മിശ്ര വിളകൾ	40.08
കാപ്പി	1.01
റബർ	2.01
കൃഷിയോഗ്യമായ തരിശുഭൂമി	0.20
കമുക്	0.06
തരിശുഭൂമി	0.96
തേക്ക്	6.04
കുരുമുളക്	0.22
വനം	1.12

ജനപ്രകൃതി

1991ലെ സെൻസസ് കണക്കുപ്രകാരം മൊത്തം ജനസംഖ്യ 36544ആണ് ഇതിൽ 18805 പുരുഷന്മാരും 17739 സ്ത്രീകളുമാണ്. മൊത്തം ജനസംഖ്യയിൽ 3556 പുരുഷന്മാരും 3220 സ്ത്രീകളും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്നു. (18%). പട്ടികജാതിക്കാരാകെ 895ആണ്. ഇവരിൽ 460 പുരുഷന്മാരും 435 സ്ത്രീകളും ഉൾപ്പെടുന്നു (2.5%)

താമസയോഗ്യമായ വീടുകളുടെ എണ്ണം = 7553

കുടുംബങ്ങളുടെ എണ്ണം = 7696

ശരാശരി വീടൊന്നിന് അംഗസംഖ്യ 4.83 ആണ്. ച.കി.മിന് 441ആണ് ജനസാന്ദ്രത. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 4924 ആണ്. ആകെ ജനങ്ങളിൽ 26 825 പേർ സാക്ഷരരാണ്. സ്ത്രീസാക്ഷരത താരതമ്യേന കുറവാണ്. ജനസംഖ്യയിൽ 1233 പുരുഷന്മാരും 112 സ്ത്രീകളും കൃഷിക്കാരായുണ്ട്. 2191 പുരുഷന്മാരും 1240 സ്ത്രീകളും കർഷകത്തൊഴിലാളികളാണ്. ❖

5

സാമൂഹിക സാമ്പത്തിക മേഖലകൾ

5.1

കൃഷിയും ജലസേചനവും

കാർഷിക വിളകളുടെ നാടാണ് പുതാടി ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും മധ്യതിരുവിതാംകൂറിൽ നിന്നു കുറഞ്ഞതോതിൽ വടക്കൻ മേഖലയിൽ നിന്നും കുടിയേറിയതാണ്. കുന്നുകളും, താഴ്വരകളും, വയലേലകളും, വനങ്ങളും ചേർന്ന ഇവിടുത്തെ ഭൂപ്രകൃതി ദൃശ്യസുന്ദരമാണ്.

പ്രധാന വിളകൾ നെല്ല്, കുരുമുളക്, കാപ്പി, റബർ, കമുക്, എന്നിവയാണ് മരച്ചീനി ആദ്യകാലങ്ങളിൽ (കുടിയേറ്റകാലം) വ്യാപകമായി കൃഷിചെയ്യുകയും മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്തിരുന്നു. ഇപ്പോൾ സംസ്ഥാനത്തെ മറ്റു ജില്ലകളിൽ നിന്നും പഞ്ചായത്തിലേക്ക് വ്യാപകമായി ഇറക്കുമതി ചെയ്യുകയാണ് കൂടുതലായും ഇടത്തരം കൃഷിക്കാരാണ് ഉള്ളത്. സ്വകാര്യമേഖലയിൽ രണ്ട് വൻകിട കാപ്പി എസ്റ്റേറ്റും, ഒരു ഗവ.കാപ്പിത്തോട്ടവും ഉണ്ട്.

കുടിയേറ്റക്കാലത്ത് നെൽകൃഷിയോടൊപ്പം തന്നെ വ്യാപകമായരീതിയിൽ തെരുവകൃഷിയും ഉണ്ടായിരുന്നു. കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമായിരുന്നു തെരവുകൃഷി നാണ്യവിളകൃഷികളിലേക്കുള്ള കർഷകന്റെ ശ്രദ്ധ തിരിയലും വിറകിന്റെ ക്ഷാമവും കൃഷിക്കാരെ ഈ മേഖലയിൽ നിന്ന് പിന്തിരിപ്പിച്ചു. നെൽവയലുകൾ രൂപപ്പെടുത്തുന്നതിന് മുൻപുതന്നെ ആദിവാസികൾ ഉൾപ്പെടുന്ന ജനവിഭാഗം കരസ്ഥലങ്ങൾ കിളച്ചൊരുക്കി 'കറുത്തൻ' എന്നയിനം നെൽകൃഷി നടത്തിയിരുന്നു. ചാമ, മുത്താറി, എള്ള് തുടങ്ങിയ കൃഷികൾ ആദ്യകാലങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നാമമാത്രമായി മാറിയിട്ടുണ്ട്. ഇഞ്ചി, ചേന, വാഴ മരച്ചീനി മധുരക്കിഴങ്ങ് എന്നിവയോടൊപ്പം ഇടവിളയായി പച്ചക്കറികൃഷിയും നടത്തിയിരുന്നു. പയറ്, മത്തൻ, കുമ്പളൻ, വെള്ളരി, വെണ്ട, തുവര തുടങ്ങിയവയായിരുന്നു പ്രധാന പച്ചക്കൃഷി ഇനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ശാസ്ത്രീയമായ രീതിയിൽ പലമേഖലകളിലും പച്ചക്കറികൃഷി നടത്തിവരുന്നു.

നിലവിലുള്ള വിളകളുടെ വിസ്തീർണ്ണം

നമ്പർ	വിളകളുടെ പേര്	വിസ്തീർണ്ണം (ഹെക്ടർ)	
1	നെല്ല്	1450	
2	കാപ്പി	3500	
3	കുരുമുളക്	2756	
4	റബ്ബർ	650	
5	തെങ്ങ്	1120	
6	കമുങ്ങ്	320	
7	പച്ചക്കറികൾ	150	
8	വാഴ	250	

നെൽകൃഷി കുടുതലായിട്ടുണ്ടായിരുന്ന സ്ഥലത്ത് ഇന്ന് വാഴയും, കമുകും, തെങ്ങും കൃഷി ചെയ്തുവരുന്നു. ഇത് നെല്ലുല്പാദനം കുറയുന്നതിന് കാരണമായി. നെൽകൃഷി പൊതുവെ ആദായകരമല്ലാതായിത്തീർന്നതിനാലാണ് ആളുകൾ കൂടുതലായി വയലുകളിൽ മറ്റു കൃഷികളെകത ആശ്രയിക്കുവാൻ കാരണം. അതോടൊപ്പം ഭൂവിനിയോഗത്തിലെ അശാസ്ത്രീയത, കൃഷിരീതിയിലുള്ള അശാസ്ത്രീയ പ്രവണത എന്നിവമൂലം ജലസ്രോതസ്സുകൾ നശിച്ചുകൊണ്ടിരിക്കുന്നതിന് കാരണമാകുന്നു.

കൈത്തോടുകൾ, തലക്കുളങ്ങൾ, പുഴകൾ എന്നിവയിൽ തടയിണകൾ നിർമ്മിച്ച് ഒരു പരിധിവരെ കൃഷിഭൂമിയിൽ ജലലഭ്യത ഉണ്ടാക്കുന്നുണ്ട്. വനാതിർത്തി പ്രദേശങ്ങൾക്ക് സമീപമുള്ള കൃഷിയിടങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്.

നാണ്യവിളകൾ

കുരുമുളക്

നാണ്യവിളകളിൽ പ്രധാനം കുരുമുളകായിരുന്നു. പഞ്ചായത്തിലെ കൃഷിക്കാരുടെ നട്ടെല്ല് എന്ന് തന്നെ പറയാമായിരുന്ന സ്ഥിതിയിൽ, നല്ല നിലയിൽ

ഉല്പാദനം ഉണ്ടായിരുന്ന കുരുമുളക് 'ദ്രുതവാട്ട'രോഗം മൂലം പഞ്ചായത്തിലാകെതന്നെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന സ്ഥിതിയിലാണ് ഇന്നുള്ളത്., കരിമുണ്ട, പന്നിയൂർ 1 തുടങ്ങിയ പുരോഗമന ഇനങ്ങൾ പെട്ടെന്നുതന്നെ രോഗംവന്ന് നശിക്കുന്നതായി കാണുന്നു. താരതമ്യേന നാടൻ ഇനങ്ങൾക്ക് (കല്ലുവള്ളി, അപ്പൂപ്പൻ മുണ്ടി, കുംഭക്കൊടി) രോഗപ്രതിരോധ ശേഷി ഉള്ളതായി കാണാം. ഏകവിളയായി കുരുമുളക് കൃഷി ചെയ്തതിനാൽ ഒറ്റയടിക്കുതന്നെ രോഗംവന്ന് നശിക്കുന്നു. ഏറ്റവും ഗുണമേന്മയുള്ള കുരുമുളക് പൂതാടി പഞ്ചായത്തിലേതാണെന്ന് വ്യാപാര സമൂഹം പറയാറുണ്ട്. അന്താരാഷ്ട്ര വിപണിയായ കൊച്ചിയിൽ ഈ പഞ്ചായത്തിലെ കുരുമുളക് എന്നും ശ്രദ്ധ പിടിച്ചുപറ്റാറുണ്ട്. ഉത്തരേന്ത്യൻ ഡിമാന്റുള്ള വെള്ളക്കുരുമുളക് ഉത്പാദനവും ഇവിടെ ചെറിയതോതിൽ നടക്കുന്നുണ്ട്.

കാപ്പി

പഞ്ചായത്തിലെ പ്രധാന നാണ്യവിളകളിൽ ഒന്നായിരുന്നു കാപ്പി. കാപ്പിയുടെ ഉത്പാദന ചെലവും കർഷകന്റെ വരുമാനവും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ മേഖലയിലെ കൃഷിക്കാരുടെ താത്പര്യം ഗണ്യമായി കുറഞ്ഞു. ദശാബ്ദങ്ങളോളം കാപ്പിയുടെ വിപണനം പൂർണ്ണമായും കോഫീ ബോർഡിന്റെ നിയന്ത്രണത്തിലായിരുന്നതിനാൽ കർഷകന് യഥാർത്ഥ വിലലഭ്യമായിരുന്നില്ല. വിപണനത്തിൽ TP-3 പോലുള്ള സാങ്കേതിക തടസ്സങ്ങളും കർശ്ശന നിയമങ്ങളും സർക്കാരിന്റെ ഭാഗത്തു നിലനിന്നിരുന്നതിനാൽ കാപ്പി കൃഷിക്കാർ മറ്റു കൃഷികളിലേക്ക് മാറാൻ നിർബന്ധിതരായി. കുരുമുളക് കൃഷിയുടെ വ്യാപകമായ നാശവും, സ്വതന്ത്രവിപണി അനുവദിച്ചാലുണ്ടായ വമ്പിച്ച വിലയും കർഷകരെ വീണ്ടും വ്യാപകമായി കാപ്പികൃഷിയിലേക്ക് തിരിച്ചുകൊണ്ടുവന്നു. റോബസ്റ്റ, CxR,.BR കാവേരി തുടങ്ങിയ നൂതന ഇനങ്ങൾ ഇപ്പോൾ പുതുതായി കൃഷി ചെയ്തുവരുന്നു. കായ്തുരപ്പൻ (Borrey berreal) എന്ന രോഗവും കണ്ടുവരുന്നു.

റബ്ബർ

കുരുമുളക് നശിച്ചതിനാൽ കൂടുതലായി റബ്ബർ കൃഷി ചെയ്തുവരുന്നുണ്ട്. മുൻകാലത്ത് ഉൽപ്പാദനശേഷി കുറഞ്ഞതും, രോഗപ്രതിരോധശേഷി ഉണ്ടായിരുന്നതുമായ നാടൻ ഇനങ്ങൾ (ക്ലോണൽ) കൃഷി ചെയ്തിരുന്നു. കുരുമുളകിന്റെ വിലവർദ്ധനവ്, റബ്ബർ മരത്തിന്റെ ശിഖരങ്ങൾ വെട്ടിമാറ്റി കുരുമുളക്വള്ളി കൃഷിചെയ്യുവാൻ കർഷകനെ നിർബന്ധിതനാക്കി. കുരുമുളകിന്റെ രോഗത്തെ തുടർന്ന് വീണ്ടും അത്യുല്പാദനശേഷിയുള്ള ബഡ് മരങ്ങൾ വ്യാപകമായി പുനർകൃഷി ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ ഏറ്റവും അനുകൂല കാലാവസ്ഥയും, ഉല്പാദനക്ഷമതയുമുള്ള മണ്ണും ഈ പഞ്ചായത്തിലാണ് ഉള്ളത്. വയനാടിന്റെ പ്രത്യേക കാലാവസ്ഥയിൽ ടാപ്പിങ് ദിനങ്ങൾ കുറയുന്നതിനോടൊപ്പം അതിശക്തമായ കാറ്റ് പ്രതിരോധിക്കുന്നതിനുള്ള കഴിവ് പുരോഗമന ഇനങ്ങൾക്ക് കുറവായതിനാലും രോഗസാധ്യത കൂടുതൽ ഉള്ളതുകൊണ്ടും റബ്ബർ കർഷകർ പൂർണ്ണമനസ്സോടെയല്ല കൃഷിയിലേർപ്പെടുന്നത്.

തെങ്ങ്

ഇടവിളയായിട്ടാണ് തെങ്ങ് കൂടുതലായും കൃഷി ചെയ്തുവരുന്നത്. കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് വിളവെടുപ്പിന് ഇവിടെ കാലദൈർഘ്യം കൂടുതലാണ്. നാളികേരത്തിൽ വെളിച്ചെണ്ണയുടെ ശതമാനവും താരതമ്യേന കുറവാണ്. ജലസേചന സൗകര്യത്തിന്റെ അഭാവം ഉൽപ്പാദനക്ഷമതയെ ബാധിക്കുന്നു.

കമുക്

കമുക് ഇടവിളയായിട്ടാണ് കൃഷിചെയ്തുവന്നിരുന്നത്. വ്യാപകമായി ഇപ്പോൾ വയലുകളിൽ ഏകവിളയായി ചെയ്യുന്നുണ്ട്. ഈ പ്രദേശത്തെ അടയ്ക്ക 90% കളിയടക്കയുടെ ഉപയോഗത്തിനായി വെട്ടാനാണ് വിനിയോഗിക്കുന്നത്. നാടൻ ഇനങ്ങളാണ് കൂടുതലായി കൃഷി ചെയ്തുവരുന്നത്. അത്യുൽപ്പാദനശേഷിയുള്ള മംഗള, കാസർഗോഡൻ, സുമംഗള, മുതലായ ഇനങ്ങൾ പുതുക്കൃഷി ചെയ്തുവരുന്നു. ഏകവിളയായി കൃഷിചെയ്യുന്ന സ്ഥലത്ത് മഞ്ഞളിപ്പ് രോഗവും, മഹാളിയും കൂടുതലായി കണ്ടുവരുന്നു.

പുഷ്പകൃഷി

കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ്, കട്ട്ഫ്ളവർ, എന്നിവ കൃഷി ചെയ്യുന്നതിന് വൻ സാധ്യതകൾ ഉണ്ട്.

മൾബറി

മൾബറികൃഷിക്കും, പട്ടുനൂൽപ്പുഴു വളർത്തലിനും ഇവിടെ കൂടുതൽ സാധ്യതകൾ ഉണ്ട്. ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യാനുള്ള പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിനും സംസ്കരണം നടത്തുന്നതിനുമുള്ള പരിജ്ഞാനക്കുറവ് ഈ കൃഷിയെ തളർത്തുന്നതിന് ഇടയാക്കി.

പഴവർഗ്ഗകൃഷി

ചക്ക, കൈതച്ചക്ക, വാഴപ്പഴം, മാമ്പഴം എന്നിവയാണ് ഇവിടത്തെ പ്രധാനപ്പെട്ട പഴവർഗ്ഗങ്ങൾ. ഇതിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വാഴപ്പഴമാണ്.

ഭക്ഷ്യവിളകൾ

നെല്ല്

1450 ഹെക്ടർ സ്ഥലത്ത് നഞ്ചയും 420 ഹെക്ടർ പുഞ്ചയും കൃഷിചെയ്തുവരുന്നു. നാടൻ ഇനങ്ങളായ തൊണ്ടി, വെളിയൻ, ചെന്നെല്ല് പുതിയ ഇനങ്ങളായ എച്ച്-4,ഇടവക, ജയ, ഐ.ആർ.8, ജ്യോതി, ഭാരതി, ആതിര, ത്രിവേണി തുടങ്ങിയവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്. ശരാശരി ഉല്പാദനം (ഹെക്ടർ) ശരാശരി നഞ്ചക്ക് 3000 കിലോയും പുഞ്ചക്ക് 5000 കിലോയും ആണ്. തികച്ചും അശാസ്ത്രീയമായ കൃഷിരീതികളും മഴയെ മാത്രം ആശ്രയിച്ചിട്ടുള്ള കൃഷിപ്പണികളുമാണ് നെല്ല് ഉല്പാദനം കുറയുവാനുള്ള പ്രധാനകാരണം. വാഴ, കമുങ്ങ്, തെങ്ങ്, ഇഞ്ചി തുടങ്ങിയ കൃഷികളുടെ കടന്നുകയറ്റം നെല്ലുല്പാദനം കുറയുവാൻ ഇടയാക്കി. നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനാലും വ്യാപകമായ രീതിയിൽ ഇഷ്ടിക നിർമ്മാണത്തിന് നെൽപ്പാടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാലും നെല്ലുല്പാദനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു.

കിഴങ്ങുവർഗ്ഗങ്ങൾ

മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നിവയാണ് പ്രധാനമായും കൃഷിചെയ്യുന്ന കിഴങ്ങുവർഗ്ഗങ്ങൾ, വന്യമൃഗങ്ങളുടെയും, എലിയുടെയും ശല്യവും സ്ഥിരവരുമാനം ലഭിക്കുന്ന മറ്റു നാണ്യവിളകളുടെ കടന്നു കയറ്റവും ഉല്പാദന ചിലവിനനുസരിച്ചുള്ള വരുമാനം ലഭിക്കാത്തതും ഈ കൃഷിയെ തളർത്തി.

സുഗന്ധ വിളകൾ

ഏലം, ഗ്രാമ്പു, കറുവപട്ട, ജാതി, സർവ്വസുഗന്ധി, മഞ്ഞൾ, കച്ചോലം, എന്നിവ നാമമാത്രമായും കുരുമുളക്, ഇഞ്ചി, എന്നിവ വ്യാപകമായ രീതിയിലും ഇവിടെ കൃഷി ചെയ്യുന്നു.

ഔഷധ ഉദ്യാനകൃഷി

വിപണന ഉദ്ദേശത്തോടെയുള്ള ഔഷധസസ്യങ്ങളുടെ കൃഷി ഇവിടെ ഇല്ല എന്നാൽ, അമൽപ്പൊരി, കുവളം, കൊടുവേലി, ശംഖുപുഷ്പം, ചെത്തി, വയമ്പ്, രാമച്ചം, ബ്രഹ്മി, ആടലോടകം, നന്ത്യാർവട്ടം എന്നീ യിനത്തിൽപ്പെട്ട ഔഷധച്ചെടികൾ പാഴ്ഭൂമിയിലും വനങ്ങളിലും ധാരാളമായി കണ്ടുവരുന്നു.

വളം

സഹകരണമേഖലയിൽ മുന്നും സ്വകാര്യ മേഖലയിൽ നാലും രാസവള വിൽപ്പന കേന്ദ്രങ്ങളാണ് ഇവിടെയുള്ളത്. ഭൂരിഭാഗം കൃഷിക്കാരും വളപ്രയോഗത്തിന് രാസവളങ്ങൾ ഉപയോഗിക്കുന്നു. ചാണകം, പച്ചിലവളം, കാപ്പിത്തൊണ്ട്, വേപ്പിൻ പിണ്ണാക്ക്, തുടങ്ങിയ ജൈവവളങ്ങൾ കുറഞ്ഞതോതിൽ കൃഷിഭൂമിയിൽ ഉപയോഗിച്ചുവരുന്നു. മുൻകാലങ്ങളിൽ ഏറ്റവും കൂടുതൽ കൃഷിക്ക് ജൈവവളമായിരുന്നു ഉപയോഗിച്ചിരുന്നത്. ലഭ്യതയില്ലായ്മയും, അമിതമായ വിലക്കയറ്റവും കൃഷിക്കാരെ ജൈവവള പ്രയോഗത്തിൽ നിന്ന് പിന്തിരിപ്പിച്ചു. രാസവളപ്രയോഗത്തിലുള്ള സൗകര്യവും പെട്ടെന്നുള്ള ആധായവർദ്ധനയും കർഷകരുടെ ശ്രദ്ധ ഈ മേഖലയിലേക്ക് തിരിച്ചു. എന്നാൽ ഇന്നും ശാസ്ത്രീയമായ രീതിയിലോ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല വളപ്രയോഗം നടന്നുവരുന്നത്. കർഷകരുടെ അജ്ഞതമൂലം മണ്ണിന്റെ ഘടനയെ താളംതെറ്റിക്കുന്നരീതിയിൽ അമിതമായ തോതിൽ രാസവളപ്രയോഗങ്ങൾ പലമേഖലകളിലും നടന്നുവരുന്നു.

കീടനാശിനി, കുമിൾനാശിനികൾ

നെല്ല്, വാഴ, പച്ചക്കറികൾ എന്നിവക്കാണ് കീടനാശിനികൾ കൂടുതലായി ഉപയോഗിച്ചുവരുന്നത്. ഇഞ്ചി, കമുങ്ങ്, തെങ്ങ്, കുരുമുളക് എന്നീ വിളകൾക്ക് കുമിൾനാശിനികൾ ഉപയോഗിച്ചുവരുന്നു. കീടനാശിനി, കുമിൾനാശിനി എന്നിവയുടെ ഉപയോഗക്രമത്തിലുള്ള അജ്ഞത പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

നടപ്പുപദ്ധതി അവലോകനം

കാർഷികോപകരണങ്ങൾ

കാർഷിക മേഖലയിൽ കാര്യമായി യന്ത്രവത്ക്കരണം നടന്നിട്ടില്ല. അതിനാൽ ഉത്പാദനചിലവ് ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കൃഷിഭവൻ മുഖേന പാടശേഖരസമിതികൾക്ക് പവ്വർടില്ലർ, റോക്കർ സ്പ്രെയർ, നാപ്സ്റ്റാക്ക് സ്പ്രെയർ, തെങ്ങുകയറ്റയന്ത്രം എന്നിവയാണ് യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. സ്വകാര്യവ്യക്തികൾ ഇപ്പോഴും പരമ്പരാഗതമായ രീതിയിൽ (ഉഴവുകാളകളെ ഉപയോഗിച്ച്) കൃഷി നടത്തിവരുന്നു.

കൂലിനിരക്ക്

കാർഷിക മേഖലയിൽ ഇപ്പോൾ ഒരു ഏകീകൃത കൂലിസമ്പ്രദായമില്ല. കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും ഈ അടുത്തനാൾവരെ ധാരാളം തൊഴിലാളികൾ ഇവിടെ വന്ന് കാർഷികമേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരുന്നു. ശരാശരി ഒരു പുരുഷതൊഴിലാളിക്ക് 70 രൂപയും ഒരു സ്ത്രീതൊഴിലാളിക്ക് 50രൂപയും കൂലിനിരക്ക് നിലവിലുണ്ട്.

കാർഷികവായ്പ്

പൂതാടി സർവ്വീസ് സഹകരണബേങ്കിന്റെ കേണിച്ചിറ, ഇരുളം, പാപ്ലശ്ശേരി, സൗത്ത് മലബാർ ഗ്രാമീണ ബേങ്കിന്റെ കേണി ച്ചിറ, ഇരുളം, നടവയൽ വാകേരി ശാഖകളുടെ പൂർണ്ണമായ സേവനവും കൂടാതെ കാനറാബാങ്ക് ബത്തേരി, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബത്തേരി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൈനാട്ടി, കാർഷിക വികസന ബാങ്ക് പനമരം എന്നിവയുടെ ഭാഗിക സേവനവും ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ലഭിക്കുന്നുണ്ട്. കൃഷിക്കുവേണ്ടി എടുക്കുന്ന വായ്പകൾ പൂർണ്ണമായും ആ മേഖലയിൽ ഉപയോഗപ്പെടുത്താത്തിനാൽ കാർഷികമേഖലയിൽ ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല പൂതാടി സർവ്വീസ് സഹകരണ ബേങ്ക് ആൾജാമ്യത്തിൽ 10000 രൂപയും വസ്തുവിന്റെ ഈടിൽ മേൽ 35000 രൂപയും കാർഷിക വായ്പ നല്കിവരുന്നു.

ജലസേചനം

വൻകിട ജലസേചനപദ്ധതികൾ ഇവിടെ നിലവിലില്ല. അതിനുള്ള സാധ്യതയും ഇല്ല. പ്രധാനമായും മഴയെ ആശ്രയിച്ചും ചെറുകിട പദ്ധതികളെ ആശ്രയിച്ചുമാണ് കൃഷി നടത്തുന്നത്. വീട്ടിപ്പുര, എരുമത്താരി, മടത്തുംമ്പടി, നെല്ലിക്കര, തൂത്തിലേരി, അതിരാറ്റുകുന്ന്, അണ്ണാവയൽ (എയും ബിയും) എന്നീ വി.സി.ബികൾ ഉണ്ടെങ്കിലും അവ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. അരിമുള പൊന്നങ്കരപ്പുഴയും, നരസ്സിപുഴയുമാണ് ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന ഏറ്റവും നീരൊഴുക്കുള്ള പുഴകൾ. ധാരാളം കൈതോടുകളും തലകുളങ്ങളും ജലസേചനത്തിന് ഉപയോഗപ്പെടുത്തുന്നു. പേരൂർ, വട്ടവാടി, ഓർക്കടവ്, അരിമുള, കക്കടം തുടങ്ങിയ ചെക്ക് ഡാമുകളും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നു.

മണ്ണ് ജലസംരക്ഷണം

ചെറിയ കുന്നിൻ പ്രദേശങ്ങളും, ചെരിവ് പ്രദേശങ്ങളും സമതലപ്രദേശങ്ങളും അടങ്ങുന്നതാണ് ഇവിടുത്തെ ഭൂപ്രകൃതി അതിനാൽ ഇവിടെ മണ്ണൊലിപ്പിന് കൂടുതൽ സാധ്യതയുണ്ട്. മണ്ണു കയ്യാലകളും, കല്ലുകയ്യാലകളും ഉപയോഗിച്ച് മണ്ണുജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തിപ്പോരുന്നു. കാപ്പിത്തോട്ടങ്ങളിൽ നീർച്ചാൽ എടുത്തും റബർ തോട്ടങ്ങളിൽ പ്ലാറ്റ്ഫോറം എടുത്തും മണ്ണും ജലവും സംരക്ഷിച്ചുപോരുന്നു. തോടുവക്കത്തും പുഴയോരങ്ങളിലും കൈത, ഈറ്റ, മുള, മാനിപ്പുല്ല് എന്നിവ നട്ടുപിടിപ്പിച്ച് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടന്നിരുന്നു. കൃഷിയിടങ്ങളിൽ കൂടെക്കൂടെയുള്ള മണ്ണിളക്കൽ പ്രവർത്തനവും അതിവർഷവും മണ്ണൊലിപ്പിന് കാരണമാകുന്നു. പ്രകൃതിദത്ത വനപ്രദേശങ്ങളിൽ പൊതുവെ മണ്ണൊലിപ്പ് കുറവാണ്.

വേനൽ മഴ, കാലവർഷം, തുലാവർഷം എന്നിങ്ങനെ സാമാന്യം നല്ലരീതിയിൽ ഇവിടെ മഴ ലഭിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലഭിച്ച മഴയുടെ തോത് താഴെ പട്ടികയിൽ ചേർക്കുന്നു.

നഴ്സറികൾ

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു മൂന്നു നേഴ്സറികൾ പുതിയയിനം നടീൽ വസ്തുക്കൾ

മഴയുടെ അളവ് (മി.മി)

വർഷം	ജനു	ഫിബ്രു	മാർച്ച്	ഏപ്രി	മെയ്	ജൂൺ	ജൂലൈ	ആഗ	സെപ്തം	ഒക്ടോ	നവം	ഡിസം
1992	ഇല്ല	ഇല്ല	ഇല്ല	177	417	1661	1663	936	406	545	499	ഇല്ല
1993	ഇല്ല	49	105	490	306	423	1301	889	179	535	74	ഇല്ല
1994	69	104	102	364	186	1592	2195	620	534	621	30	ഇല്ല
1995	14	6	2	496	416	608	1454	816	375	329	191	ഇല്ല
1996	ഇല്ല	32	56	818	120	1010	1788	387	527	452	36	

141196 വരെ

പ്രചരിപ്പിക്കുന്നതിന് ഒരുപരിധിവരെ സഹായകരമായിട്ടുണ്ട്. മറ്റു ജില്ലകളിലുള്ള നേഴ്സറികൾ ഉദ്പ്പാദിപ്പിക്കുന്ന തൈകൾ ഇവിടെ കൃഷിചെയ്യുന്നു.

കൃഷിഭവൻ

ഒരു ഓഫീസറും, മൂന്ന് അസിസ്റ്റന്റുമാരുമാണ് കൃഷിഭവനിലുള്ളത്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 83 ചതുരശ്ര കിലോമീറ്ററാണ്. തികച്ചും അപര്യാപ്തമായ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

കൃഷിഭവൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഉദ്പാദന ബോണസ്, മരുന്ന്തളി, കുമ്മായപ്രയോഗം, കളനാശിനി എന്നിവയ്ക്ക് സഹായധനം നല്കിവരുന്നു. നെൽകൃഷി ജദലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും, സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും കുരുമുളക് കൃഷിക്കും, സഹായധനം നല്കിവരുന്നു. പച്ചക്കറി, പയർ, എള്ള്, എന്നിവയ്ക്ക് നാമമാത്രമായ തോതിൽ സഹായധനം നല്കിവരുന്നു.

സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു കേരസമിതിയും 21 നെല്ല് ഉല്പാദകസമിതികളും 13 കുരുമുളക് സംരക്ഷണ സമിതികളും ഇപ്പോൾ നിലവിലുണ്ട്. മാസത്തിൽ ഒരിക്കൽ ഈ സമിതി ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ നടത്തിവരുന്നുണ്ട്. ഈ യോഗങ്ങളിൽ കൃഷിഭവൻ മുഖേന നടപ്പാക്കുന്ന പദ്ധതി അവലോകനം നടത്തിവരുന്നു. എന്നാൽ എല്ലാ സമിതികളും വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല. നെൽകൃഷിക്ക് ഉല്പാദന ബോണസ് (ഹെക്ടറിന് 250രൂ) മുണ്ടകൻ പുഞ്ചകൃഷിക്ക് കൊടുത്തുവരുന്നു. എന്നാൽ ഈ ബോണസ് കൃഷ്യമായ സമയങ്ങളിൽ വിതരണം ചെയ്യാൻ കഴിയുന്നില്ല കുമ്മായം 150 ഹെക്ടറിനും, കീടനാശിനി 40 ഹെക്ടറിനും, കളനാശിനി 14 ഹെക്ടറിനും സഹായവിലക്ക് വിതരണം ചെയ്തുവരുന്നു.

ഗ്രൂപ്പ് ഫാമിംഗ്

കുടിയേറ്റ കാലങ്ങളിൽ മരച്ചീനി, നെല്ല് എന്നീ കൃഷികൾക്ക് കൂട്ടുകൃഷി സംവിധാനം ഉണ്ടായിരുന്നു. ഇന്ന് നാമമാത്രമായി മാത്രമേ ഈ സംവിധാനം ഉള്ളൂ. ഇതിനെക്കുറിച്ച് ബോധമില്ലായ്മ കാരണം കൃഷിക്കാർക്ക് ഈ സംവിധാനത്തോട് വലിയ ആഭിമുഖ്യമില്ല.

പ്രശ്നങ്ങൾ

ജലസേചനത്തിന്റെ അപര്യാപ്തതയാണ് നെൽകൃഷിയെ പ്രധാനമായും അലട്ടുന്ന പ്രശ്നം. നീരൊഴുക്കുകളും ജലസ്രോതസ്സുകളും ചെക്കുഡാമുകളും വി.സി.ബികളും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഓലകരിച്ചിൽ രോഗം, മഞ്ഞളിപ്പ് രോഗം, തണ്ടുതുരപ്പൻ, ഓലമുറിക്കൽ പുഴുവിന്റെ ഉപദ്രവം തുടങ്ങിയവയാണ് നെൽകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഫലപ്രദമായ രീതിയിൽ രോഗപ്രതിരോധ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ നെല്ല് ഉദ്പാദനം ഗണ്യമായി കുറയുന്നു. രാസവളത്തിന്റെ അമിതമായ ഉപോയഗം മണ്ണിന്റെ ഘടനയെ താളംതെറ്റിച്ചു. അതിനാൽ എല്ലാ കൃഷികളുടെയും ഉത്പാദനക്ഷമത കുറഞ്ഞു വരുന്നതായി കാണാം.

ഉത്പാദന ചിലവിൽ വന്ന വർദ്ധനവ് കർഷക തൊഴിലാളികളുടെ എണ്ണക്കുറവ്, കൂലി വർദ്ധനവ്, ഉദ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് നെൽപാടങ്ങളിൽ മറ്റു കൃഷികളുടെ കടന്നുകയറ്റം തുടങ്ങിയവയൊക്കെ നെൽകൃഷി ഉത്പാദനം കുറക്കുന്നതിന് കാരണമായി.

മുഖ്യകൃഷിയായിരുന്ന കുരുമുളക് ദ്രുതവാട്ടവും മറ്റു രോഗങ്ങളും പിടിപെട്ട് ഭൂരിഭാഗവും നശിച്ചുപോയിരിക്കുന്നു. അത്യുത്പാദനശേഷിയുള്ള കുരുമുളക് ഇനങ്ങൾക്കാണ് ഈ രോഗം പെട്ടെന്ന് പിടിപെടുന്നതായി കാണുന്നത്.

എൺപതുകളുടെ അവസാനത്തിൽ കാപ്പിവേരോടെ പിഴുതുമാറ്റി ആദായകരമായ കുരുമുളക് തേയില റബർ എന്നീ വിളകൾ കൃഷി ചെയ്തുവന്നു. അതുവരെ കോഫിബോർഡ് പ്രാഥമിക വിലയും ബോണസും ചേർത്ത് ഒരു കിലോഗ്രാമിന് ഏകദേശം 20 രൂപയാണ് കർഷകർക്ക് നല്കിയിരുന്നത്. ഉദ്പാദന ചിലവുമായി ഒത്തുനോക്കുമ്പോൾ ഈ വില ആദായകരമായിരുന്നില്ല. ഇതിന്റെ ഫലമായി കർഷകർക്ക് ഇതൊരു ബാധ്യതയായി തോന്നുകയും അവരിൽ അൻപത് ശതമാനം പേരെങ്കിലും കാപ്പിച്ചെടികൾ നശിപ്പിക്കുകയും ചെയ്തു. ബാക്കിയുള്ളവരാകട്ടെ കാപ്പിത്തോട്ടങ്ങളിൽ കാലാകാലങ്ങളിൽ ചെയ്യേണ്ട വളപ്രയോഗം കൃഷിമുറകൾ എന്നിവ ഉപേക്ഷിക്കുകയും അതുകാരണം ഉത്പാദനം കുറയുകയും ചെയ്തു.

കൂടുതൽ വികസന സാധ്യതയുള്ള റബർകൃ

ഷിക്ക് തണുപ്പ് , മഞ്ഞ്, മഴ എന്നിവ കൂടുതൽ ആയതിനാൽ പട്ടമരവിപ്പ്, പൊടിക്കുമിൾ കാറ്റിന്റെ ഉപദ്രവം എന്നിവ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഉദ്പാദനശ്രക്ഷമത കുറയുന്നു. നല്ല പരിശീലനം സിദ്ധിച്ച ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം ഉദ്പാദനവും റബർ മരങ്ങളുടെ ആയുർദൈർഘ്യവും കുറയ്ക്കുന്നതിനും കാരണമാകുന്നുണ്ട്.

തെങ്ങിന്റെ കൂമ്പുചീയൽ, വെള്ളക്കാ കൊഴിച്ചിൽ, ഓലമഞ്ഞളിപ്പ്, തുടങ്ങിയ രോഗങ്ങളും ഗുണമേന്മയില്ലാത്ത വിത്തിനങ്ങളും നാളികേരത്തിന്റെ ഉദ്പാദനം കുറയുവാൻ ഇടയാക്കി. മറ്റു കൃഷികളെ അപേക്ഷിച്ച്ച തെങ്ങ് കൃഷിയിൽ നിന്നുള്ള ആദായം കുറവായതിനാലും ദീർഘകാലവിളയായതിനാലും കർഷകൻ വേണ്ട പരിചരണം നല്കുന്നില്ല.

കമുങ്ങ് കൃഷിക്ക് മഹാളി, ഓലമഞ്ഞളിപ്പ് എന്നിവമൂലം അടക്കയുടെ ഉത്പാദനം കുറയുവാൻ കാരണമാകുന്നു.

വനത്തോട് ചേർന്നുകിടക്കുന്ന മേഖലയിലുള്ള കർഷകരെ അലട്ടുന്ന മുഖ്യപ്രശ്നമാണ് വന്യമൃഗങ്ങളുടെ ശല്യം. കിഴങ്ങു വർഗ്ഗവിളകളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനിൽക്കുന്നു. ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങൾ ഒഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗപ്രദേശത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

കോളേരി യു.പി.സ്കൂളിന് സമീപം റോഡിൽ നിന്നും ശക്തിയായി ഒഴുകിവരുന്ന വെള്ളം ചിരട്ടയമ്പം കിഴക്കുഭാഗം വയൽ കൃഷിക്ക് ഭീഷണിയാണ്.

പ്രധാന കിഴങ്ങ് വിളയായ മരച്ചീനി ഇന്ന് അപൂർവ്വമായേ കൃഷി ചെയ്യുന്നുള്ളൂ അതിനുള്ള കാരണം കൃഷിഭൂമികളിൽ കൂടുതലായും നാണ്യവിളകൾക്ക് പ്രാധാന്യം കൊടുക്കുന്നു എന്നതാണ്. വന്യമൃഗങ്ങൾ, എലി, എന്നിവയുടെ ശല്യവും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ജീവിതനിലവാരത്തിലും ഭക്ഷണ ക്രമത്തിലുമുള്ള മാറ്റം ഈ കൃഷിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

മഞ്ഞൾ കൃഷി ഇന്ന് ഏതാണ്ട് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ് അതിനുള്ള കാരണം ഇതിന് വിപണിയില്ല എന്നതുതന്നെ ഉത്പാദനചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ കൃഷി വൻനഷ്ടമാണ്. അത്യുത്പാദനശേഷിയുള്ള മഞ്ഞൾ വിത്തിന്റെ ലഭ്യതകുറവും ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവവും ഈ കൃഷിയെ നേരിടുന്ന പ്രശ്നങ്ങളാണ്.

ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും പ്രതിസന്ധിയെ നേരിടുന്നു. വിലക്കുറവ്, സ്ഥലത്തിന്റെ അപര്യാപ്തത, വിപണിയുടെ അഭാവം, ഉത്പാദനക്ഷമതയുടെ കുറവ് തുടങ്ങിയവയാണ് ഈ കൃഷി നേരിടുന്ന പ്രധാന പ്രശ്നം.

ഇഞ്ചിയിൽ പ്രധാനമായും കൃഷിചെയ്യപ്പെട്ടിരുന്ന ഇനങ്ങൾ റിയോഡി, മാരൻ, ഹിമാചൽ, നാടൻ എന്നിവയാണ്. ഇപ്പോൾ വ്യാപകമായ രീതിയിൽ ഇവിടെ ഇഞ്ചി കൃഷിയില്ല, ഇഞ്ചികൃഷിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഇഞ്ചികൃഷിയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണം കൃഷി നേരിടുന്ന മാഹാളി, മൂട് ചീച്ചിൽ തുടങ്ങിയ രോഗങ്ങളാണ് ഇതിനെതിരെ ഫലപ്രഥമായ രോഗനിവാരണ മാർഗ്ഗങ്ങൾ ഇന്ന് ഇല്ല. ഇഞ്ചിക്ക് ന്യായമായ വില ലഭിക്കാത്തതും, പൊതുമേഖലയിലെ സംഭരണ വിപണന സൗകര്യമില്ലായ്മയും സ്ഥലത്തിന്റെ അപര്യാപ്തതയും ഇഞ്ചി കൃഷിവികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

നേന്ത്ര, പൂവൻ, ഞാലിപ്പൂവൻ, മണ്ണൻ, കദളി, റോബസ്റ്റ, മൈസൂർ പൂവൻ, പച്ചചിങ്ങൻ എന്നിയനം വാഴകൾ ധാരാളമായി കൃഷിചെയ്യുന്നു. ഇതിൽ വ്യാപകമായി കൃഷിചെയ്യുന്നത് നേന്ത്രവാഴയാണ്. പ്രകൃതിക്ഷോഭം, കീടബാധ, കുമിൾ രോഗങ്ങൾ എന്നിവയാണ് ഈ കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ചക്ക, മാമ്പഴം, കൈതച്ചക്ക, മുതലായവ വളരെ വിരളമായെ ഉത്പാദിപ്പിക്കുന്നുള്ളൂ. ഉത്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള വിപണിയില്ലായ്മ, മഴക്കാലത്തെ വിളവെടുപ്പ് എന്നിവ ഈ കൃഷികളോട് കൃഷിക്കാരന്റെ താത്പര്യം കുറക്കുന്നു.

നിർദ്ദേശങ്ങൾ സാധ്യതകൾ

1. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുകയും ശാസ്ത്രീയകൃഷിരീതികൾ അവലംബിക്കുകയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്താൽ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാം. ഇത് കൃഷിഭവൻ മുമ്പേ ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

2. സൗജന്യ നിരക്കിൽ രാസവളം, കീടനാശിനി,

കുമ്മായം, എന്നിവ സമായാസമയങ്ങളിൽ ലഭ്യമാക്കണം. കാർഷികോപകരണങ്ങൾ (മൺവെട്ടി, അരിവാൾ, കലപ്പ, ടാക്ടർ, ടില്ലർ, സ്പ്രെയർ, കൊയ്ത്തെന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം, പമ്പുസെറ്റ്) എന്നിവ പകുതി വിലക്ക് (മാർക്കറ്റ് വില) ലഭ്യമാക്കണം.

3. കുരുമുളക്, കാപ്പികൃഷി എന്നിവയുടെ ശാസ്ത്രീയരീതിയിലുള്ള പരിചരണത്തിനായി രാസവളങ്ങൾ കീടനാശിനി, കുമിൾ നാശിനി, കുമ്മായം എന്നിവ പകുതി വിലക്ക് എല്ലാതരം കർഷകർക്കും ലഭ്യമാക്കുക.

4. കാപ്പികൃഷിക്ക് സ്പ്രിംഗ്ളർ ജലസേചനത്തിനുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

5. മേൽത്തരം നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാകത്തക്കവിധം നഴ്സറികൾ, എല്ലാ വാർഡിലും സ്ഥാപിക്കുക.

6. വിളകൾക്ക് മെച്ചമായ വില കിട്ടത്തക്കരീതിയിൽ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ സംഭരണ ഡിപ്പോ സ്ഥാപിക്കുക. ഉൽപ്പനങ്ങളുടെ ഈടിൽമേൽ കർഷകന് ലോണുകൾ നല്കുക.

7. തെങ്ങിന്റെ കൂമ്പുചീയൽ കമുങ്ങിന്റെ മാഹാളി എന്നിവയ്ക്ക് മരുന്നു തളിക്കുന്നതിനുള്ള സഹായധനം വർദ്ധിപ്പിക്കണം.

8. രോഗം മൂലം നശിച്ച തെങ്ങ്, കമുങ്ങ്, എന്നിവ വെട്ടി മാറ്റി പകരം നടുന്നതിനാവശ്യമായ സഹായധനം അനുവദിക്കണം.

9. റബർ കൃഷിയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നതിനാൽ ാഅതിനുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. മരുന്നു തളിക്കുന്നതിനും സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനും അവശ്യമായ സഹായധനം ലഭ്യമാക്കണം. മേൽത്തരം നടീൽ വസ്തുക്കൾ റബർ ബോർഡ് നേരിട്ട് ആവശ്യാനുസരണം വിതരണം ചെയ്യണം.

10. കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ്, കട്ട് ഫ്ളവർ എന്നീ കൃഷികൾക്ക് വൻസാധ്യതകൾ ഉള്ളതിനാൽ ഇതിനാവശ്യമായ സാമ്പത്തിക സഹായം, സാങ്കേതിക സഹായം, തൈകൾ വിത്തുകൾ എന്നിവ ലഭ്യമാക്കണം. ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാകും.

11. മൾബറി കൃഷി, പട്ടുനൂൽ പുഴു വളർത്തൽ എന്നീ കൃഷികൾക്ക് സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായവും ലഭിക്കുകയാണെങ്കിൽ വിപുലമാകാൻ സാധ്യതയുള്ള മേഖലയാണിത്. നിലവിലുള്ള സഹായധനത്തോത് വർദ്ധിപ്പിച്ച് കർഷകർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നല്കുക. സെറികൾച്ചറിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ ഈ പഞ്ചായത്തിൽ ഒരു ഓഫീസ് സ്ഥാപിക്കുക.

12. ഊർജ്ജം, വെളിച്ചം, വളത്തിന്റെ ഗുണമേന്മ എന്നിവക്ക് ഉതകുന്ന രീതിയിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കണം. ഇതിനുള്ള ധനസഹായം 50% ശതമാനമായി വർദ്ധിപ്പിക്കണം. ഇതുമൂലം പരിസരമലിനീകരണവും ഒഴിവാക്കാം.

13. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ യോജിപ്പിച്ചുകൊണ്ട് കേരം, നെല്ല്, കുരുമുളക് സമിതികളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ തൃപ്തികരമാക്കുക. പഞ്ചായത്ത് അംഗങ്ങൾ ചെയർമാന്മാരായി, നിലവിലുള്ള സമിതികൾ പുന;സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

14. സുഗന്ധവിള വികസനത്തിന് രോഗപ്രതിരോധശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുക. ഇവ ലഭ്യമാകത്തക്ക രീതിയിൽ കൃഷിഭവന്റെ മേൽനോട്ടത്തിൽ നഴ്സറികൾ ആരംഭിക്കുക. ഇഞ്ചി, മഞ്ഞൾ കൃഷികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

15. വർദ്ധിച്ചുവരുന്ന ആയുർവേദ ചികിത്സക്കായി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക. ഇതിനായി സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

16. രാസവളം കീടനാശിനി എന്നിവ സഹായവിലയോടുകൂടി, സമയാസമയങ്ങളിൽ കർഷകർക്ക് ലഭ്യമാകത്തക്കവിധം സംവിധാനം ഉണ്ടാക്കുക. ശാസ്ത്രീയമായ വളപ്രയോഗത്തെക്കുറിച്ച് കർഷകർക്ക് ബോധവത്ക്കരണം നടത്തുക.

17. കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ടി സംഭരണശേഷിയോടുകൂടിയ ഡിപ്പോൾ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ എല്ലാ വാർഡിലും സ്ഥാപിക്കുക. കാർഷികോത്പന്നങ്ങളുടെ ഈടിന്മേൽ വായ്പാ സൗകര്യം ഏർപ്പെടുത്തുക.

18. കാർഷികമേഖല അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമാണ് കൂലി. ഏകീകൃത കൂലി സമ്പ്രദായം ഏർപ്പെ

ടുത്തുക.

19. മണ്ണുപരിശോധന സമ്പ്രദായങ്ങൾ പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തി, കാർഷികോത്പാദനം വർദ്ധിപ്പിക്കണം. കൃഷിഭവൻ നേരിട്ട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നല്കണം അഗ്രോക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുക.

20. കുടിയേറ്റ കാലങ്ങളിൽ മരച്ചീനി, നെല്ല് എന്നീ കൃഷികൾക്ക് കൂട്ടുകൃഷി സംവിധാനം ഉണ്ടായിരുന്നു. ഇന്ന് നാമമാത്രമായേ ഈ സംവിധാനം ഉള്ളു. ഇതിനെക്കുറിച്ച് അറിവില്ലായ്മ കാരണം കൃഷിക്കാർക്ക് ഈ സംവിധാനത്തോട് വലിയ ആഭിമുഖ്യമില്ല. ഈ സമ്പ്രദായത്തെ കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും കർഷകർക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടതാണ്. ഈ സംവിധാനം നിലവിൽ വന്നാൽ വിളവുവർദ്ധിപ്പിക്കാനും, കീടബാധ, പക്ഷികളുടെ ഉപദ്രവം എന്നിവ നിയന്ത്രിക്കാനും ഉത്പാദന ചിലവ് കുറക്കാനും സാധിക്കും.

21. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും ഏർപ്പെടുത്തണം. കൂടാതെ , കാള പൂട്ട് മത്സരം, നാട്ടിമത്സരം, കൊയ്തുമത്സരം തുടങ്ങിയവ നടത്തണം.

22. വിദ്യാർത്ഥികളുടെയിടയിൽ കാർഷിക വൃത്തിയോട് താത്പര്യം വളർത്തുന്നതിനും പ്രാവീണ്യം ഉണ്ടാക്കുന്നതിനും കാർഷിക ക്ലബ്ബുകൾ സ്ഥാപിക്കുക. ഗ്രേസ്മാർക്ക് നല്കുന്ന സമ്പ്രദായം നടപ്പിലാക്കുക.

23. നമ്മുടെ പഞ്ചായത്തിൽ പച്ചക്കറികൃഷി പൊതുവെ കുറവാണ്. ഈ സ്ഥിതി മാറ്റുന്നതിനും ഇതിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുമായി ജലസേചനം വർദ്ധിപ്പിക്കുകയും വിപണനസൗകര്യമെച്ചപ്പെടുത്തുകയും ചെയ്താൽ കൂടുതൽ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യാവുന്നതാണ്. വേനൽക്കാല പച്ചക്കറി കൃഷി ചെയ്യുന്നതിന് നെൽപ്പാടങ്ങൾ ഉപയുക്തമാക്കാം. ഇതിനാവശ്യമായ വിത്തും വളവും കൃഷിഭവൻ മുഖേന വിതരണം ചെയ്യേണ്ടതാണ്.

24. കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുവേണ്ടി കിടങ്ങുകൾ, ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുക. നടവയൽ, വേലിയമ്പം, കേണിച്ചിറ, മാന്തടംകുന്ന്, ചീയമ്പം, പാമ്പ്ര, ചേലക്കൊല്ലി വട്ടത്താനി എന്നീ മേഖലകളിലാണ് വന്യമൃഗങ്ങളുടെ ശല്യം കൂടുതലായുള്ളത്. അത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

25. ഷിഭവന് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണി കഴിക്കുക.

26. വരദൂർ വി.സി.ബിയുടെ കനാൽ 400 മീറ്റർ കോൺക്രീറ്റ് (ചെമ്പകപറ്റ ഭാഗത്ത് 1000 മീറ്റർ) ചെയ്താൽ അത് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകും.

മണിവയൽ ഡാമിന്റെ കനാൽ 1000മീറ്റർ കോൺക്രീറ്റ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയാൽ അതും പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകും. ഇതിന് രണ്ടിനും കൂടി 200 ഹെക്ടർ സ്ഥലം ഇരുപ്പൂവാക്കാൻ കഴിയുന്നതാണ്.

27. നിലവിലുള്ള വി.സി.ബികൾ അറ്റകുറ്റപ്പണികൾ നടത്തിയാൽ അത് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകും. 250 ഹെക്ടർ കൂടുതലായി കൃഷി ചെയ്യാം.

28. അതിരാറ്റുകുന്ന്, ചെറുകുന്ന് എന്നീ തലക്കുളങ്ങൾ കാര്യക്ഷമമാക്കിയാൽ 25 ഹെക്ടർ പുഞ്ചകൃഷിക്ക് ഉപയുക്തമാക്കാം.

29. നെല്ലിക്കര ഗുളികൻതറ, ഇരുത്തിലോട്ട് തോട്, കള്ളിക്കൽ തോട്, ഒരു മിടാവിൽ, കൂഡല്ലൂർ, ആനിക്കാംതടം, ചോയിക്കൊല്ലി, കൊണ്ടുവൻ മാക്കൽ, മണ്ണുണ്ടി, പാലക്കുറ്റി, കക്കടം, വാലി എസ്റ്റേറ്റിന് താഴെ, വാകേരി ചേമ്പുംകൊല്ലി, മാരമല്ല, ഓർക്കടവ്, കാവടം കൊല്ലി, പഴംഞ്ചോറ്റിൽ, എന്നീ ഭാഗങ്ങളിൽ പുതുതായി വി.സി.ബി.കൾ സ്ഥാപിക്കുകയും ജലസേചനസൗകര്യമെച്ചപ്പെടുത്തുകയും ചെയ്താൽ 500 ഹെക്ടർ സ്ഥലത്ത് പുതുതായി ഒരു വിളകൂടി എടുക്കാൻ കഴിയും.

30. കോലാട്ട് കടവ്, വളാഞ്ചേരി, ഞാറ്റാട്ടി, വാളവയൽ എന്നീ സ്ഥലങ്ങളിൽ പുഴക്ക് ചെക്ഡാം നിർമ്മിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ 1780 ഹെക്ടർ സ്ഥലം പുഞ്ചകൃഷിക്ക് ഉപയ്കുതമാക്കാം.

31. പൂതാടി, ക്ഷേത്രക്കുളം, വയൽവാടികുളം, കുറ്റിക്കാംവയൽ, കോളേരി, പുഞ്ചകൃഷി, മുടക്കൊല്ലി. പുൽത്തോണി, കൂഡല്ലൂർ, കക്കടം, മഞ്ഞകണ്ടി. തേൻകുഴി, ചിറമൂല, കറുത്തൻകാല, അങ്ങാടിശ്ശേരിവയൽ എല്ലക്കൊല്ലി, എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിക്കുകയും

ചെയ്താൽ 80 ഹെക്ടർ സ്ഥലം പുഞ്ചകൃഷിക്ക് ഉപയുക്തമാക്കാം 150 ഹെക്ടർ കരകൃഷിക്ക് ഉപയുക്തമാക്കാം.

32. അണ്ണാംവയൽ, നെടുംങ്ങാട്ടു താഴെ വയൽ, വെട്ടിക്കാം മറ്റ വയൽ, വെള്ളപ്ലാക്കൽ വയൽ, മടത്തുംമ്പടി വയൽ, വാണാനറമ്പത്തുകുന്നു, തരിവാരംകുന്ന്, അഴിക്കോട്, ഇരുളം മതമംഗലം, കോട്ടക്കൊല്ലി, കല്ലോണിക്കുന്ന് എന്നിവിടങ്ങളിൽ 50 ഹെക്ടർ പുഞ്ചകൃഷിക്ക് ഉപയുക്തമാക്കുന്നതോടൊപ്പം 100 ഹെക്ടർ കരകൃഷിക്ക് ഉപയുക്തമാക്കാം.

33. ചെറുകുന്ന് പാടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് (കൂടോത്തുമ്മൽ) വരദൂർ പുഴയിൽ 30H.P പമ്പ്സെറ്റ് സ്ഥാപിച്ച് വിട്ടിപ്പുര വി.സി.ബിയിൽ വെള്ളമെത്തിച്ചാൽ ചെറുകുന്ന് കാവടം ഭാഗത്ത് 100 ഹെക്ടർ പുഞ്ചകൃഷിക്ക് എടുക്കാവുന്നതാണ്.

34. ചാതിക്കൊല്ലി ലഫ്റ്റ് ഇറിഗേഷൻ, പദ്ധതി നടപ്പിലാക്കിയാൽ 50 ഹെക്ടർ പാടം ഇരുപ്പു ആക്കാൻ കഴിയും

35. വയൽവാടി എന്ന സ്ഥലത്ത് ബ്രിഡ്ജ് കം റെഗുലേറ്റർ പണിതാൽ 250 ഹെക്ടർ സ്ഥലത്ത് ഇരിപ്പുവാക്കാൻ കഴിയും.

36. കീരിപ്പറ്റ, കടമന, കൊവളയിൽ, വെളക്കട്ടൻകൊല്ലി, എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് 30HP മോട്ടോർകൾ സ്ഥാപിച്ചാൽ 100 ഹെക്ടർ കരകൃഷിക്ക് ഉപയുക്തമാക്കാം.

37. ജലസേചനാർത്ഥം പമ്പുസെറ്റുകൾ ആവശ്യമുള്ള എല്ലാ കർഷകർക്കും പകുതിവിലക്ക് നല്കണം.

കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കാലതാമസം കൂടാതെയും എല്ലാ അപേക്ഷകർക്കും കൊടുക്കാൻ സംവിധാനം ഉണ്ടാക്കണം.

38. കൃഷിയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മണ്ണെണ്ണ, ഡീസൽ എന്നിവ സബ്സിഡി നിരക്കിൽ അനുവദിച്ചാൽ കൃഷിക്കാർക്ക് ഉപകാരപ്രദമാണ്.

39. നീർമറി പ്രദേശത്ത് സാമൂഹ്യവനവത്ക്കരണം നടപ്പാക്കുക

40. നെൽകൃഷി നടത്താവുന്ന പാടങ്ങൾ മറ്റു കൃഷികൾക്കായോ മറ്റാവശ്യങ്ങൾക്കായോ ഉപയോഗിക്കരുത്.

41. പുഴവക്കുകളിലും തോടുവക്കുകളിലും കട്ടകളങ്ങൾ അനുവദിക്കരുത്

42. അന:ധികൃത മണൽവാരൽ നിരോധിക്കുക

43. പുഴ, തോട് വക്കുകളിൽ കൈത, മുള, ഈറ്റ എന്നിവ വച്ചുപിടിപ്പിക്കുക.

44. ഉത്സവകാലത്ത് പച്ചക്കറിയുടെ ക്ഷാമം ഇല്ലാതാക്കുന്നതിനുവേണ്ടി കഞ്ഞിക്കുഴി പഞ്ചായത്ത് മാതൃകയിൽ ഊർജ്ജിത പച്ചക്കറി വികസന പരിപാടി ആവിഷ്ക്കരിക്കുക.

മൃഗസംരക്ഷണം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ധനാഗമ മാർഗങ്ങളിലൊന്നാണ് കാലിവളർത്തൽ. പശു, ആട്, പന്നി, നായ എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ. ഉഴവ് കാളകളേയും എരുമകളേയും വളർത്തുന്നവരുമുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറിയ തോതിൽ താറാവുകളേയും വളർത്തുന്നു. കഴിഞ്ഞ കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിൽ 11806 സങ്കര ഇനം പശുക്കളും 374 നാടൻ പശുക്കളും 1975 ആടുകളും ഒരു വയസ്സിനു താഴെ മുതൽ $2^1/_2$ വയസ്സിനു മീതെ വരെ 680 ഉഴവു കാളകളേയും ഏകദേശം 100 ഉഴവു പോത്തുകളെയും ഉപയോഗിക്കുന്നു. ഏകദേശം 50 ഓളം എരുമകളും ഉണ്ട് കൂടാതെ ഇറച്ചിക്കായി നാടൻ ഇനത്തിലും സങ്കര ഇനത്തിലും കൂടി 527 പന്നികളേയും വളർത്തുന്നുണ്ട്. പഞ്ചായത്തിൽ 136മുയലുകളേയും 12000ത്തിലധികം കോഴികളേയും വളർത്തിവരുന്നു (90% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്) കൂടാതെ 41 താറാവുകളേയും 1491 വളർത്തു നായ്ക്കളും ഈ പഞ്ചായത്തിൽ വളർത്തുന്നുണ്ട്.

വയനാട്ടിലെ പഴയ രീതിയിലുള്ള കന്നു കാലി വളർത്തലിൽ ഇപ്പോൾ കാര്യമായ വ്യത്യാസം വന്നിട്ടുണ്ട്. പണ്ടു കാലത്ത് നാടൻ ഇനം കന്നുകാലികളേയാണ് കൂടുതൽ വളർത്തിയിരുന്നത്. കാലികളുടെ എണ്ണം ഇന്നത്തേതിലും കൂടുതൽ ഉണ്ടായിരുന്നു. എന്നാൽ നാടൻ ഇനത്തിൽപ്പെട്ട അവയുടെ ഉൽപാദനശേഷി വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് കൃഷി ഭൂമിയുടെ ഉപയോഗം കൂടിയതും വീടുകൾ വർദ്ധിച്ചതും കന്നുകാലികളുടെ എണ്ണത്തിലുള്ള കുറവിനു കാരണമായി. എങ്കിലും ഭൂരിഭാഗം കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ ഒരു ഉപതൊഴിൽ എന്നനിലയിൽ പശു, ആട്, പന്നി, കോഴി, മുയൽ തുടങ്ങിയവയെ വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 40% ജനങ്ങളും പാൽ ഉൽപ്പാദിപ്പിച്ച് ഉപജീവനം കഴിക്കുന്നു. 20% വീടുകളിൽ മാത്രമേ സ്വന്തം ആവശ്യത്തിന് പാൽ ഉൽപ്പാദിപ്പിക്കാതെ ഉള്ളൂ, മൃഗപരിപാലനരംഗത്തെ ആധുനിക സങ്കേതങ്ങളെ സ്വീകരിക്കുന്നതിന് ഒട്ടുമിക്ക കർഷകരും സന്നദ്ധരായിട്ടുണ്ട്, അത് ഇപ്പോൾ ഈ രംഗത്തെ ഉൽപ്പാദനക്ഷമതയിൽ നിന്നും മനസ്സിലാക്കാം. മിക്ക കർഷകർക്കും ഇപ്പോൾ സങ്കരയിനം പശുക്കളും മറ്റ് വളർത്തുമൃഗങ്ങളുമാണുള്ളത്.

ഇപ്പോൾ പ്രതിദിനം 14000 ലിറ്റർ പാൽ വരെ ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നു. അതിൽ 7800 ലിറ്റർ പാൽ അന്യജില്ലകളിൽ വിൽപ്പന നടത്തി ആ ഇനത്തിൽ 66300 രൂപ പ്രതിദിനം ഈ പഞ്ചായത്തിലേക്ക് എത്തുന്നു. കൂടാതെ 1200 ലിറ്റർ പാൽ സഹകരണ സ്ഥാപനങ്ങൾ വഴി ഈ പഞ്ചായത്തിൽ വിറ്റഴിക്കുന്നു. ഏകദേശം 700 ലിറ്ററോളം ഉൽപ്പാദകർ നേരിട്ട് വില്പന നടത്തുന്നുണ്ട്. പാൽ സംഭരണ വിതരണ രംഗത്ത് വാകേരി, പാമ്പ്ര, വരദൂർ എന്നീ മൂന്ന് സൊസൈറ്റികളും നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ഈ സൊസൈറ്റികളുടെ കീഴിൽ 14 ഡിപ്പോകൾ പ്രവർത്തിക്കുന്നു. ഡിപ്പോകൾ വഴി സൊസൈറ്റികൾ കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ, പാൽവില, ചികിത്സാ ചിലവുകൾ തുടങ്ങിയവ എത്തിച്ചുകൊടുക്കുന്നു.

പൂതാടി പഞ്ചായത്തിൽ 2 മൃഗാശുപത്രികളും 2 സബ്സെന്ററുകളും നിലവിലുണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ വഴി മൃഗങ്ങളെ ചികിത്സിക്കുന്നതിനുള്ള ചെലവ് ഏകദേശം പ്രതിമാസം 5500 രൂപ കർഷകർക്ക് നല്കുന്നു. കാലികളിൽ പൊതുവെ കണ്ടുവരുന്നത് അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, മുതലായവയാണ്.

നമ്മുടെ പഞ്ചായത്തിൽ 25 ഗോബർ ഗ്യാസ് പ്ലാന്റുകളുണ്ട്. ഇവയിൽ പലതും പ്രവർത്തനക്ഷമമല്ല. മൃഗങ്ങളെ വളർത്തി അവകൊണ്ട് ഉപജീവനം നടത്തുന്ന ആൾക്കാർ ധാരാളം താമസിക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലക്ക് ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപികർകുന്നതിന് വളരെയേറെ സാധ്യതകളുണ്ട്. ഇതെപ്പറ്റി ജനങ്ങളെ കൂടുതൽ ബോധവല്ക്കരിക്കേണ്ടതുണ്ട്. ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് ഈ പഞ്ചായത്തിൽ നടപ്പാക്കുന്ന ഒരു വൻ സംരംഭമാണിത്. കൂടുതൽ സബ്സിഡി നല്കിയും പ്രചരണം നല്കിയും ഇതിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

90% വീടുകളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും ഇറച്ചിക്കായി കോഴികളെ ഇറക്കുമതി ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. അതുപോലെ തന്നെ മുട്ടയും

ഇറക്കുമതി ചെയ്യുന്നു. കോഴിവളർത്തലിനന് വൻസാദ്ധ്യത ഇനിയും ഈ പഞ്ചായത്തിലുണ്ട്.

ദുർബലജനവിഭാഗങ്ങളുടെ വളർത്തുമൃഗമായ ആട്ടു വളർത്തലിനും പഞ്ചായത്തിൽ സാദ്ധ്യതകൾ ഏറെയാണ്. മിക്ക വീടുകളിലും ഉള്ള ആടുകൾ പഴയ ജനുസ്സുകളിൽ പെട്ടവയും ശാസ്ത്രീയമായി പരിചരിക്കപ്പെടാത്തവയുമാണ്. ഈ രംഗത്ത് പ്രോത്സാഹനം കൊടുത്താൽ നല്ല സാധ്യതകളുണ്ട്. കൂടാതെ ഈ പഞ്ചായത്തിലുള്ള ഫോറസ്റ്റുകൾ ആടുവളർത്തലിന് പ്രയോജനപ്പെടുത്താവുന്ന മേച്ചിൽ സ്ഥലങ്ങൾ കൂടിയാണ്.

പഞ്ചായത്തിൽ പന്നിവളർത്തലിന് സാദ്ധ്യതയുണ്ട് ഈ രംഗത്ത് പ്രവേശിച്ചിട്ടുള്ളവർക്ക് വേണ്ട പ്രോത്സാഹനം കൊടുക്കേണ്ടതാണ്. മുയൽ വളർത്തലിനും നല്ല സാദ്ധ്യതകളാണുള്ളളത്.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ

2. പുല്ല്, വൈക്കോൽ തുടങ്ങിയവയുടെ ലഭ്യതക്കുറവ്

3. കാലികളെ വാങ്ങുന്നതിന് കിട്ടുന്ന സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.

4. കോഴിവസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തലിൽ താൽപര്യം കുറയുന്നു.

5. ഉൽപ്പാദനചിലവുമായി പൊരുത്തപ്പെടാത്ത പാൽവില

6. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

7. ബീജാധാന കേന്ദ്രങ്ങളുടെ സൗകര്യക്കുറവ്

8. ആട്, കോഴി, പന്നി, താറാവ്, മുയൽ എന്നിവയിൽപ്പെട്ട നല്ല ഇനങ്ങലുടെ ലഭ്യതക്കുറവ്

9. മൃഗാശുപത്രികളിലെ മരുന്നുകളുടെ ലഭ്യതക്കുറവ്

10. പഞ്ചായത്തിൽ ഊർജ്ജിതമായ കോഴിവളർത്തൽ കേന്ദ്രങ്ങളുടെ അഭവം.

11. മുട്ടയും മാംസവും സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനമില്ലായ്മ

12. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ അഭാവം

സാദ്ധ്യതകൾ

1. കാലിത്തീറ്റ നിർമ്മാണകേന്ദ്രം സ്ഥാപിക്കുക. കുറഞ്ഞ വിലക്ക് പാൽ സൊസൈറ്റികളുടെ കീഴിൽ കാലിത്തീറ്റ ലഭ്യമാക്കുക. കൂടാതെ അസംസ്കൃത സാധനങ്ങൾ വാങ്ങി അവ സംയോജിപ്പിച്ച് കാലിത്തീറ്റയാക്കി കർഷകരിൽ എത്തിക്കുന്ന കാലിത്തീറ്റ മിക്സിംങ് യൂണിറ്റ് സ്ഥാപിക്കുക.

2. തീറ്റപ്പുൽകൃഷിക്ക് സൗജന്യനിരക്കിൽ വിത്തും വളവും ലഭ്യമാക്കുക.

3. വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് കൂടുതൽ ആൾക്കാർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുക. അതോടൊപ്പം മാർക്കറ്റ് വില അനുസരിച്ചുകൊടുക്കുന്ന സംഖ്യയും സബ്സിഡിയും വർദ്ധിപ്പിക്കുക. തൊഴുത്തിന് ധനസഹായം നല്കുക.

4. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക.

5. ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി കർഷകർക്ക് ആദായം കിട്ടുന്ന രീതിയിൽ പാൽവില കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക.

6. പഞ്ചായത്തിൽ കേണിച്ചിറ, ഇരുളം എന്നിവിടങ്ങളിലാണ് മൃഗാശുപത്രികളുള്ളത്. ഇവിടെ മരുന്നും മറ്റു സൗകര്യങ്ങളും മുഴുവൻ സമയം പ്രവർത്തിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുക. വാകേരി, കല്ലൂർക്കുന്ന്, വാളവയൽ എന്നീ വാർഡുകളെ കേന്ദ്രീകരിച്ച് ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കുക. കൂടാതെ നിലവിലുള്ള സബ്സെന്ററുകളിൽ സൗകര്യങ്ങൾ കൂട്ടുകയും പൂതാടിയിൽ ഒരു സബ്സെന്റർ അനുവദിക്കുകയും ചെയ്യുക.

7. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞ് ഉല്പാദനകേന്ദ്രം സ്ഥാപിക്കുക. എല്ലാ വീടുകളിലും കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. കോഴിവസന്തക്കെതിരെ പ്രതിരോധ കുത്തിവെപ്പ് സംഘടിപ്പിക്കുക. കോഴിത്തീറ്റ കുറഞ്ഞവിലക്ക് ലഭ്യമാക്കുക.

8. മൃഗപരിപാലനത്തിന് ബോധവത്ക്കരണം നല്കുക.

9. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നല്കുക.

10. പാലിൽ നിന്നും ഉപ ഉൽപ്പനങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു കേന്ദ്രം വാകേരിയിൽ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

11. മൃഗപരിപാലകർക്ക് സൗജന്യനിരക്കിൽ ഇൻഷൂറൻസ് സൗകര്യവും ക്ഷേമപദ്ധതികളും ഏർപ്പെടുത്തുക.

ഉൾനാടൻ മത്സ്യക്കൃഷി

പൂതാടി പഞ്ചായത്തിൽ നിലവിൽ മത്സ്യകൃഷി ഇല്ല. മീൻ വളർത്താൻ താല്പര്യമുള്ള കർഷകർക്ക് കുളം നിർമ്മിക്കുന്നതിന് സാമ്പത്തികസഹായവും നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളേയും നല്കാൻ സംവിധാനം ഉണ്ടാക്കുക. മത്സ്യകൃഷിയെ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തണം. മീൻ വളർത്താൻ കുളം കുഴിക്കുകയാണെങ്കിൽ ആ പ്രദേശത്ത് ജലസേചനത്തിനും സൗകര്യമുണ്ടാകും.



വ്യവസായം

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 800 മീറ്റർ ഉയരത്തിൽച കിടക്കുന്ന വയനാട് ജില്ലയിലെ താരതമ്യേന കാർഷികമായി മുന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പൂതാടി പഞ്ചായത്ത്– 83 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 36544 ജനസംഖ്യയും 10,000 വീടുകളുമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. കൃഷിയും കന്നുകാലി വളർത്തലുമാണ് പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം.

കാർഷികമേഖല കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങളുടെ ഏറ്റവും പ്രധാന തൊഴിൽ മേഖല പരമ്പരാഗതവ്യവസായങ്ങളാണല്ലോ. എന്നാൽ പൂതാടി പഞ്ചായത്തിൽ സ്വകാര്യമേഖലയിലോ, സഹകരണമേഖലയിൽ പോലും വ്യവസായ സംരംഭത്തിന് തുടക്കമിടാൻ സാധിച്ചിട്ടില്ല. വ്യക്തികൾ നടത്തുന്ന ചില സംരംഭങ്ങളാണ് നാമമാത്രമായി ഈ പഞ്ചായത്തിൽ എടുത്തു പറയുവാനുള്ള ചെറുകിട സംരംഭങ്ങൾ. അവ പട്ടിക 1ൽ ചുവടെ ചേർത്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾക്കും ഖാദി–ഗ്രാമ വ്യവസായങ്ങൾക്കും അതുപോലെതന്നെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായത്തിനും വളരെയേറെ സാധ്യതയുള്ള ഒരു പഞ്ചായത്താണിത്. ദ്രുതവാട്ടം. എന്നച രോഗം നിമിത്തം ആ പഞ്ചായത്തിലെ കുരുമുളക് തോട്ടങ്ങൽ പാടെ നശിച്ച അവസ്ഥയാണുള്ളത്.

അതുപോലെതന്നെ കാപ്പിക്ക് ബാധിച്ച മുഞ്ഞ രോഗവും ഇഞ്ചിക്ക് ബാധിച്ച മഹാളി രോഗവും കർഷകന്റെ നില സങ്കീർണ്ണമാക്കുന്നു. വയനാട്ടിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് വിദ്യാഭ്യാസ നിലവാരം ഉയർന്ന ഒരു പഞ്ചായത്താണിത്. വ്യവസായ മേഖലയിലേക്ക് പുതിയ സംരംഭകർ കടന്നുവരാത്തതിന്റെ കാര്യകാരണങ്ങൾ പഠനവിധേയമാവേണ്ടതാണ്.

ചെറുകിട–പരമ്പരാഗത വ്യവസായ മേഖലകളിൽ സ്ത്രീകൾക്ക് വളരെയേറെ സാധ്യതകളുണ്ടെങ്കിലും വനിതകൾ ഈ രംഗത്തേക്ക് തീരെ കടന്നുവരുന്നില്ല. വിദ്യാസമ്പന്നരായ ധാരാളം യുവതികൾ പഞ്ചായത്തിലുണ്ടെങ്കിലും കുടുംബജോലികളുമായി വീട്ടിൽത്തന്നെ കൂടുന്ന അവസ്ഥയാണുള്ളത്.

പട്ടിക 1

ചെറുകിട സംരംഭങ്ങൾ

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികളുടെ എണ്ണം		ആകെ
		പു.	സ്ത്രീ	
1.	ഈർച്ചമിൽ (സ്വകാര്യമേഖല)	10		10
2	മെഴുകുതിരിനിർമ്മാണം(581 യൂണിറ്റ്)	3	8	11
3	കോഴിവളർത്തൽ (2എണ്ണം) സ്വകാര്യമേഖല	4	2	6
4.	ഫ്ലോർ മില്ല് (4 എണ്ണം) സ്വകാര്യമേഖല	8	8	
5.	സോഫ & അപ്പോൾസ്റ്ററി (സ്വകാര്യമേഖല)	4	2	6
6.	ഫർണിച്ചർ(സ്വകാര്യമേഖല)	6	–	6
7	ഇൻഡസ്ട്രിയൽ വർക്ക് (സ്വകാര്യമേഖല)	10	–	0
8	റെഡിമെയ്ഡ് നിർമ്മാണം	–	15	15
9	സിമന്റ് ബ്രിക് നിർമ്മാണം 2 എണ്ണം (സ്വകാര്യമേല)	8	4	12
10	ഇഷ്ടിക നിർമ്മാണം (സ്വകാര്യമേഖല)	15	10	25
11	ഹോളോബ്രിക്സ്	10	5	15

പ്രശ്നങ്ങൾ

പൂതാടി പഞ്ചായത്തിന്റെ വടക്ക്-കിഴക്ക് ഭൂപ്രദേശം വനാതിർത്തിയോട് ചേർന്നുകിടക്കുന്നു. നരസീപ്പുഴ, നച്ചൻപ്പുഴ, വരദൂർപുഴ തുടങ്ങിയ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഭൂരിപക്ഷം പ്രദേശവും കുന്നുകളും വയലുകളുമായി കിടക്കുന്നതുകൊണ്ട് താരതമ്യേന നിരന്ന പ്രദേശങ്ങൾ കുറവാണ്. ഭൂമിശാസ്ത്രപരമായ ഇത്തരം പ്രത്യേകതകൾ കൊണ്ട് വൈദ്യുതിയും റോഡുസൗകര്യവും വേണ്ടത്രയില്ല. ഗാർഹിക ആവശ്യത്തിനുള്ള സിങ്കിൾ ഫേസ് വൈദ്യുതിപോലും പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും അടുത്തകാലത്താണ് എത്തിയത്. വൈദ്യുതി എത്താത്ത പ്രദേശങ്ങളും പഞ്ചായത്തിൽ ധാരാളമാണ്. വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയും എടുത്തു പറയേണ്ടവയാണ്.

കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖല ഏതാണ്ട് പത്ത് ലക്ഷം തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. വനവിഭവങ്ങളുടെ ലഭ്യതയും മറ്റ് അസംസ്കൃത പദാർത്ഥങ്ങളും സൗകര്യങ്ങളുമുണ്ടെങ്കിലും പുതിയ സംരംഭകർ രംഗത്തേയ്ക്കു വരാത്തത് ഗൗരവമായി പഠിക്കേണ്ടതാണ്.

സഹകരണ മേഖല വികസിയ്ക്കാത്തത് ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുണ്ടാകാം. വിപണനരംഗത്തുണ്ട്. ആണ് ചെറുകിട വ്യവസായങ്ങൾ മിക്കതും പരാജയപ്പെടുന്നത്. കുത്തക കമ്പനികൾ-ചെറുകിട മേഖലയിൽ ഉൽപ്പാദിപ്പിയ്ക്കുന്ന അതേ ഉല്പന്നങ്ങൾ തന്നെ ഉല്പാദിപ്പിക്കുയും, സ്വന്തമായ മാർക്കറ്റിംഗ് ശൃംഖലയുള്ള ഇത്തരം കമ്പനികൾ വിപുലമായ പരസ്യങ്ങലുടെ പിൻബലത്തോടെ മാർക്കറ്റുകൾ പിടിച്ചടക്കുകയും ചെയ്യുന്നു. ഇവിടെ ചെറുകിട സംരംഭകർ നിസ്സഹായരാണ്. മറ്റുചില കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വ്യവസാ സംരംഭത്തെക്കുറിച്ചുള്ള അറിവില്ലായ്മ. പ്രധാനമായും ചെറുകിട, ഖാദി-ഗ്രാമവ്യവസായങ്ങളെക്കുറിച്ച്.

2. പരമ്പരാഗത വ്യവസായങ്ങളുടെ സാങ്കേതിക വിദ്യയിലുള്ള പിന്നോക്കാവസ്ഥ.

3. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിൽ പരിശീലനം ലഭിയ്ക്കാനുള്ള സാങ്കേതിബുദ്ധിമുട്ട്.

4. ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്

5. സാങ്കേതിക പരിശീലനം കൊടുക്കുന്നതിന് പഞ്ചായത്തിൽ സൗകര്യമില്ല.

6. ഹാൻഡിക്രാഫ്റ്റ് മെഷീനുകൾ കിട്ടുവാനുള്ള പ്രയാസം

7. ഊർജ്ജ പ്രതിസന്ധി

8. റോഡു ഗതാഗതത്തിലെ അപര്യാപ്തത

9. മാർക്കറ്റിംഗ് സൗകര്യത്തിനെ കുറിച്ചുള്ള അറിവില്ലായ്മ

10. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായ പുന:സംഘടനയുടെ കുറവ്

11. യുവതീയുവാക്കളുടെ ഇടയിൽ പുതിയ ഒരു വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ സാധിക്കാത്തത്

12. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെ സംബന്ധിച്ച അറിവില്ലായ്മ

13. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ

14. വിപണന രംഗത്തുള്ള മത്സരം

സാധ്യതകൾ

കാർഷിക മേഖല നാശോന്മുഖമാകാൻ തുടങ്ങിയതോടെ ഗൾഫുരാജ്യങ്ങളിൽ ജോലിതേടി പോകുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ കൂടിയിട്ടുണ്ട്. വ്യക്തമായ ഒരു വ്യവസായ വികസന ബോധവൽക്കരണത്തിലൂടെ നമ്മുടെ നാട്ടിൽ മുതൽ മുടക്കുവാൻ ഇത്തരക്കാരെ സജ്ജമാക്കിയാൽ, അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ സർഗ്ഗശക്തിയും ചൈതന്യവും നമ്മുടെ പഞ്ചായത്തിന് മുതൽകൂട്ടുവാൻ കഴിഞ്ഞാൽ ചുരുങ്ങിയ കാലംകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിന്റെ മുഖച്ചായ മാറ്റിയെടുക്കാൻ സാധിക്കും.

കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

പൂർണ്ണമായും കാർഷിക മേഖലയിൽ ഊന്നിക്കൊണ്ടുള്ള ഒരു ജീവിതരീതിയായതിനാൽ കാർഷികാധിഷ്ഠിത വ്യവസായങ്ങളായിരിക്കും പൂതാടി പഞ്ചായത്തിന് അനുപേക്ഷണീയം. കാർഷിക മേഖലയുടെ ഒരു ഉപമേഖലയാണല്ലോ മൃഗസംരക്ഷണം. ഈ മേഖ

ലയുടെ വികസനത്തിലൂടെയെ വയനാട് പോലുള്ള ജില്ല കളിലെ ആൾക്കാരുടെ ആളോഹരി വരുമാനം വർദ്ധി ക്കുവാൻ സാധിയ്ക്കൂ. പൂതാടി പഞ്ചായത്തിൽ 85% വീടുകളിലും കന്നുകാലികളെ വളർത്തുന്നുണ്ട്. പ്രതി ദിനം 40 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിക്കുകയും വിപ ണനം നടത്തുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം എന്ന് കണക്കാക്കപ്പെടുമ്പോൾ തന്നെ ഈ മേഖലയുടെ വ്യാപ്തി മനസ്സിലാക്കാമല്ലോ. ഈ പഞ്ചാ യത്തിലെ കർഷകർ അയൽസംസ്ഥാനങ്ങളിൽ നിന്നു വരുന്ന കാലിത്തീറ്റയെയാണ് പ്രധാനമായും ആശ്രയി ക്കുന്നത്. അതുകൊണ്ട്തന്നെ പഞ്ചായത്ത് കേന്ദ്രീക രിച്ച് ഒരു കാലിത്തീറ്റ നിർമ്മാണ കേന്ദ്രത്തിന്റെ സാധ്യത വളരെ വലുതാണ്. കോഴിത്തീറ്റ നിർമ്മാ ണവും അനുബന്ധപ്പെട്ട് വളരെ ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കാവുന്ന കോഴിമുട്ട നമ്മുടെ സംസ്ഥാ നത്തും ഉപയോഗിക്കപ്പെട്ടിരിക്കുന്നു എന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെ ഒരു ദശാബ്ദം മുമ്പ് മുട്ട കയറ്റുമതി ചെയ്തിരുന്ന കേരളം ഇന്ന് മുട്ട ഇറക്കുമതി ചെയ്യുന്നു. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേയും, കർണ്ണാടകയി ലേയും കോഴിവളർത്തൽ സംഘത്തിന്റെ പ്രധാന മാർക്കറ്റ് കേരളമാണെന്ന് നാം മനസ്സിലാക്കണം.

ആവർത്തിച്ചാവർത്തിച്ചുള്ള രാസവളപ്രയോഗം നമ്മുടെ കാർഷികമേഖലയുടെ നട്ടെല്ലൊടിച്ചിരിക്കുക യാണെന്ന് എല്ലാവരും സമ്മതിയ്ക്കും. ജൈവവളപ്ര യോഗത്തിലേക്ക് മാറേണ്ടതിന്റെ പ്രാധാന്യം കർഷകന് അറിയാമെങ്കിലും ജൈവവളത്തിന്റെ ലഭ്യതക്കുറവും കർഷകനെ കുഴക്കുന്നു. ഒരു ജൈവവള നിർമ്മാണ ശാല പഞ്ചായത്തിൽ വരികയാണെങ്കിൽ പൂതാടി പഞ്ചായത്തിലെ കർഷകന് അത് വലിയ അനുഗ്രഹ മായിരിക്കും.

കേരളത്തിലെ കൃഷിഭൂമിയിൽ ഏതാണ്ട് 25%ത്തോളം പാടങ്ങളാണ്. എന്നാൽ നെൽകൃഷി ആദായകരമല്ലാത്തതിനാൽ പാടങ്ങളെ വാഴ കൃഷിയ്ക്കും, കവുങ്ങ്, തെങ്ങ് കൃഷിയ്ക്കുമായി ഉപ യോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ ഉല്പാദിപ്പി ക്കുന്ന നെല്ല് പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്വരൂപിക്കു കയും സംസ്ക്കരിച്ച് അരിയാക്കി വിതരണം ചെയ്യുകയും ചെയ്താൽ നെൽകൃഷിയെ സംരക്ഷിക്കാനും കുറെ ആൾക്കാർക്ക് തൊഴിൽ നല്കുന്ന ഒരു വ്യവസായം തുടങ്ങുവാനും സാധിക്കും. കേരളത്തിൽ പലയിടത്തും ഇത് ലാഭകരമായി നടക്കുന്നുണ്ട്. അങ്കമാലി, കാലടി, പെരുമ്പാവൂർ പ്രദേശങ്ങളിൽ ഇത്തരം വ്യവസായങ്ങ ളുടെ ഒരു ശൃംഖലതന്നെ കാണാം.

തേങ്ങ ഉല്പാദനത്തിൽ അധികകാലം ചെല്ലുന്ന തിനുമുമ്പ് നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും എന്ന് പ്രത്യാശിക്കാം. അതുകൊണ്ടു തന്നെ ചക്ക് എണ്ണയാട്ടൽ വ്യവസായത്തിന് ഈ പഞ്ചായത്തിൽ ഭാവിയുമുണ്ട്. പഞ്ചായത്തിന്റെ പല ഭാഗത്തായി വലിയ മുതൽമുടക്ക് കൂടാതെ തുടങ്ങാം. ഉല്പന്നങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സ്വരൂപിച്ച് ഒരു 'ബ്രാന്റ് നമിൽ' വിൽക്കുവാൻ സാധിക്കണം. കൂടാതെ തെങ്ങിൽ തടികൾക്കൊണ്ടുള്ള അലങ്കാരവ സ്തുക്കൾ വീട്ടുപകരണങ്ങൾ എന്നിവ നിർമ്മി യ്ക്കുന്ന വ്യവസായത്തിനും സാധ്യതയുണ്ട്.

വനവിഭവാധിഷ്ഠിത വ്യവസായങ്ങൾ

വ്യത്യസ്ത ദേശങ്ങളിലെ പ്രകൃതി വിഭവങ്ങ ളുടെ അഥവാ അസംസ്കൃത പദാർത്ഥങ്ങളുടെ വൈവിധ്യം അനുസരിച്ച് കേരളത്തിലെ വ്യവസായങ്ങ ളിലും ഉല്പന്നങ്ങളിലും വ്യത്യാസം കാണാം. പൂതാടി പഞ്ചായത്തിലെ 1,5,12,10,11,13,7,8,9,6 വാർഡുകൾ വനാ തിർത്തിയോട് ബന്ധപ്പെട്ട് കിടക്കുന്നു. വനപ്രദേശം ഉൾപ്പെട്ട വാർഡുകളും പഞ്ചായത്തിലുണ്ട്. വനവിഭവ ങ്ങളുടെ ലഭ്യത പരിഗണിക്കുമ്പോൾ വനവിഭവാ ധിഷ്ഠിത വ്യവസായങ്ങളായ ഫ്ളൈവുഡ് നിർമ്മാണം, ഹാർഡ് ബോഡ് നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, മരവും കാപ്പിത്തടിയും ചിരട്ടയുമെല്ലാം ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ കഴി യണം. Wood frame clockകൾക്ക് ഇന്ന് കേരള ത്തിൽ വളരെ പ്രിയമേറിയിട്ടുണ്ട്. ഈട്ടി,തേക്ക് എന്നി വയുടെ waste ഉപയോഗിച്ച് ഇത്തരം ക്ലോക്കുകൾ നിർമ്മി ക്കാവുന്നതാണ്.

റബ്ബറിനേയും റബ്ബർ മരത്തിനേയും ആശ്രയി ച്ചുള്ള വ്യവസായത്തിന് വയനാട്ടിൽ ഏറെ സാധ്യത യുണ്ട്. കേരളത്തിൽ പ്രതിവർഷം ഏതാണ്ട് 10,000 ഹെക്ടർ സ്ഥലത്തെ റബ്ബർ വെട്ടിമാറ്റി പുതിയവ പിടിപ്പിക്കുന്നു വെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. റബ്ബർമരം ഫർണ്ണി ച്ചർ മരം ആക്കിമാറ്റുന്ന സംസ്ക്കരണ പ്രക്രിയ കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തി ട്ടുണ്ട്. ഫർണ്ണീച്ചർ നിർമ്മാണത്തിന് ഇത്തരത്തിൽ സംസ്ക്കരിച്ച റബ്ബർ മരങ്ങൾ ഉപയോഗിക്കുവാൻ

സാധിക്കും.

ഖാദി-ഗ്രാമവ്യവസായങ്ങളിൽപ്പെടുന്ന തീപ്പെട്ടി നിർമ്മാണം, തേനീച്ച വളർത്തൽ കൊല്ലപ്പണി-മരപ്പണി, ചക്ക്, എണ്ണയാട്ടൽ, ചൂരൽ ഉല്പന്ന നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സോപ്പ്, ഡിറ്റർജന്റ്സ്, പ്ലാസ്റ്റിക് വർക്കുകൾ എന്നിവയെല്ലാം ചെറിയ സൗകര്യങ്ങളിൽ ചെറിയ മുതൽമുടക്കിൽ ഗ്രാമപ്രദേശങ്ങളിൽ തുടങ്ങാവുന്നവയാണ്. വനിതകൾക്ക് കൂടുതൽ തൊഴിൽ നല്കുവാൻ പറ്റുന്ന മേഖലയാണിത്. പൂതാടി പഞ്ചായത്തിലെ 12ഉം 13ഉം വാർഡുകൾ തേനീച്ചവളർത്തലിനും തേനുൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ഏറെ സാധ്യതയുള്ള സ്ഥലങ്ങളാണ്.

മിനി വ്യവസായ എസ്റ്റേറ്റ്

പൂതാടി പഞ്ചായത്തിലെ 6ഉം 7ഉം വാർഡുകളുടെ അതിർത്തിയിൽ വട്ടക്കാവ് എന്ന പ്രദേശത്ത് രണ്ടേക്കർ പൊതുനിലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആക്കി മാറ്റണം.

മോഡേൺ വുഡ് ഫർണിച്ചറും സ്റ്റീൽ ഫർണിച്ചറും (ഓഫീസ് ഉപകരണങ്ങളുടെ നിർമ്മാണം) കരകൗശല വസ്തുക്കളുടെ നിർമ്മാണവും പരിശീലനവും പ്ലാസ്റ്റിക് വർക്കുകൾ, മെഴുകുതിരി നിർമ്മാണം, സോപ്പുപൊടി, സ്വിച്ച്ബോർഡ് നിർമ്മാണം എന്നിവയെല്ലാം ഈ മിനി വ്യവസായ എസ്റ്റേറ്റിൽ ഉൾപ്പെടുത്തണം.

ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കുവാൻ സാധിക്കുന്ന യൂണിറ്റുകൾ പട്ടിക 2, പട്ടിക 3 എന്നിവയിൽ ചേർത്തിരിക്കുന്നു.

മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കൈത്തറി വസ്ത്രനിർമ്മാണം
2. കുട നിർമ്മാണം
3. പോളിത്തീൻ കവർ, പേപ്പർ കവർ നിർമ്മാണം
4 കയർ നിർമ്മാണം
5 കുരുമുളകിന് സംസ്ക്കരണം – വൈറ്റ് പെപ്പർ
6. പഴം ജാമുകൾ
7. വെണ്ണക്കൽ അടുപ്പുകളും ഇഷ്ടികകളും നിർമ്മിക്കൽ
8. സ്നോസം നിർമ്മാണ യൂണിറ്റ്
9. ചിപ്സ് നിരർമ്മാണം (ബനാന)
10. കൂൺ ഉല്പാദനം
11. കുട്ട, മുറം, പനമ്പ് നിർമ്മാണം
12. ഫയൽ നിർമ്മാണം
13. പപ്പട നിർമ്മാണം

പട്ടിക 2

സാധ്യതയുള്ള ചെറുകിട സംരംഭങ്ങൾ

ക്രമ നമ്പർ	ഇനം	വിഭാഗം
1	കാലിത്തീറ്റ നിർമ്മാണം	
2	കോഴിത്തീറ്റ നിർമ്മാണം	
3	ജൈവവള നിർമ്മാണം	
4	ഇഞ്ചി സംസ്ക്കരണശാല	
5	റൈസ്മിൽ, അവിൽ വ്യവസായം	
6	ഹോളോബ്രിക്സ്, കെട്ടിടനിർമ്മാണ സാമഗ്രികൾ	
7	ചക്ക് എണ്ണയാട്ടൽ, ഫ്ളവർ മിൽ	
8.	സ്റ്റീൽ ഫർണിച്ചർ, ഓഫീസ് ഉപകരണങ്ങളുടെ നിർമ്മാണം	
9.	മോഡേൺ വുഡ് ഫർണിച്ചർ, റബ്ബർ മരം ഉപയോഗിച്ചുള്ള ഫർണിച്ചർ	
10.	പ്ലൈവുഡ്, ഹാർഡ് ബോർഡ്	
11.	ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്	
12.	ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്	
13.	ലിക്വിഡ് ഡിറ്റർജന്റ്, ക്ലീനിംഗ് പൗഡർ	
14.	ടോയ്സ് നിർമ്മാണം	

നിർദ്ദേശങ്ങൾ

1. ചെറുകിട സംരംഭങ്ങൾ നിർമ്മിയ്ക്കുന്ന ഒരേയിനം ഉല്പന്നങ്ങൾ ഒരു കേന്ദ്രീകൃത മാർക്കറ്റിംഗ് സ്ഥാപനം വഴി ശേഖരിച്ച് പല പേരുകൾക്ക് പകരം ഒറ്റ ബ്രാൻഡ് നെയ്മിൽ വിപണനം ചെയ്യുന്ന സംവിധാനം ഉണ്ടാക്കണം. എങ്കിൽ മാത്രമേ കുത്തക കമ്പനികളുടെ പരസ്യങ്ങളെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ.

2. വ്യവസായ സംരംഭത്തിന് ആവിശ്യമായ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് പഞ്ചായ

ത്തിലെ വൈദ്യുത ലൈൻ എല്ലാം 3ഫേസ് ആക്കുക.

3. റോഡു ഗതാഗതത്തിലെ അപര്യാപ്തത പരിഹരിച്ചു വ്യവസായവികസനത്തിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക

4. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ വിവരങ്ങളടങ്ങിയ ഒരു പട്ടിക പഞ്ചായത്തിൽ സൂക്ഷിക്കുകയും–വിദഗ്ദ പരിശീലനം ആവിശ്യമുള്ളവർക്ക് അതിനുവേണ്ട സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക.

5. വ്യവസായ രംഗത്തെ നവീനരീതികളെക്കുറിച്ചും സംരംഭകന് അത്യാവശ്യമായ മാനസ്സിക തയ്യാറെടുപ്പിന് പര്യാപ്തമായ ബോധവത്ക്കരണ സെമിനാറുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുക.

6. ജില്ലാ വ്യവസായകേന്ദ്രത്തിന്റേയും, താലൂക്ക് വ്യവസായ വികസന ഡിപ്പാർട്ട്മെന്റിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കുക.

7. പരമ്പരാഗത ചെറുകിട വ്യവസായ മേഖലയിൽ സാങ്കേതിക പരിശീലനം നല്കുന്ന കേന്ദ്രം പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.

പട്ടിക 3

ഖാദി–ഗ്രാമവ്യവസായങ്ങളും മറ്റ് ചെറുകിട സംരംഭങ്ങളും

ക്രമ നമ്പർ	ഇനം	വിഭാഗം
1	ശാസ്ത്രീയ രീതിയിലുള്ള കോഴിവളർത്തൽ	
2	ആടുവളർത്തൽ	
3	പന്നിവളർത്തൽ	
4	തേനീച്ച വളർത്തൽ	
5	പാൽ ഉല്പന്നങ്ങൾ	
6	അടക്ക സംസ്ക്കരണശാല	
7	അച്ചാറുകൾ, കറിപൗഡർ, കാപ്പിപ്പൊടി നിർമ്മാണം	
8	തീപ്പെട്ടി നിർമ്മാണം	
9	കുട നിർമ്മാണം	
10	ചൂരൽ ഉല്പന്നങ്ങലുടെ നിർമ്മാണം	
11	Wood frame clock മറ്റ് കരകൗശല വസ്തുക്കളുടെ നിർമ്മാണം	
12	അലൂമിനിയ പാത്രങ്ങൾ	
13	സ്വിച്ച് ബോർഡുകൾ	
14	ചകിരിനാരുപയോഗിച്ചുകൊണ്ടുള്ള കയറുല് പന്നങ്ങൾ, ഫോം നിർമ്മാണം മുതലായവ	
15	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	
16	മെഴുകുതിരി, ചന്ദനത്തിരരി, പോളളിത്തീൻ കവർ, പേപ്പർ കവർ മുതലായവയുടെ നിർമ്മാണം	
17	സോപ്പ്, സോപ്പുപൊടി നിർമ്മാണം	

വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിലെയും ജീവിതഗുണമേന്മ അവിടുത്തെ വിദ്യാഭ്യാസ രംഗത്തെ ഉയർച്ചയെ ആശ്രയിച്ചിരിക്കുന്നു. വികസന പ്രവർത്തനങ്ങളുടെ മുൻ ഉപാധി എന്ന നിലക്ക് വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. വർഷങ്ങളോളം നിലനിന്ന ജില്ലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിലും രൂക്ഷമായിരുന്നു. ആദിവാസിവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുണ്ടായിരുന്നില്ല. ബോധ്യമുണ്ടായിരുന്ന കുടിയേറ്റക്കാർക്കാകട്ടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവും അപ്രാപ്യതയും അവരുടെ ആഗ്രഹനിവൃത്തിക്ക് വിഘാതമായി. 1917ൽ ആരംഭിച്ച പൂതാടി ഗവ.യു.പി.സ്കൂൾ ആണ് പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത്. ശ്രീ.പി.സി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ, അദ്ദേഹത്തിന്റെ സഹോദരന്മാർ, സുഹൃത്തുക്കൾ എന്നിവരാണ് ഇതിന് നേതൃത്വം നല്കിയത്.

വൻതോതിൽ വയനാട്ടിലേക്കുള്ള കുടിയേറ്റമാണ് തുടർന്നുള്ള വിദ്യാലയങ്ങൾ ആരംഭിക്കുവാൻ കാരണമാക്കിയത്. 1949ൽ വരദൂരിൽ രണ്ടാമത്തെ പ്രാഥമികത വിദ്യാലയം ശ്രീ. വി.കെ.വർദ്ധമാന ഗൗഡർ ആരംഭിച്ചു. 1951ലും 54ലും സ്വകാര്യമേഖലയിൽ കോളേരിയിലും അരിമുളയിലും വിദ്യാലയങ്ങൾ തുടങ്ങി. തുടർന്ന് രണ്ട് പ്രമുഖ കുടിയേറ്റ മേഖലകളായ വാകേരിയിലും ഇരുളത്തും ഗവണ്മെന്റ് സ്കൂളുകൾ സ്ഥാപിതമായി. 1950 കൾ ആയപ്പോഴേക്കും നടവയൽ ക്രിസ്ത്യൻ പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രാഥമിക വിദ്യാലയവും ഹൈസ്ക്കൂളും ആരംഭിച്ചു. പൂതാടി സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കിയവർക്ക് ഉപരിപഠനത്തിന് ഇവിടെ സൗകര്യം ലഭിച്ചു. കോളേരിയിൽ ഒരു ഗവണ്മെന്റ് ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. 1976ൽ പൂതാടിയിൽ ശ്രീനാരായണ ഹൈസ്കൂളും വാകേരി, ഇരുളം എന്നിവ ഹൈസ്കൂളുകളായി ഉയർത്തപ്പെടുകയും പൂതാടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ 1966ൽ വാളവയൽ എൽയ.പി.സ്കൂൾ ആരംഭിക്കുകയും ചെയ്തു. മൂടക്കൊല്ലിയിൽ ശ്രീനാരായണ എൽ.പി.സ്കൂളും പാമ്പ്രയിൽ മരിയനാട് എൽ.പി.സ്കൂളും അടുത്തകാലത്ത് കേണിച്ചിറയിൽ ഒരു അംഗീകൃത അൺഎയിഡഡ് സ്കൂളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ചീയമ്പം എഴുപത്തിമൂന്ന് കോളനി കർക്കടംകു

പട്ടിക 1

പഞ്ചായത്തിലെ എസ്.എസ്.എൽ.സി വിജയനിലവാരം

നമ്പർ	സ്കൂളിന്റെ പേർ	1991–92	1992–93	1993 –94	1994–95	1995–96
1.	ഗവ.ഹൈസ്കൂൾ കോളേരി	40%	41%	42%	49%	32%
2.	ഗവ.ഹൈസ്കൂൾ ഇരുളത്ത്	29%	41%	27%	20%	26%
3.	ഗവ.ഹൈസ്കൂൾ മോകേരി		33%	27%	22%	18%
4.	ശ്രീനാരായണഹൈസ്കൂൾ പൂതാടി	71%	55%	45%	53%	52%
	ശരാശരി	35%	42.0%	35.5%	36%	32%

പട്ടിക 2

നമ്പർ	സ്കൂളിന്റെ പേര്	1995-96 വർഷം പരീക്ഷയ്ക്കിരുന്നവരുടെ എണ്ണം					ജയിച്ചവരുടെഎണ്ണം				
		ആൺ	പെൺ	ആകെ	പട്ടികജാതി	പട്ടികവർഗ്ഗം	ആൺ	പെൺ	ആകെ	പട്ടികജാതി	പട്ടികവർഗ്ഗം
1	ഗവ.ഹൈസ്കൂൾ കോളേരി	36	59	95	11	3	6	19	25	3	1
2	ഗവ.ഹൈസ്കൂൾ ഇരുളത്ത്	44	65	109	5	11	12	22	34	1	0
3	ഗവ.ഹൈസ്കൂൾ വാകേരി	138	123	261	4	34	13	16	29	0	2
4	ശ്രീനാരായണ ഹൈസ്കൂൾ പൂതാടി	72	74	146	4	23	37	36	73	1	5
	ശരാശരി										

ന്ന് എന്നീ സ്ഥലങ്ങളിൽ ഇപ്പോഴും പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവാണ്. ഇവിടങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിക്കാൻ ജില്ലാ പ്രാഥമികത വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ശ്രമം നടന്നുവരുന്നു. വിദ്യാലയങ്ങളിലേക്ക് പോകാൻ മടികാണിക്കുന്നവരും സൗകര്യമില്ലാത്തവരുമായ കാട്ടുനായ്ക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുവേണ്ടി ഒരു കുടിപ്പള്ളിക്കൂടം കേണിച്ചിറയിൽ ആരംഭിച്ചിട്ടുണ്ട്. കേരള സാക്ഷരതാ സമിതിയുടെ നേതൃത്വത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഗോത്രവർഗ്ഗ ഭാഷാ സംസ്ക്കാരം നിലനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സാംസ്കാരികരംഗത്തെ സമന്വയിപ്പിച്ചുകൊണ്ടും അവരുടേതായ ശൈലി ഉൾക്കൊണ്ടുകൊണ്ടും ഒരു പരീക്ഷണമായി നടത്തപ്പെടുന്ന കനവ് എന്ന ആശ്രമവിദ്യാലയം എന്തുകൊണ്ടും പുതുമയുള്ളതാണ്. ഒന്നാംവാർഡിലെ ചീങ്ങോട് പ്രവർത്തിച്ചുവരുന്ന ഈ വിദ്യാലയം പ്രശസ്ത സാഹിത്യകാരനായ ശ്രീ.കെ.ജെ.ബേബിയാണ് നടത്തുന്നത്.

ഗുരുകുലവിദ്യാഭ്യാസത്തിന്റെ ഒരു പുത്തൻ പതിപ്പ് എന്ന നിലയിൽ വിദ്യാഭ്യാസ സാമൂഹ്യസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ ഈ വിദ്യാലയത്തെ ആകാംക്ഷയോടെയാണ് ശ്രദ്ധിക്കുന്നത്. പൂതാടിയിലെ ശ്രീ.കെ.ഇ.കുഞ്ഞിരാമൻ നമ്പ്യാർ, അരിമുരള എ.യു.പി സ്കൂളിലൽ അദ്ധ്യാപകനായിരിക്കെ രാഷ്ട്രീയ നേതൃത്വത്തിലേക്കുയർന്ന ശ്രീ.കെ.കെ.രാമചന്ദ്രൻമാസ്റ്റർ, എം.എൽ.എ കോളേരി, യു.പി.സ്കൂളിന്റെ സ്ഥാപക മാനേജരും ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തതുമായ

ക്ലാസ്സ്	30% താഴെ	30% നും 40% നും ഇടയിൽ	40% നും 50% നും ഇടയിൽ	50% നും 60% നും ഇടയിൽ	60%ന് മുകളിൽ
III	24%	18%	18%	10%	20%
IV	23%	16%	20%	16%	25%
V	30%	16%	20%	15%	19%
VI	30%	10%	21%	16%	23%
VII	35%	16%	20%	14%	15%
VIII	61%	15%	9%	9%	6%
IX	57%	17%	11%	9%	6%
X	58%	19%	10%	10%	3%
	40%	16%	16%	12%	15%

പ്രൈമറി തലത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന കുട്ടികളിൽ ശരാശരി 30%ൽ താഴെ നില്ക്കുന്നവർ 40% വരുന്നു. 30%നും 40% നും ഇടയിൽ 16% നവും 40%നും 50%നും ഇടയിലുള്ളവർ 16%വും 50% നു 60%നവും 60%ന് മുകളിലുള്ളവർ 15%നവും വരുന്നു. എം.എൽ.എൽ നപ്പിലാക്കിയ നാല് ലോവർ പ്രൈമറി വിഭാഗം സ്കൂളുകളിൽ പഠനനിലവാരം പഞ്ചായത്ത് ശരാശരിയേക്കാൾ ഉയർന്നതും മറ്റിടങ്ങളിൽ അതിന് താഴെയുമാണ്. മാത്രമല്ല പ്രൈമറിയിലുള്ള ഹൈസ്കൂളുകളുടെ പഠനനിലവാരം വളരെ ശോചനീയമാണെന്ന് കണക്കുകളിലൂടെ ബോധ്യമായിട്ടുണ്ട്.

സ്കൂളിന്റെപേര്	തോറ്റവരുടെഎണ്ണം					ആദ്യംതോറ്റവർ					വീണ്ടും തോറ്റവർ					തോറ്റവിഷയങ്ങൾ					
	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം		ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം
ഗവ: ഹൈസ്കൂൾ ഇരുളത്ത്	30	40	70	8	2	40	30	70	8	2						ഇംഗ്ലീഷ്	30	39	69	8	2
																കണക്ക്	28	38	56	8	2
																സയൻസ്	25	36	51	7	2
																മറ്റുവിഷയങ്ങൾ	14	24	38	62	2
																	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം
ഗവ: ഹൈസ്കൂൾ കോളേരി	36	51	87	4	11	36	51	87	4	11						ഇംഗ്ലീഷ്	36	51	87	5	11
																കണക്ക്	33	49	82	5	11
																സയൻസ്	28	45	73	4	11
																മറ്റുവിഷയങ്ങൾ	14	17	31	1	3
																	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം
ഗവ: ഹൈസ്കൂൾ വാകേരി	100	89	189	4	51	73	74	147	4	32	15	15	30	0	16	ഇംഗ്ലീഷ്	25	20	45	2	15
																കണക്ക്	30	4	70	1	21
																സയൻസ്	20	19	39	0	30
																മറ്റുവിഷയങ്ങൾ	40	25	65	2	15
																	ആൺ	പെൺ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം
ശ്രീനാരായണ ഗവ: ഹൈസ്കൂൾ പുത്തൂടി	35	38	73	3	18	35	38	73	3	18	20	44	44	2	10	ഇംഗ്ലീഷ്			70	3	18
																കണക്ക്			71	3	17
																സയൻസ്			60	2	18
																മറ്റുവിഷയങ്ങൾ			62	2	14

വിദ്യാർത്ഥികളുടെ സ്ഥിതി				
	ആകെ കുട്ടികൾ			
ക്ലാസ്	ആൺ	പെൺ	ആകെ	
I	339	279	618	
II	321	341	662	
III	332	306	638	
IV	317	287	604	
Total	**1309**	**1213**	**2522**	
V	392	330	722	
VI	422	332	743	
VII	417	340	757	
Total	**1220**	**1002**	**2222**	
VIII	375	367	742	
IX	358	330	688	
X	256	277	533	
Total	**989**	**974**	**1963**	

ശ്രീ.പി.ഭാസ്കരൻ മാസ്റ്റർ തുടങ്ങിയവർ സമൂഹത്തിൽ ശ്രദ്ധേയരാണ്.

നിലവിൽ വന്ന പത്തു സ്കൂളുകളിൽ എൽ.പി.വിഭാഗവും ആറ് സ്കൂളുകളിൽ യു.പി.വിഭാഗവും നാലു സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗവും പ്രവർത്തിക്കുന്നു. മൊത്തം ഉള്ള പതിനഞ്ച് വിദ്യാലയങ്ങളിൽ കനവ് മാത്രമേ അംഗീകൃതമല്ലാത്തതുള്ളൂ.വിദ്യാലയങ്ങൾ, കുട്ടികൾ, അദ്ധ്യാപകർ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയായിക്കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുന്നവർ ഇവിടെയുള്ള പാരലൽ കോളേജുകളിലുംജില്ലയിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമാണ് ചേരുന്നത്. ചുരുക്കം വിദ്യാർത്ഥികൾ വയനാടിനും പുറത്തും അന്യസംസ്ഥാനങ്ങളിലുമുള്ള സ്ഥാപനങ്ങളിൽ ഉപരിപഠനത്തിന് ആശ്രയിക്കുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ ശരാശരി ഉയർന്ന വിജയശതമാനം പൂതാടി ശ്രീനാരായണ ഹൈസ്കൂളിനാണ്. പഞ്ചായത്തിലെ എസ്.എസ്.എൽ.സി. വിജയശതമാനം പ്രതീക്ഷിക്കുന്നത്ര ആശാവഹമല്ല. ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കപ്പെടേണ്ട വിദ്യാലയങ്ങളാണ് വാകേരിയും ഇരുളവും സ്ഥിതിവിവരകണക്കുകൾ പട്ടികയായി ചേർത്തിട്ടുണ്ട്. (പട്ടിക. 1)

നഴ്സറി, പ്രീ-പ്രൈമറി സ്ഥാപനങ്ങൾ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ടും ഇംഗ്ലീഷ് മീഡിയത്തോടുള്ള അമിതമായ ആഭിമുഖ്യം കൊണ്ടും മൂന്ന് വയസ്സ് പൂർത്തിയായ കുട്ടികളെവരെ ദൂരെ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നത്

അക്കാദമിക് നിലവാരം (ശതമാനക്കണക്കിൽ)						
ക്ലാസ്	മാതൃഭാഷ	മറ്റു ഭാഷകൾ	ഗണിതം	പരിസരപഠനം	മറ്റു വിഷയങ്ങൾ	
III	24	18	18	10	20	
IV	23	16	20	16	25	
V	30	16	20	15	19	
VI	30	10	21	16	23	
VII	35	16	20	14	15	
VIII	61	15	9	9	6	
IX	57	17	11	9	6	
X	58	19	10	10	3	

1996-97-ലെ പ്രഥമ വാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഒരു പരിഷ്ക്കാരമായി മാറിയിരിക്കുന്നു.! അയൽപക്ക വിദ്യാലയത്തിന്റെ പ്രാധാന്യവും സാമൂഹ്യപ്രസക്തിയും എന്തെന്ന് അറിയില്ലാത്തതാണ് ഇതിനൊക്കെ കാരണമാകുന്നത് കിട്ടിയ അറിവും ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാതെ വന്ന നിസ്സഹായരും നിസ്സംഗരുമായ ഒരു വലിയ തൊഴിലില്ലാപടയെ കേരളം സൃഷ്ടിക്കുമ്പോൾ പൂതാടിക്കുമാത്രം അതിൽ നിന്നും വീട്ടു നിൽക്കാൻ കഴിയില്ലല്ലോ.

കേരളത്തിലെ പ്രൈമറി സ്കൂളുളിൽ ശരിയായ അക്ഷരജ്ഞാനവും അക്കജ്ഞാനപവും ഇല്ലാത്തവരായി- നിരക്ഷരരായി-മുപ്പത് ശതമാനം കുട്ടികൾ ഉണ്ടെന്ന വസ്തുത ഞെട്ടിപ്പിക്കുന്നതാണ്. ഈ സ്ഥിതി നമ്മുടെ പഞ്ചായത്തിലും വ്യത്യസ്തമായിരിക്കാനിടയില്ല. പ്രൈമറി വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമാകുമ്പോൾ മാത്രമേ ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ സാധിക്കു. ഡി.പി.ഇ.പിയുടെ ഭാഗമായി നിലവിൽ നടത്തപ്പെടുന്ന അവശ്യപഠനനിലവാരപദ്ധതി, അടുത്ത വർഷത്തോടെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിലൂടെ ഈ പോരായ്മക്ക് പരിഹാരം കാണാമെന്ന് പ്രതീക്ഷിക്കാം (പട്ടിക 2)

ഭൂരിഭാഗംസമയത്തും മണ്ണിനോട് മല്ലിടുവാനും തൊഴിൽ ചെയ്യുവാനും വിധേയരായ രക്ഷിതാക്കൾ ഈ അടുത്തകാലത്തായി തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുമ്ട്. ഡി.പി.ഇ.പി.യുടെ പ്രവർത്തനം രക്ഷിതാക്കളുടെ ബോധവൽക്കരണ പ്രവർത്തനത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തുവരുന്നു. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ ഇനിയുംപ്രവർത്തനക്ഷമമായിട്ടില്ല. വിദ്യാർത്ഥി

സ്കൂൾ പൊതുവിവരം

നമ്പർ	സ്ക്കൂളിന്റ പേര്	ഹൈസ്-ക്കുൾ യു.പി എൽ. പി. സ്ക്കൂൾ	ഉടമസ്ഥത	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ വിവരം			സ്ഥലം സ്വന്തം	സ്ഥലം വാടക	കെട്ടിടം വാടക	പഠന - ഭൗതിക സൗകര്യങ്ങൾ						സ്ഥാപിച്ച വർഷം
				ആൺ	പെൺ		ഗവ.	താൽ	ഭിന്നശേ				കുടിവെള്ള സൗകര്യം (ഉണ്ട്-ഇല്ല)	ടോയ്ലറ്റ് (ഉണ്ട്/ഇല്ല)	ലൈബ്രറി (ഉണ്ട്/ഇല്ല)	കളിസ്ഥലം (ഉണ്ട്/ഇല്ല)	PTA	മദർ PTA	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	ഗവ. ഹൈസ്ക്കൂൾ, കോളേരി	ഹൈസ്ക്കുൾ	ഗവ.	222	235	457	19	19	–			ഇല്ല	പോര	ഉണ്ട്	ഉണ്ട	ഉണ്ട്	ഉണ്ട്	ഉണ്ട്	1976
2	ഗവ. ഹൈസ്ക്കൂൾ, ഇരുളം		"	489	505	994	30	27	3				പോര	"	"	"	"	"	1962
3	ഗവ. ഹൈസ്ക്കൂൾ, വാകേരി		"	730	629	1359	46	33	13				പോര	"	"	"	"	"	1961
4	ശ്രീ നാരായണ ഹൈസ്ക്കൂൾ, പൂതാടി		മാനേജ്മെന്റ്	276	280	556	27	27	–				പോര	"	"		"	"	
5	ഗവ. യു. പി. സ്ക്കൂൾ, പൂതാടി	യു.പി	ഗവ.	311	282	593	18	18	–				പോര	"	"	ഇല്ല	"	"	
6	ഗവ. യു. പി. സ്ക്കൂൾ, വരദൂർ		മാനേജ്മെന്റ്	322	268	590	18	18	–				പോര	"	"	"	"	"	
7	എ. യൂ. പി.സ്ക്കൂൾ, കോളേരി		"	393	301	694	27	27	–				പോര	"	"	"	"	"	
8	എ. യു. പി. സ്ക്കൂൾ, അരിമുള	എൽ. പി	"	225	210	435	18	18	–				പോര	ഇല്ല	ഇല്ല	"	"	"	
9	ഗവ.എൽ.പി. സ്ക്കൂൾ, അതിരാറ്റ്കുന്ന്		ഗവ.				4	3	1				പോര	"	"	"	"	"	
10	എ. എൽ. പി. സ്ക്കൂൾ, വാളവയൽ	പഞ്ചായത്ത്		75	75	150	4	4	–				പോര	ഉണ്ട്	"	"	"	"	1996
11	എ. എൽ. പി. സ്ക്കൂൾ, മരിയാനാട്		"	177	158	335	8	8	–				മതി	"	"	"	"	"	
12	എ. എൽ. പി. സ്ക്കൂൾ, ശ്രീനാരായണപുരം		"	106	99	205	6	6	–				മതി						
13	എ. എൽ. പി. സ്ക്കൾ, കേണിച്ചിറ		അംഗീകാരം	54	63	117	4	4	–										
14	ട്രൈബൽ ആശ്രമവിദ്യാലയം, കേണിച്ചിറ		ഗവ.	–	50	50				ഇല്ല	ഇല്ല								
15	കനവ്, ചീങ്ങോട്		സ്വകാര്യം	22	23	45													

മാർക്കു സംബന്ധിച്ച വിവരം

സ്കൂളിന്റെ പേര്	210 - 300			300 - 360			360 - 450			450-			ആദ്യം പരീക്ഷക്കിരുന്നവർ			
	ആൺ	പെൺ	ആകെ.	ആൺ	പെൺ	ആകെ.	ആൺ	പെൺ	ആകെ.	ആൺ	പെൺ	ആകെ.				
ഗവ. ഹൈ സ്ക്കൂൾ, ഇരുളത്ത്	5	15	20	–	4	4	1	0	1	0	0	0				
ഗവ. ഹൈസ്ക്കൂൾ, കോളേരി	8	18	26	1	3	4	2	0	2	1	1	2				
ഗവ. സ്ക്കൂൾ വാകേരി	35	31	66	3	3	6	0	0	0	0	0	0				
ശ്രീ നാരായണ ഹൈസ്ക്കുൾ പൂതാടി	59	57	116	12	9	21	4	4	8	0	0	1				

കൾക്കിടയിലെ നിരക്ഷരത മാറ്റിയെടുക്കാനും ഭൂരി ഭാഗം കുട്ടികളെയും പ്രാവീണ്യനിലവാരത്തിലെത്തി ക്കാനും അധ്യാപകർ, രക്ഷിതാക്കൾ, പ്രാദേശികഭരണ കൂടം, വിവിധ ഡിപ്പാർട്ടുമെന്റുകൾ, സന്നദ്ധസംഘടന കൾ എന്നിവയുടെയോജിച്ച പ്രവർത്തനം വഴി സാധിക്കും.

അക്കാദമിക് രംഗത്തെ നിലവാരത്തകർച്ച, സമ യത്ത് പാഠപുസ്തകങ്ങൾ ലഭിക്കാതിരിക്കൽ, കൂടിയ അധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതീകസാഹ ചര്യങ്ങളുടെ കുറവ്, അധ്യാപകരക്ഷാകർത്തൃസമിതി കളുടെ പ്രവർത്തനക്ഷമതയിലുള്ള പോരായ്മകൾ, ഉച്ച ക്കഞ്ഞിവിതരണം ചെയ്യുന്നതിനുള്ള സാമ്പത്തിക ബാധ്യതകൾ, സാങ്കേതിക വിദ്യാഭ്യാസ സൗകര്യ ത്തിന്റെ അഭാവം,, ആദിവാസി കുട്ടികളുടെ ഹാജർ കുറവ് തുടങ്ങിയ പ്രശ്നങ്ങളെല്ലാം പൊതുവെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെപ്പറ്റി പറയുമ്പോൾ പ്രഥമപരിഗണന വിദ്യാലയത്തിലെ അക്കാദമിക് നില വാരം ഉയർത്തുന്നതിനാണ്. ക്ലാസ്സ് മുറിയിലെ പഠനം രസകരവും അർത്ഥപൂർണ്ണവുമാക്കാൻ ഫലപ്രദമായ പഠനപ്രവർത്തനങ്ങൾക്ക് കഴിയും. കേട്ടതു വേഗം മറക്കും, കണ്ടത് അത്രവേഗം മറക്കില്ല, അനുഭവിച്ചത് ഒരിക്കലും മറക്കില്ല, അതുകൊണ്ട് കേൾക്കുന്നതിനേക്കാൾ കാണാനും ചെയ്യാനും പറ്റിയ പഠന പ്രവർത്തനങ്ങ ളുടെ പ്രാധാന്യം ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്., ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ബ്ലോക്ക് ബോർഡുകൾ, ഫർണിച്ചറുകൾ എന്നിവയുടെ ലഭ്യത പ്രധാനമാണ്,. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടിക യായി ചേർത്തിട്ടുണ്ട് (പട്ടിക 2)

ഭൗതീക സാഹചര്യക്കുറവ് പൂതാടി ഗവണ്മെന്റ് യു.പി.സ്കൂൾ, ഇരുളം, വാകേരി ഹൈസ്കൂളുകൾ എന്നി വയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പൂതാടി ഗവ. യു.പി.സ്കൂളിൽ സെഷണൽ സമ്പ്രദായമാണ് നില വിലുള്ളത്. കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലവും കുറവാണ്. 13സെന്റ് സ്ഥലവും പഴയ വാടക കെട്ടി ടവും അക്വയർ ചെയ്ത് കെട്ടിടം പണി പൂർത്തിയാ ക്കിയാലേ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാ നാകൂ.

പരിഹാരങ്ങൾ സാധ്യതകൾ

1. ഇരുളം ഗവ. ഹൈസ്കൂൾ, പൂതാടി ഗവ.യു.പി.സ്കൂൾ എന്നിവിടങ്ങളിലെ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുന്നതിനുവേണ്ട നടപടി കൾ സ്വീകരിക്കണം.

2. സ്കൂളുകളിലെ പഠനനിലവാരമുയർത്തുന്നതിന് സഹായകമായ രീതിയിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്ത നങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പി ലാക്കണം.

3. നിലവിലുള്ള വില്ലേജ് എജ്യുക്കേഷൻ കമ്മിറ്റി യുടെ പ്രവർത്തനം ഫലപ്രദമാക്കണം.

സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കത്തക്കവിധത്തിൽ വി.ഇ.സിയെ പ്രവർത്തനക്ഷമമാക്കണം.

4. വി.ഇ.സിയുടെ ആഭിമുഖ്യത്തിൽ വിവിധ ക്ലബ്ബുകൾ ആരംഭിക്കുകയും ചോദ്യക്കടലാസ് തയ്യാ റാക്കുന്നതിനും കലാ-കായിക-ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നതിനും ശ്രമിക്കുക.

5. പഞ്ചായത്തിൽ നഴ്സറി സ്കൂളുകൾ ആവ ശ്യമുള്ളിടത്ത് സമയബന്ധിതമായി സ്ഥാപിക്കുന്നതി നുള്ളള നടപടികൾ സ്വീകരിക്കുക.

6. വിദ്യാഭ്യാസ സൗകര്യം കുറഞ്ഞ ആദിവാസി കോളനികളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ ആരം ഭിക്കുക.

7. വിദ്യാഭ്യാസ സൗകര്യം കുറഞ്ഞതും ആദിവാ സികൾ കൂടുതലുള്ളതുമായ നെയ്ക്കുപ്പ പ്രദേശത്ത് ഒരു പ്രൈമറി സ്കൂൾ ആരംഭിക്കേണ്ടത് ആവശ്യമാണ്.

8. പഞ്ചായത്ത് എൽപി.സ്കൂൾ അപഗ്രേഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തുക.

9. വാര്യാട്ടുകോളനി താന്നിക്കുന്ന് എന്നിവിടങ്ങ ളിൽ അംഗൻവാടികളുടെ അത്യാവശ്യമുണ്ട്.

10. പഞ്ചായത്ത് ആസ്ഥാനത്ത് ആരു പൊതുക ളിസ്ഥലം നിർമ്മിക്കുക

11. വാകേരി കക്കടം കുന്നിൽ ഡി.പി.ഇ.പിയുടെ ആഭിമുഖ്യത്തിൽ തുടങ്ങാൻ നിർദ്ദേ ശിച്ചിരിക്കുന്ന എൽ.പി.സ്കൂൾ അടുത്ത അദ്ധ്യയന വർഷം ആദ്യംതന്നെ തുടങ്ങാൻ നടപടിയെടുക്കുക.

12. പൂതാടി, വാകേരി, ഇരുളം, കോളേരി എന്നീ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി ആരംഭിക്കുക.

13. പഞ്ചായത്ത് ആസ്ഥാനമായ കേണിച്ചിറ യിൽ കമ്പ്യൂട്ടർ പഠനത്തിനും മറ്റു സാങ്കേതിക പഠന ത്തിനും വേണ്ട സൗകര്യങ്ങൾ ഒരുക്കണം.

14. കേണിച്ചിറയിൽ സർക്കാർ/എയിഡഡ് പ്രൈമറി സ്കൂൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീക രിക്കുക.

15. കേണിച്ചിറയിൽ പ്രവർത്തിച്ചുവരുന്ന കാട്ടു നായ്ക്ക പെൺകുട്ടികളുടെ ആശ്രമവിദ്യാലയത്തിന് അനുയോജ്യമായ സ്ഥലത്ത് സ്ഥിരം കെട്ടിടം നിർമ്മി ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. സ്കൂളിന് സ്ഥലമെടുക്കുന്നതിനാവശ്യമായ ധനസഹായം സർക്കാറിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കുക.

കുടിവെള്ളവും പൊതുജന ആരോഗ്യവും

ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കുടിവെള്ളം. അതിരൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന പഞ്ചായത്താണ് പൂതാടി. 85% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനലാവുന്നതോടെ ബഹുഭൂരിപക്ഷം കിണറുകളിലും വെള്ളം വറ്റുന്ന അവസ്ഥയാണുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ ഒരു ശുദ്ധജലവിതരണ പദ്ധതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്ന്, രണ്ട്, മൂന്ന്, അഞ്ച്, ആറ് വാർഡുകളിൽ കൂടി ഈ പൈപ്പ് ലൈൻ കടന്നുപോകുന്നുണ്ടെങ്കിലും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലല്ല ഇതിന്റെ പ്രവർത്തനം. കിണറുകൾ കുഴിച്ച് എല്ലാ പ്രദേശത്തും വെള്ളം എത്തിക്കുക എന്നത് അപ്രായോഗികമാണ്. അതിനാൽ ജനപങ്കാളിത്തത്തോടുകൂടി ജനകീയ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ ശാശ്വതമായി പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ.

കുടിവെള്ള ക്ഷാമ പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1: നെയ്ക്കുപ്പ, പുഞ്ചക്കുന്ന്, താഴെ നെയ്ക്കുപ്പ എന്നിവിടങ്ങളിൽ രണ്ട് ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുക. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 6 കിണറുകൾ കുഴിക്കുക. പൊതുവിതരണ ടാപ്പുകളിലെ ജലം കൃത്യമായി ലഭ്യമാക്കുക.

വാർഡ് 2: ചെറുകുന്ന് കോളനിയിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക. നിലവിലുള്ള പൈപ്പ്ലൈൻ ചെറുകുന്നിലേക്ക് നീട്ടുക, പുളിങ്കവല, നടവയൽ ജംഗ്ഷൻ, വെള്ളിനാം കുന്നേൽ, തോണിക്കുഴിക്കാരുടെ സ്ഥലത്ത്, കൊവളയിൽ,, പൊന്നങ്കര, വീട്ടിപ്പുര, വീട്ടിപ്പുര, കൊട്ടവയൽ, കോളനികൾ കുണ്ട്യാർകുന്ന് എന്നിവിടങ്ങളിൽ കിണറുകൾ നിർമ്മിക്കുക.

വാർഡ് 3: നെല്ലിക്കര ജംഗ്ഷനിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 10 കിണറുകൾ കുഴിക്കുക.

വാർഡ് 4: കുഴിവേലിപ്പുറം, വാര്യാട്ട് ഭാഗം വാണാറമ്പത്ത് എന്നീ പ്രദേശങ്ങളിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുക. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 6 കിണറുകൾ നിർമ്മിക്കുക.

വാർഡ് 5: മില്ലുമുക്ക് ഇരുത്തിലോട്ടുകുന്ന് മാന്തടംകുന്ന്, പുളിയമ്പറ്റകുന്ന്, ചീങ്ങോട്ട് കിഴക്കേഭാഗം, അതിരാറ്റുകുന്ന്, കേളമംഗലം എന്നിവിടങ്ങളിൽ കിണർകുഴിച്ചാൽ ഈ വാർഡിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാം.

വാർഡ് 6: വളാഞ്ചേരി, കോളേരി പടിഞ്ഞാറുഭാഗം, കുണ്ടിച്ചിറ, മുത്താരംകുന്ന്, വെള്ളിമലക്കുന്ന്, സൊസൈറ്റിക്കവല എന്നിവിടങ്ങളിൽ ജനപങ്കാളിത്തത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുക. കൂടാതെ ഗവ:ഹൈസ്കൂൾ, കോളേരി, പാടിയമ്പം, താഴെ പുളിക്കൽ മോസ്ക്കോക്കുന്ന് സൊസൈറ്റിക്കവല, കേഴമുക്ക് അമ്പലത്താഴെ എന്നിവിടങ്ങളിൽ കിണറുകൾ നിർമ്മിക്കുക. സൊസൈറ്റിക്കവലയിലുള്ള കുഴൽക്കിണർ റിപ്പയർ ചെയ്യുക.

വാർഡ് 7: വാളവയലിലുള്ള കുഴൽകിണർ ഉപയോഗപ്പെടുത്തി വട്ടത്താനിയിൽ ടാങ്ക് നിർമ്മിച്ച് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ ഏഴാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. മിച്ചഭൂമി, വട്ടത്താനി, ഗാന്ധിനഗർ, അഴീക്കോടൻ നഗർ, പാപ്പൂട്ടിക്കുന്ന്, തൊപ്പിപ്പാറ എന്നിവയാണ് കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങൾ. ആവശ്യമായ മുഴുവൻ മനുഷ്യാദ്ധ്വാനവും സംഭാവന ചെയ്യാൻ പ്രദേശത്തുകാർ തയ്യാറാണ്. കൂടാതെ 7ാം വാർഡിന്റെ അതിർത്തിയിൽ 10ാം വാർഡിൽ കുളം കുഴിച്ച് ശുദ്ധജലവിതരണം നടത്താൻ കഴിയും. അല്ലെങ്കിൽ 10 കിണറുകൾ കുഴിച്ചാലും പ്രശ്നം പരിഹരിക്കപ്പെടില്ല.

വാർഡ് 8: കല്ലൂർക്കുന്ന് താഴത്തങ്ങാടിയിൽ ചെറുകിട ശുദ്ധജലവിതരണ പദ്ധതിയും അതുപോലെ പുറക്കാടി പഞ്ചായത്തിലെ വാട്ടർടാങ്കിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കല്ലൂർ ക്കുന്ന്, ഞാറ്റടി, ചോയ്ക്കൊല്ലി എന്നിവിടങ്ങളിൽ ശുദ്ധജദല പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക. ഓടക്കുറ്റി, കൂടല്ലൂർ, കല്ലൂർ കോളനി, ചേമ്പുംകൊല്ലി, കല്ലൂർകുന്ന് വെമ്പിലാത്ത്, ഞാറ്റടി, ചോയ്ക്കൊല്ലി നാരായണപുരം സ്കൂൾ, നാരായണപുരം എന്നിവിടങ്ങളിൽ കിണറുകൾ നിർമ്മിക്കുക.

വാർഡ് 9: ചോയിക്കൊല്ലി പ്രദേശത്ത് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. വാകേരി നായ്ക്ക കോളനി, ചെമ്പകം മൂല, തേൻകുഴി, രണ്ടാം നമ്പർ ജംഗ്ഷൻ, ചേമ്പുംകൊല്ലി, വാലി എസ്റ്റേറ്റ് പ്രദേശം, താഴെ അംഗനവാടിക്കുന്ന്, തേൻകുഴി കുറുമ കോളനി, പ്ലാക്കൂട്ടം കുറുമ കോളനി, നാഗത്തിൽ ചന്ദ്രന്റെ വീടു പരിസരം എന്നിവിടങ്ങളിൽ കിണറുകൾ നിർമ്മിക്കുക.

വാർഡ് 10: മരിയനാട് പ്രദേശം, മാരമല, എന്നിവിടങ്ങളിലും ഓർക്കടവ്– 17 ഏക്കർ, ചുണ്ടക്കൊല്ലി,അമ്പലപ്പടി പ്രദേശങ്ങളെ ബന്ധപ്പെടുത്തിയും ചാത്തമംഗലം, അങ്ങാടിശ്ശേരി, അമ്പലപ്പാടി പ്രദേശങ്ങളെ ബന്ധപ്പെടുത്തിയും ശുദ്ധജലപദ്ധതികൾ നടപ്പിലാക്കുക. ഇരുളം കോളനി, കല്ലോണിയിൽ സുകുമാരന്റെ വീടിന്റെ താഴെ എന്നിവിടങ്ങളിൽ കിണർ കുഴിക്കുകയും ഇരുളം ടൗണി നടുത്തുള്ള പഞ്ചായത്ത് വക കുളം വിപുലപ്പെടുത്തുകയും ചെയ്യുക.

വാർഡ് 11: കോട്ടകൊല്ലി പ്രദേശത്ത് ശുദ്ധജല വിതരണ പദ്ധതിയും ചീയമ്പം സബ് സെന്ററിൽ ഒരു കിണറും നിർമ്മിക്കുക. നിലവിലുള്ള മിച്ചഭൂമി ശുദ്ധ ജലവിതരണ പദ്ധതി വിപുലീകരിക്കുക. കല്ലോണിക്കുന്നിലെ കിണർ പൂർത്തീകരിക്കുക.

വാർഡ് 12: ചെറുകിട ശുദ്ധ ജലവിതരണ പദ്ധതികൾ വളാഞ്ചേരി അതിരാറ്റുകുന്ന് സ്കൂൾ കുന്ന് പ്രദേശത്തും നടപ്പിലാക്കുക. ഇരുകണ്ണി പണിയകോളനി, തട്ടക്കൊല്ലി പണിയകോളനി കണ്ടംചിറകുന്ന്, ഫോറസ്റ്റ് റോഡ്, കല്ലോണിക്കുന്ന്, എല്ലക്കൊല്ലി ജംഗ്ഷൻ, അങ്ങാടിശ്ശേരി, മണൽ വയൽ എന്നിവിടങ്ങലിൽ പൊതു കിണറുകൾ നിർമ്മിക്കുക. അങ്ങാടിശ്ശേരി കല്ലോണിക്കുന്ന് കുഴൽ കിണറുകൾ നന്നാക്കുകയും സ്കൂൾ കിണറിന് നെറ്റ് ഇടുകയും ചെയ്യുക.

വാർഡ് 13 : വട്ടപ്പാടി പ്രദേശത്ത് ഒരു ചെറുകിട ശുദ്ധജലവിതരണ പദ്ധതിയും വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 7 കിണറുകൾ നിർമ്മിക്കുകയും ചെയ്താൽ വാർഡിൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്.

ആരോഗ്യം

ആരോഗ്യമുള്ള ജനതയാണ് ഒരു നാടിന്റെ സമ്പത്ത്. 2000മാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ശ്രമിക്കുമ്പോഴും കേരളത്തിന്റെ ആരോഗ്യസ്ഥിതി ദുർബലമായ അടിത്തറയിലാണ് നിലനിൽക്കുന്നത് എന്ന യാഥാർത്ഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യരംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പൂതാടി പഞ്ചായത്ത് വളരെയൊന്നും പുരോഗതി കൈവരിച്ചതായി പറയാൻ കഴിയില്ല. മൊത്തം ജനസംഖ്യയുടെ 21%ഉം ആദിവാസി ജനവിഭാഗങ്ങളാണ്. ഈ വിഭാഗത്തിൽ നല്ലൊരു ശതമാനം നിത്യരോഗികളാണ്. ആദിവാസികളും ദുർബ്ബല ജനവിഭാഗങ്ങളും ചികിത്സക്കായി പ്രധാനമായും ആശ്രയിക്കുന്നത് കേണിച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രത്തെയാണ്. ഈ സ്ഥാപനത്തിലാകട്ടെ വേണ്ടത്ര സൗകര്യങ്ങളും ഇല്ല. പഞ്ചായത്തിലെ 8 വാർഡുകളിൽ മാത്രമേ ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. ഈ സബ് സെന്ററുകളിലൊന്നും ഡോക്ടറുടെ സേവനം വേണ്ടത്ര ലഭിക്കാറില്ല. പല വാർഡുകളിലേയും സെന്ററുകളിൽ നഴ്സിന്റെ സേവനം മാസങ്ങളോളം ലഭിക്കാതിരുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ തായി ഒരു ഹോമിയോ ഡിസ്പെൻസറിയും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്.

കുറഞ്ഞ മരണനിരക്കും കൂടിയ രോഗസാധ്യതയുമാണ് പഞ്ചായത്തിലെ ആരോഗ്യസ്ഥിതിയുടെ പ്രത്യേകത. ഉയർന്ന രോഗാതുരത, പൊതുജനാരോഗ്യസംവിധാനങ്ങളുടെ തകർച്ച, ചികിത്സാച ചെലവിലുള്ള വമ്പിച്ച വർദ്ധന , പോഷണ നിലവാരത്തിലുണ്ടായ കുറവ് എന്നിവയാണ് ആരോഗ്യരംഗത്തെ പ്രധാന പ്രശ്നങ്ങൾ. ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരളത്തിന് സമുചിതമായ ആരോഗ്യനയം ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യമാണ്. പൊതുജനാരോഗ്യസംവിധാനത്തിന്റെ തകർച്ച പരിഹരിച്ച് അവയിൽ ജനങ്ങൾക്കുള്ള വിശ്വാസം പുനസ്ഥാപിക്കലായിരിക്കണം ജനകീയ ആരോഗ്യനയത്തിന്റെ പ്രധാനലക്ഷ്യം. ധനപരവും ഭരണപരവുമായി ആരോ

ഗ്യരംഗത്ത് അധികാര വികേന്ദ്രീകരണം നടത്തിക്കൊണ്ടും ജനപങ്കാളിത്തത്തോടുകൂടിയും മാത്രമേ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാനാവൂ. നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ജനപങ്കാളിത്തത്തോടെ നടത്തുന്നതിനുള്ള ഒരു വലിയ ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകേണ്ടിയിരിക്കുന്നു.

പൂതാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ആരോഗ്യസ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പ്രാഥമിക ആരോഗ്യകേന്ദ്രം	1
ആയുർവേദ ഡിസ്പെൻസറി	1
ഹോമിയോ ഡിസ്പെൻസറി	1
ഐ.പി.പി.ഉപകേന്ദ്രങ്ങൾ	9

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. പരിസരശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ ആദിവാസി കോളനികളിലും മിച്ചഭൂമി, കോളനികളിലും പരിസരശുചിത്വം പാലിക്കപ്പെടുന്നില്ല. ഇവിടങ്ങളിൽ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതുമൂലം പലവിധത്തിലുള്ള പകർച്ച വ്യാധികളും മറ്റുരോഗങ്ങളും പിടിപെടുന്നു. കക്കൂസുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള അറിവില്ലായ്മയും പരിസരശുചിത്വമില്ലായ്മക്ക് കാരണമാകുന്നുണ്ട്.

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	വാർഡ്	സർക്കാർ സ്ഥാപനങ്ങൾ	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	I	ഇല്ല	-	-
2	II	ചെമ്പകപ്പാറ സബ് സെന്റർ	1988	1
3	III	ഇല്ല	-	-
4	IV	സബ് സെന്റർ, താഴമുണ്ട	1988	1
5	V	പ്രാഥമിക ആരോഗ്യ കേന്ദ്രം കേണിച്ചിറ	1988	16
6		സബ് സെന്റർ കേണിച്ചിറ	1988	1
7	VI	ഇല്ല	-	-
8	VII	സബ് സെന്റർ, വാളവയൽ	1988	1
9	VIII	ഗവ: ഹോമിയോ ഡിസ്പൻസറി	-	3
10		സബ് സെന്റർ, കല്ലൂർകുന്ന്	1988	1
11	IX	സബ് സെന്റർ, വാകേരി	1988	1
12		ഗവ: ആയൂർവേദ ഡിസ്പെൻസെറി	1995	3
13	X	ഇല്ല		
14	XI	സബ് സെന്റർ	1988	1
15	XII	സബ് സെന്റർ, വാളാഞ്ചേരി	1988	-
16		സബ് സെന്റർ, ഇരുളം	,,	
17	XIII	ഇല്ല	-	

1. പരിസരശുചിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തുക

2. ദുർബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നല്കുക.

3. വാർഡുതലത്തിൽ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് (സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തി) ദുർബ്ബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

4. പഞ്ചായത്ത് ആസ്ഥാനമായ കേണിച്ചിറയിൽ പൊതുവായ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

5. പ്രധാനടൗണുകളിൽ ഓവുചാലുകൾ നിർമ്മിക്കുക.

6. മത്സ്യ-മാംസങ്ങൾ വിൽക്കുന്നതിന് ടൗണുകളിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുക

7. കേണിച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക. ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

8. സബ്സെന്ററുകളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക.

9. കേണിച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രം ആശുപത്രിയായി ഉയർത്തുക.

10. സബ്സെന്ററുകളിൽ ഹെൽത്ത് വിസിറ്റേഴ്സിന്റെ സേവനം കാര്യക്ഷമമാക്കുക.

11. സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കുക

12. സ്കൂളുകളിൽ വൈദ്യപരിശോധനകൾ നടത്തുക

13. അഭ്യസ്ഥ വിദ്യരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് ആരോഗ്യസംരക്ഷണ പരിശീലന പരിപാടി ത്വരിതപ്പെടുത്തുക.

14. കൊതുകുനിർമ്മാർജ്ജന പരിപാടി ത്വരിതപ്പെടുത്തുക.

''വിശന്നു വലയുന്ന പട്ടിണിപ്പാവങ്ങളുടെ മുന്നിൽ ഈശ്വരനെ അവതരിപ്പിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല. അവരുടെ ഈശ്വരൻ ആഹാരമാണ്.''

-ഗാന്ധിജി



ഗതാഗതം – ഊർജ്ജം

ആമുഖം

വയനാട് ജില്ലയിലെ മറ്റ് പഞ്ചായത്തുകളെ പ്പോലെ തന്നെ പൂതാടി പഞ്ചായത്തിലും റയിൽ ഗതാഗതം ഇല്ല. ഈ പഞ്ചായത്തിൽ കൂടി നാഷണൽ ഹൈവേയോ സ്റ്റേറ്റ് ഹൈവേയോ കടന്നുപോകുന്നില്ല. പനമരം– ബീനാച്ചി പി.ഡബ്ല്യു.ഡി റോഡും ബത്തേരി–പുൽപ്പള്ളി റോഡുമാണ് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകൾ

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ ആകെ റോഡ് കി.മി ആണ്. ഒരു ച.കി.മി വിസ്തീർണ്ണത്തിന് കി.മി. റോഡ് സംസ്ഥാന ശരാശരിയായ 3.2 കി.മി/ച.മി.യിൽ നിന്നും ഏറെ താഴെയാണ് ഇത്. പഞ്ചായത്തിലെ ടാർ ചെയ്ത റോഡ് കി.മി ആണ്. മൂന്ന് പ്രധാന ടൗണുകൾ (കേണിച്ചിറ, ഇരുളം, വാകേരി) ഉള്ള പഞ്ചായത്തിൽ ബസ്റ്റാന്റ് ഇല്ല. ഓട്ടോറിക്ഷാ സ്റ്റാന്റ്, ടാക്സി ലോറി സ്റ്റാന്റുകൾ എന്നിവയൊന്നും തന്നെയില്ല. പഞ്ചായത്തിലെ മിക്കവാറും ടൗണുകളിൽ ബസ്വെയ്റ്റിംഗ് ഷെഡുകൾ ഇല്ലയെന്നു തന്നെ പറയാം. പഞ്ചായത്തിലെ പ്രധാനടൗണുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ആവശ്യത്തിന് ബസ്സ് സർവ്വീസുകൾ ഇല്ലയെന്നതും, പഞ്ചായത്ത് ആസ്ഥാനത്ത് എത്തണമെങ്കിൽ കിലോമീറ്ററുകളോളം ദൂരം അധികയാത്രചെയ്ത് എത്തേണ്ടതുമായ സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്ര സൗകര്യം എന്നിവ താഴെ പട്ടികയിൽ കൊടുക്കുന്നു. (പട്ടിക 1)

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ നിലവിലുള്ള അവസ്ഥ അത്യധികം ശോചനീയമാണ്. പുൽപ്പള്ളി–ബത്തേരി റോഡ് ഒഴികെ മറ്റു റോഡുകളിൽ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടന്നിട്ടില്ല. വർഷക്കാലത്ത്; കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ മിക്കവാറും കാൽനടയാത്രക്കുപോലും ദു:സ്സഹമാണ്. പഞ്ചായത്തിലെ റോഡുകൾക്ക് ഒന്നിനും തന്നെ ഓവുചാലുകൾ ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. റോഡുകളിലെ നീർക്കെട്ടിന് പ്രധാനകാരണം കലുങ്കുകളുടെ അഭാവമാണ്. അവശ്യത്തിന് ഫണ്ടില്ലായ്മ ഈ പഞ്ചായത്തിന്റെ എല്ലാ വികസനപ്രവർത്തനത്തിനും വിഘാതം സൃഷ്ടിക്കുന്നു.

റോഡുനിർമ്മാണം

1. ടാർറോഡുകളുടെ പ്രശ്നങ്ങൾ

റിക്കാർഡുകളിൽ ടാർ റോഡുകൾ ആണെങ്കിലും ഈ പഞ്ചായത്തിലെ റോഡുകൾ ഫലത്തിൽ മൺറോഡുകളെക്കാൾ ദയനീയമാണ്. കുണ്ടും കുഴിയും നിറഞ്ഞ ടാർ റോഡുകളുടെ വീതികുറവും ഗുണനിലവാരമില്ലായ്മയും ഓവുചാലുകൾ ഇല്ലായ്മയും ടാർറോഡുകളെ ശോചനീയവും അപകടകരവുമാക്കിത്തീർത്തിരിക്കുന്നു. പഞ്ചായത്തിലെ ടാർ റോഡിന് ഒന്നിനു പോലും സൈൻ ബോർഡുകളോ കി.മീറ്റർ കുറ്റികളോ ഇല്ലായെന്നുള്ളതും ഒരു കുറവ് തന്നെയാണ്. വളവിന്റെ ദുർഘടാവസ്ഥയും ഇരുളം മുന്നാനക്കുഴി റോഡിന്റെ വീതിയില്ലായ്മയും ഏറെ അപകടം ക്ഷണിച്ചുവരുത്തുന്നുണ്ട്.

മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

പഞ്ചായത്തിലെ മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും അവസ്ഥ വളരെ മോശമാണ്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാതിരുന്നാൽ കാൽനടയാത്രക്കുപോലും കഴിയാത്ത സ്ഥിതി സംജാതമാകും. മെറ്റൽ റോഡുകൾ ടാർ ചെയ്യുന്നതിനും നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ, വാർഡുകളിൽ നിന്നും വന്ന റിപ്പോർട്ടനുസരിച്ച് പട്ടിക 2ൽ ചേർക്കുന്നു.

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം.km	വീതി	പാലം (ആവശ്യം)	കലുങ്ക്
1	0101	കാറ്റാടിക്കവല-പൂതാടി	2.5. km			
	0102	വടവയൽ-പുലച്ചിക്കുനി	2.km			
2	0201	പൂതാടി-ഉണ്ണിക്കുന്നേൽ-നടവയൽ	1.km			
	0202	പൊന്നങ്കര-വരദൂർ	1.5km			
	0203	പൂതാടി - ചെമ്പകംപ്പറ്റ	2.km			
3	0301	പൂതാടി-താഴമുണ്ട	2.5km			
	0302	പൂതാടി-പൊന്നങ്കര	1.5km			
	0303	S. N. H. S അപ്രോച്ചസ് റോഡ്	0.100m			
4	0401	പ്രിയദർശിനി-അരൂർകുന്ന്	750m			
	0402	A. K. G -അണ്ണാംവയൽ	1km			
	0403	നെല്ലിക്കര-വാങ്ങോട്	1.km			
5	0501	പുളിയംപറ്റ-എടക്കാടയൽ	2.200 km			
	0502	കേണിച്ചിറ-കേളമംഗലം	500m			
6	0601	ഇല്ല				
7	0701	വാളവയൽ-വട്ടത്താണി-കുരിശിൻകവല കല്ലൂർകുന്ന്-വാകേരി-കക്കടാംകുന്ന് കട്ടയാട്-ബീനാച്ചി	11.km			
8	0801	താഴത്തങ്ങാടി-മൂടകൊല്ലി കൂടല്ലൂർ	1.800km			
	0802	വാകേരി-കല്ലൂർക്കുന്ന്	3.km			
	0803	വാകേരി- വേമ്പിലാത്ത്	750. km			
9	0801	കക്കടംകുന്ന് -നെല്ലിക്കണ്ടം	1.5km			
	0802	വാകേരി HS- പോയിക്കൊല്ലി	1.5km			
10	1001	ഓർക്കടവ് - ചുണ്ടക്കൊല്ലി	1.km			
	1002	ചുണ്ടക്കൊല്ലി -17ഏക്കർ	800m			
	1003	ഇരുളം- ചാത്തമംഗലംകുന്ന്	1.200km			
	1004	ചുണ്ടക്കൊല്ലി-വെളുത്തരിക്കുന്ന്	800m			
	1005	ഇരുളം- കോളനി	500m			
	1006	പങ്കുമൂപ്പൻകോളനി	200m			
11	1101	ചീയമ്പം-കോട്ടക്കല്ലി-കല്ലോണിക്കുന്ന്	2km			
12	1201	അങ്ങാടിശ്ശേരി-അതിരാറ്റുക്കുന്ന്	3.500km			
	1202	മണൽവയൽ-ഫോറസ്റ്റ്റോഡ്	1km			
13	1301	മൂന്നാനകുഴി-മാതമംഗലം	3.km			
		കോഡിന്റെആദ്യ രണ്ടക്കങ്ങൾ വാർഡിനെയും മറ്റുരണ്ടക്കങ്ങൽ വാർഡിലെ മുൻഗണനയെയും സൂചിപ്പിക്കുന്നു.				
2	0204	കോട്ടവയൽ-വരദൂർ റോഡ്	3.km			
7	0702	പാപ്ലശ്ശേരി-വട്ടക്കാവ്റോഡ്	3km			
	0703	പാപ്ലശ്ശേരി-തൊപ്പിപ്പാറ-കോളേരി റോഡ്	5km			
5		താഴത്തങ്ങാടി-അതിരാംപാടി റോഡ്	1.2km			
6		ചീങ്ങോട്-അമ്പലമല റോഡ്	1.2km			

3. മൺറോഡുകൾ

നിലവിലുള്ള മൺറോഡുകൾ, മൺപണിയും സോളിംഗും, മെറ്റലിംഗും നടത്തി ടാർ ചെയ്യേണ്ട നിർദ്ദേശങ്ങൾ ഓരോ വാർഡിലെയും ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട് നിർമ്മാണത്തിന്റെ കാര്യത്തിൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്ന ഇത്തരം റോഡുകളുടെ പട്ടിക അവയുടെ മുൻഗണനാ ക്രമമനുസരിച്ച് താഴെ ചേർക്കുന്നു. (പട്ടിക 3)

മൺപണി, സോളിംഗ്, മെറ്റലിംഗ്, ആവശ്യപ്പെട്ടിരിക്കുന്നറോഡുകളുടെ വിവരം

വാർഡ്	കോഡ്	റോഡിന്റെപേര്	നീളം	വീതി	മൺപണി	സോളിംഗ്	മെറ്റലിംഗ്	പാലം	കലുങ്ക്
1	0101	നടവയൽ–പൂതാടി ആലുംമൂലവഴി	1.5km			✓			
	0102	നടവയൽ–ചോയിമൂല	1.5km			✓			
	0103	നടവയൽ– പേരൂർവണ്ടിക്കടവ്	1km			✓			
	0104	പുലച്ചിക്കുനി നായ്ക്കകോളനി	1km			✓			
	0105	പുലച്ചിക്കുനി വീട്ടിപ്പുര	2km			✓			
	0106	ഉണ്ണിക്കുന്ന്– പേരൂർ	1km			✓			
	0107	മേലേനെയ്ക്കിപ്പ പണിയകോളനി	1km			✓			
	0108	നെയ്ക്കുപ്പ–പഞ്ചാടികോളനി	1km			✓			
	ഈ	പ്രവൃത്തികളിൽ ജനപങ്കാളിത്തം ലഭിക്കുക എളുപ്പമല്ല.				✓			
2	0201	പൂതാടി-ചെറുക്കുന്ന്-പുലച്ചിക്കുനി-നടവയൽറോഡ്	3km				✓		
	0202	പൂതാടി വീട്ടിപ്പുര	1km			✓	✓		
	0203	പൂതാടി താമരച്ചിറ				✓			
	0204	പൂതാടി അമ്പലം–പൊളിയംപറ്റ			✓	✓			
	0205	പൂതാടി–ചെറുക്കുന്ന് ചിക്കല്ലൂർ			✓	✓			
	0205	കോട്ടവയൽ പൂതാടി4സെന്റ്			✓	✓			
	0206	കുടൽക്കടവ് കോളനി	500m			✓	✓		
	0207	ചെമ്പകപറ്റ–വരദൂർ	500m			✓	✓		
	0208	ചെറുകുന്ന്–കൊവള്ളയിൽ–കോട്ടനയൽ	1km			✓	✓		
	0209	അമ്മച്ചിറ –കൊല്ലിക്കൽ–കൊറ്റമൂല	1km			✓			
		(മനുഷ്യാദ്ധ്വാനം ശ്രമദാനമായിരിക്കും.)							
3	0301	പൂതാടി ടൗൺ–S.N.H.S./ലാബോർക്കർ കോശേരി റോഡ്	1750			✓	✓		
	0302	നെല്ലിക്കര– താഴമുണ്ട	2.25KM				✓		
	0303	നെല്ലിക്കര– മാങ്ങാട്	1.KM		✓	✓	✓		
	0304	അരിമുള –പൂതാടി.H.S	2KM			✓	✓		
	0305	കല്ലുവെട്ടി– നെല്ലിക്കര	800 M		✓	✓			
	0306	പൂതാടിഅമ്പലം– ടൗൺ	1KM		✓	✓	✓		
	0307	H.S ചെമ്പകപറ്റ–വയൽവാടി വരദൂർ	2KM				✓		
	0308	നെല്ലിക്കര–പയ്യംതറ്റിൽ	1.KM		✓	✓			
	0309	പുവത്തിങ്കൽകവല–ലക്ഷംവീട് കോളനി	1.KM		✓	✓	✓		
	0310	മേലെവീട് മുതൽ ആദിവാസി കോളനി	800 M		✓	✓	✓		
	0311	നെല്ലിക്കര-S.N.D.P. മന്ദിരം	500 M		✓	✓			
	0312	നെല്ലിക്കര വെളുക്കകോളനി അണ്ണാംവയൽ	1.5KM		✓	✓	✓		
	0313	നെല്ലിക്കര– തൊട്ടക്കൊല്ലി	400 M			✓			
	0314	നെല്ലിക്കര – മതളംവളി	500 M			✓			

വാർഡ്	കോഡ്	റോഡിന്റെപേര്	നീളം	വീതി	മൺപണി	സോളിംഗ്	മെറ്റലിംഗ്	പാലം	കലുങ്ക്
	0315	നെല്ലിക്കര-വണ്ണാറമ്പത്ത്	1250M			✓			
	0316	മുക്കംകുടി- താഴമുണ്ട	1.5KM			✓			
		(മനുഷ്യപ്രയത്നം ശ്രമദാനം)							
4	0401	താഴമുണ്ട- മാങ്ങാട്	850M			✓	✓	✓	
	0402	A.K.G.പുഴക്കാടി	3KM		✓	✓	✓		
	0403	വാരിയാട്ടുകുന്ന്	800M				✓		
	0404	തരുവാരംകുന്ന് -അരൂർ	500M				✓	✓	
	0405	അരിമുള -നാണാറമ്പത്ത് കുന്ന്	1KM				✓	✓	
		(മനുഷ്യ പ്രയത്നം ശ്രമദാനം)							
5	0501	ചെരട്ടയമ്പം-ചുതുപാറ-മാനിക്കാവ്	3KM				✓		
	0502	10-ൽ വീടിക-ചുതുപാറ	2KM			✓			
	0503	താഴത്തങ്ങാടി-അതിരാറ്റുപാടി മടാപറമ്പ്	2KM		✓	✓	✓		
	0504	പുളിയംപറ്റ- പൂതാടി	2KM		✓	✓			
	0505	താഴത്തങ്ങാടി - ശിശുമന്ദിരം	1KM			✓	✓		
	0506	ചെരട്ടയമ്പം -ഇരുകണ്ണി	1.2Km		✓	✓			
	0507	താഴത്തങ്ങാടി -ഇരുകണ്ണി	2KM			✓	✓	✓	
	0508	ചീങ്ങോട്-നെല്ലിയമ്പം				✓			
	0509	ചീങ്ങോട് -താനിക്കുന്ന് -കോളനി	1Km		✓	✓			
	0510	ചീങ്ങോട്-മാതോത്തുക്കുന്ന്			✓	✓			
	0511	കേണിച്ചിറ - കേളമംഗലം	2Km			✓	✓	✓	
	0512	കേണിച്ചിറ- ഇരുത്തിലോട്ടുകുന്ന്	1Km			✓			
	0513	പോലീസ് സ്റ്റേഷൻ- ചിറയ്ക്കാമ്പയൽ				✓			
	0514	കേണിച്ചിറ-മില്ലുമുക്ക് റോഡ്				✓			
	0515	അതിരാറ്റുക്കുന്ന്-ചെട്ടരപ്പാടി	2.km			✓			
	0516	ഇടക്കാട് മാന്തട്ടത്തിൽ				✓			
	0517	കേണിച്ചിറ-കുട്ടൻഞകോളനിറോഡ്							
		മനുഷ്യപ്രയത്നം ശ്രമദാനം							
6	0601	കിഴക്കേകോളേരി-പാപ്പശ്ശേരി	4KM			✓	✓		
	0602	വെള്ളിമല-പാപ്പശ്ശേരി	3.Km			✓	✓		
	0603	വാളാഞ്ചേരി-കേണിച്ചിറ	3Km		✓	✓	✓		
	0604	വെള്ളിമല-തൊപ്പിപ്പാറ-കുണ്ടിച്ചിറ	4KM		✓	✓	✓		
	0605	കുണ്ടിച്ചിറ-മുത്താറക്കുന്ന്	2KM		✓	✓			
	0606	താഴെമുത്താറക്കുന്ന്-പാടിയമ്പം	4Km		✓	✓			
	0607	കോളേരി യു.പി.സ്കൂൾ, ചുതുപാറ	3.KM			✓	✓		
	0608	വരവ്പുര -ചുതുപാറ	2.5KM		✓	✓	✓		

വാർഡ്	കോഡ്	റോഡിന്റെപേര്	നീളം	വീതി	മൺപണി	സോളിംഗ്	മെറ്റലിംഗ്	പാലം	കലുങ്ക്
	0609	കോളേരി യു.പി.സ്കൂൾ-നരസിപ്പുഴ	1.5KM		✓	✓			
	0610	ചിരട്ടയമ്പം-നരസിപ്പുഴ	1km		✓				
	0611	സൊസൈറ്റിക്കവല- കോളനി-നരസിപ്പുഴ	1.km		✓			✓	
	0612	സൊസൈറ്റിപ്പടവ്- നരസിപ്പുഴ	1km		✓	✓			
	0613	കോളേരി ക്ഷേത്രം-അപ്രോച്ച	50km			✓	✓		
	0614	വാളാഞ്ചേരി- കുണ്ടിച്ചിറ	1km			✓	✓	✓	
		മനുഷ്യപ്രയത്നം ശ്രമദാനം							
7.	0701	പാപ്പശ്ശേരി-വട്ടത്താനി	750m			✓	✓		
	0702	വാളവയൽ-വട്ടത്താനി- ഗാന്ധിനഗർ	1.5km			✓	✓		
	0703	അമ്പലപ്പടി-മുപ്പടക്കുന്ന്	1km			✓			
	0704	വാളവയൽ-ബാപ്പട്ടിക്കുന്ന്	500m			✓			
	0705	വട്ടത്താനി-ഗാന്ധിനഗർ 500m				✓			
	0706	താഴത്തങ്ങാടി- അഴീക്കോട് നഗർ	300m			✓			
	0707	പടുവൂട്ടി കോളനി	250m			✓			
		മനുഷ്യപ്രയത്നം ശ്രമദാനം							
	0708	പാപ്പശ്ശേരി-പണിയക്കോളനി	300m						
	0709	വട്ടത്താനി- കല്ലൂർക്കുന്ന്	2.5km		✓	✓	✓		
		മനുഷ്യപ്രയത്നം ശ്രമദാനം					✓		
8.	0801	മുടക്കൊല്ലി-താഴത്തങ്ങാടി-കുടല്ലൂർ	4.5km				✓		
	0802	കല്ലൂർക്കുന്ന്-പോയിക്കൊല്ലി	1.5km			✓	✓		
	0803	താഴത്തങ്ങാടി-നാരായണപുരം-കുടല്ലൂർ	4km			✓			
	0804	കല്ലൂർക്കുന്ന്-വട്ടത്താനി-വാളവയൽ	600m			✓			
	0805	കല്ലൂർക്കുന്ന്-മൂന്നാമക്കുഴി	1km			✓			
	0806	പോമ്പുകൊല്ലി-മണ്ണൂത്തി	2km			✓			
	0807	പോയിക്കൊല്ലി-പുല്ലുമല	500m			✓			
	0808	മുടക്കൊല്ലി- ലക്ഷ്യകോളനി- പുഞ്ചക്കൊല്ലി	2km			✓	✓		
	0809	കുടല്ലൂർ-കോളനി	1km			✓	✓		
	0810	മുടക്കൊല്ലി-L. P സ്കൂൾ	1.5km			✓	✓		
	0811	കല്ലൂർക്കുന്ന് ഓടക്കുറ്റി L. P സ്കൂൾ	1.5km			✓	✓		
	0812	മുടക്കൊല്ലി-പോമ്പുക്കൊല്ലി-വാകേരി				✓	✓	✓	
	0813	കുടല്ലൂർ- കാട്ടിക്കൊല്ലി	750m			✓			
	0814	കല്ലൂർക്കുന്ന്-ഞാറ്റടി	1.5km			✓			
		മനുഷ്യപ്രയത്നം ശ്രമദാനം							
9.	0901	വാകേരി-പോമ്പുകൊല്ലി				✓	✓	✓	

വാർഡ്	കോഡ്	റോഡിന്റെപേര്	നീളം	വീതി	മൺപണി	സോളിംഗ്	മെറ്റലിംഗ്	പാലം	കലുങ്ക്
	0902	വാകേരി-മട്ടൂർ	2km			✓	✓		
	0903	വാകേരി- താന്നിമട്ടിൽ രണ്ടാം നമ്പർ	1.750			✓			
	0904	രണ്ടാം നമ്പർ -മണ്ണുണ്ടി				✓			
	0905	വാകേരി-കോളനി	1.300			✓			
	0906	പാലക്കുറ്റി-കക്കടം	3km			✓	✓		
	0907	വാകേരി-നായ്ക്കകോളനി			✓				
	0908	എടയൂർക്ഷേത്രം-കക്കടം			✓				
	0909	കക്കടം-നെല്ലിക്കണ്ടം			✓				
	0910	വാകേരി-തേൻകുഴി				✓			
		മനുഷ്യപ്രയത്നം ശ്രമദാനം							
10.	1001	ചെറിയമല കോളനി-വെള്ളത്തിരിക്കുന്ന് റോഡ്	1km		✓				
	1002	ചാത്തമംഗലക്കുന്ന്-മുത്താരംക്കുന്ന്	500m			✓	✓	✓	
	1003	നായരുകവല-ചാത്തൻക്കൊല്ലി	1km		✓	✓			
	1004	വട്ടത്താനി-മാത്തലക്കോളനി (ശവക്കണ്ടി)	1km		✓	✓			
		മനുഷ്യപ്രയത്നം ശ്രമദാനം				✓			
11.	1101	ചീയമ്പം-കല്ലോണിക്കുന്ന്	2.5km		✓	✓	✓	✓	
	1102	മിച്ചഭൂമി-ചീയമ്പം	1km		✓	✓	✓		
	1103	ഇരുളം-മിച്ചഭൂമി-അമ്പലപ്പടി	2km		✓	✓	✓		
	1104	കേളുകവല-കല്ലോണിക്കുന്ന്	2km		✓	✓	✓		
	1105	ചീയമ്പം-കേളുകവല	1.5km		✓	✓	✓	✓	
	1106	കല്ലോണിക്കുന്ന്-പണിയക്കോളനി	400m		✓	✓	✓		
		മനുഷ്യ പ്രയത്നം ശ്രമദാനം				✓	✓		
12.	1201	താഴത്തങ്ങാടി-ഇരുകണ്ണി				✓	✓	✓	
	1202	തൃത്തിലേരി-വാളാഞ്ചേരി	1km			✓	✓	✓	
-	1203	കണ്ടംചിറക്കുന്ന്-തട്ടാൻക്കുന്ന്	1km			✓	✓		
	1204	മണൽവയൽ-തോണിവയൽ	500m			✓			
	1205	എടക്കൊല്ലി-അതിരുമുക്കുന്ന്	2km			✓	✓	✓	
	1206	താഴത്തങ്ങാടി-ഗുരുമന്ദിരം	1km			✓			
	1207	എടക്കൊല്ലി-കോളനിറോഡ്	1km			✓	✓		
	1208	അതിരുമുക്കുന്ന്-കാരവയൽകോളനി	1km			✓	✓		
	1209	64-തൃത്തിലേരി	800m			✓			
	1210	തൃത്തിലേരി-കല്ലുപാലം	750m			✓			
		മനുഷ്യപ്രയത്നം ശ്രമദാനം							
13.	1301	ചീയമ്പം-ചെട്ടിപാമ്പ	2.5km		✓	✓	✓		✓
	1302	73-ചീയമ്പം-കന്നാരംപുഴ	2km		✓	✓	✓		
	1303	73-ചെട്ടിപാമ്പ	1.5km		✓	✓			
	1304	73-താഴെറോഡ്	1.5km		✓	✓			
	1305	മാത്തമംഗലം-10 ഏക്കർ	1.5km			✓	✓		
	1306	കാപ്പിമുറി-10 ഏക്കർ	.5km		✓	✓			✓
5	0517	കേണിച്ചിറപള്ളി-എടക്കാട്ട് വയൽ മനുഷ്യപ്രയത്നം എളുപ്പമല്ല.	1km			✓	✓		

പുതിയ റോഡുകൾ

വാർഡുകളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ മിക്കവാറും എല്ലാ ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. (അവയിൽ മിക്കതും തന്നെ നടപ്പാതകൾ വികസിപ്പിച്ച് നിലവിലുള്ള രണ്ട് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. വനഭൂമിയാൽ ചുറ്റപ്പെട്ട് കിടക്കുന്ന പഞ്ചായത്ത് പുതിയറോഡുകൾ ഫോറസ്റ്റ് ഭൂമിയിൽ കൂടി കടന്നു പോകുന്നതിനാലും ഇത്തരം റോഡുകളുടെ നിർമ്മാണത്തിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ മുൻകൂട്ടിയുള്ള സമ്മതം ആവശ്യമാണ്. നിലവിലുള്ള നടപ്പാതകൾ മൺറോഡുകളാക്കി മാറ്റുമ്പോൾ ഭൂമി നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള ഉടമകളുടെ സമ്മതം പ്രധാനവിഷയം തന്നെയാണ്. എങ്കിലും മൺറോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരുന്ന മനുഷ്യപ്രയത്നം മിക്കവാറും വാർഡുകളിൽ സൗജന്യമായി ലഭിക്കും എന്നുള്ളതിനാൽ പൊതുഫണ്ട് വളരെ കുറഞ്ഞ അളവിൽ മാത്രമേ വേണ്ടിവരികയുള്ളൂ. നടപ്പാതകൾ മൺറോഡുകളാക്കുന്നതിനും പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനും ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു പട്ടിക മുൻഗണനാക്രമമനുസരിച്ച് താഴെ കൊടുക്കുന്നു. (പട്ടിക 4)

റോഡുഗതാഗതം

നിലവിലുള്ള റോഡു മാർഗ്ഗമുള്ള ഗതാഗതം മെച്ചപ്പെടുത്തുന്നതിനും സൗകര്യപ്പെടുത്തുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. റോഡുകളുടെ വീതി വർദ്ധിപ്പിക്കുകയും പാർശ്വങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുകയും ചെയ്യുക.

2. റോഡുവളവുകളിലും മറ്റും നിൽക്കുന്ന ഇലക്ട്രിക് പോസ്റ്ററുകളും ടെലിഫോൺ പോസ്റ്ററുകളും മറ്റും അവിടന്ന് മാറ്റി സ്ഥാപിക്കുകയും വൃക്ഷങ്ങളും മറ്റും മുറിച്ചു നീക്കുകയും ചെയ്യേണ്ടതാണ്.

3. നിലവിൽ ഒരു ബസ്സ് മാത്രം സർവ്വീസ് നടത്തുന്ന റോഡുകളിൽ ഒന്നലധികം കെ.എസ്.ആർ.ടി.സി ബസ്സുകൾ അനുവദിച്ച് ഗതാഗതം സുഗമമാക്കുക.

4. പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ്ഡുകൾ നിയമിക്കുക

5. പഞ്ചായത്തിലെ വിവിധ ടൗണുകളെ ബന്ധിപ്പിച്ചുകൊണ്ട് ബസ്സ് സർവ്വീസ് ആരംഭിക്കുക.

6. റോഡിൽ അടയാളബോർഡുകൾ സ്ഥാപിക്കുക.

വയനാടിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും മണ്ണിന്റെ ഘടനയും പരിഗണിച്ച് നിലവിലുള്ള മൺറോഡുകൾ എത്രയും പെട്ടെന്ന് സോളിംഗും മെറ്റലിംഗും നടത്തി ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള ടാർ റോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ പരിഗണിച്ച് എത്രയും പെട്ടെന്ന് റിപ്പയർ ചെയ്യേണ്ടതാണ്. പ്രധാന ടൗണുകളിൽ ഓവുചാലുകളും ബസ് വെയ്റ്റിംഗ് ഷെഡുകളും നിർമ്മിക്കേണ്ടതാണ്. ആദിവാസി മേഖലകളിലേക്കുള്ള റോഡുകൾ എത്രയുംവേഗം ഗതാഗതയോഗ്യമാക്കിത്തീർക്കേണ്ടതാണ്. കോളനികളിലേക്കുള്ള ജനസമ്പർക്ക സാദ്ധ്യത ഇതി

പഞ്ചായത്തിലെ ടാർ റോഡുകൾ

	ROAD	OWNERSHIP	LENGTH	WIDTH	Bus and other transport fecilities
1	[illegible]	PWD	11 km		ഉണ്ട്
2	[illegible]	MLA റോഡ്			ഉണ്ട്
3	[illegible]	PWD	3.370 km		ഉണ്ട്
4	[illegible]	പഞ്ചായത്ത്	5 km		ഉണ്ട്
5	[illegible]	MLA Road	8 km		ഉണ്ട്
6	[illegible]	പഞ്ചായത്ത്	3 km		ഉണ്ട
7	[illegible]	പഞ്ചായത്ത്	3.5 km		[illegible]
8	[illegible]	പഞ്ചായത്ത്	7.5 km		ഉണ്ട
9	[illegible]	PWD	8 km		ഉണ്ട് ഉണ്ട്
10	[illegible]	MLA Road	1.5 km		ഉണ്ട്
11	[illegible]	PWD	4 km		ഉണ്ട്
12	[illegible]	PWD	3 km		ഉണ്ട്
13	[illegible]	പഞ്ചായത്ത്	0.200		
14	[illegible]	പഞ്ചായത്ത്	1 km		[illegible]
15	[illegible]	പഞ്ചായത്ത്	70		
16	[illegible]	പഞ്ചായത്ത്	800 m		ഉണ്ട്

[illegible]	കോഡ്	റോഡിന്റെ പേര്
2	0201	കുളുവയൽറോഡിന്നിൻ കോട്ടവയൽ റോഡ്മുറിച്ച് H.S റോഡിലേക്ക് പുതിയറോഡ്
4	0401	A.K.G.അണ്ണാംവയൽ റോഡ് മീനങ്ങാടിയിലേക്ക് ബന്ധിപ്പിക്കുക
8	0801	കുടല്ലൂർ-കിഴൂർക്കവല
9	0901	വാകേരി താഴത്തങ്ങാടിയിൽനിന്നും ഹൈസ്കൂൾ റോഡിനെ ബന്ധിപ്പിച്ചുകൊണ്ട് പുതിയറോഡ്
10	1001	ചാത്തമംഗലം റോഡിൽനിന്നും മരിയനാടേക്ക് പുതിയറോഡ്
12	1201 1202	പുലക്കാട്ടി-സ്കൂൾകുന്ന്-അതിരാറ്റുകുന്ന് മീനാക്ഷിയമ്മൻ-അങ്ങാടിക്കുന്നി-64
13	1301	മുക്കാലിക്കവല-വട്ടപ്പാടി

ലൂടെ ഒരു പരിധിവരെ വർദ്ധിപ്പിക്കാൻ കഴിയും. ഫോറസ്റ്റ് ഭൂമിയിലൂടെ കടന്നു പോകുന്ന റോഡുകളുടെ നിർമ്മാണത്തിന് വേണ്ട സമ്മാതപത്രം പഞ്ചായത്ത് മുൻകൈയെടുത്ത് വാങ്ങേണ്ടതാണ്. ആദിവാസി മേഖലകളിലൊഴികെയുള്ള എല്ലാ സ്ഥലത്തും റോഡു വികസനത്തിന് മനുഷ്യപ്രയത്നം ആവശ്യത്തിന് ലഭ്യമാണെന്നിരിക്കെ റോഡുകളുടെ വികസനത്തിന് പൊതുഫണ്ട് വളരെ കുറവ് മതിയാകും. വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന റോഡുകളിൽ ആവശ്യമായ കലുങ്കുകളും പാലങ്ങളും അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കപ്പെടേണ്ടതാണ്.

ഊർജ്ജം

പൂതാടി പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ട് വർഷങ്ങൾ അധികമായിട്ടില്ല. പൂർണ്ണമായും വൈദ്യുതീകരിച്ച ഒരു വാർഡോ, പ്രദേശമോ ഈ പഞ്ചായത്തിൽ ഇല്ലതന്നെ. പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത് കണിയാമ്പറ്റ സബ്സ്റ്റേഷനിൽ നിന്നുമാണ്. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഗാർഹികാവശ്യത്തിനും കൃഷി ആവശ്യത്തിനുമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും വൈദ്യുതി ഉപയോഗിക്കുന്നത്. ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റേയും നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ പതിനഞ്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. നിലവിൽ 18 ട്രാൻസ്ഫോർമറുകളാണ് പഞ്ചായത്തിൽ ഉള്ളത്. ട്രാൻസ്ഫോർമറുകളുടെ അഭാവം നിമിത്തം ഗാർഹിക ഉപഭോക്താക്കൾ ഭൂരിഭാഗവും വോൾട്ടേജ് ക്ഷാമത്തെപ്പറ്റി പരാതിയുള്ളവരാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. വൈദ്യുതിവിതരണത്തിൽ ബോർഡിന്റെ ശ്രദ്ധക്കുറവ് പ്രത്യേകിച്ച് വനപ്രദേശങ്ങളിലെ മരങ്ങളും മറ്റും ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

3. പഞ്ചായത്തിൽ 146 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല

4. പഞ്ചായത്തിലെ കേണിച്ചിറ ഒഴികെ ഒരിടത്തും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലല

പരിഹാരവും സാദ്ധ്യതകളും

പൂതാടി പഞ്ചായത്തിൽ ഒരു വൈദ്യുതി ഓഫീസ് സ്ഥാപിക്കുകയും മരങ്ങൾ മറിഞ്ഞ് വീണും മരച്ചില്ലകളിൽ തട്ടിയും ഉണ്ടാകുന്ന വൈദ്യുത തടസ്സം ഒഴിവാക്കാൻ ആവസ്യമായ നടപടികൾ സ്വീകരിക്കപ്പെടേണ്ടതാണ്.

വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കുന്നതിന് ബോർഡിന്റെ നിയന്ത്രണം പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന നിർദ്ദേശം ഗ്രാമസഭകൾ ഉന്നയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ എങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണമെന്ന് മിക്കവാറും എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ മിക്ക വീടുകളിലെയും പാചകാവശ്യത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയുടെ പ്രചാരം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനും പുകയില്ലാത്ത അടുപ്പുകൾ വാങ്ങിക്കുന്നതിനും സബ്സിഡി അനുവദിക്കേണ്ടതാണ്.

സൗരോർജ്ജ സംവിധാനത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ സോളാർ സംവിധാനം നടപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും നല്ലത് പോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ സോളാർ വിളക്കുകൾ അനർട്ടിന്റെ സഹകരണത്തോടെ നടപ്പിലാക്കി ടൗണുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും വിറക് ക്ഷാമം നേരിടുന്നതിനാൽ ഗാർഹികാവശ്യത്തിന് ഇന്ധനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് LPG കണക്ഷൻ സെന്റർ ആരംഭിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വാർഡുകളിലെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം കാലിവളർത്തൽ ആക്കുകയാൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് വ്യാപകമായ ബോധവത്ക്കരണം ആവശ്യമാണ്.

പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുന്നത് ഗുണകരമായിരിക്കും.

വൈദ്യുതീകരണം ഇനിയും നടന്നിട്ടില്ലാത്ത 13 ാം വാർഡിൽ വൈദ്യുതി എത്തിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വൈദ്യുതി ക്ഷാമം പരിഹരിക്കുകയാണെങ്കിൽ, കാർഷിക മേഖലയുടെ തകർച്ചയിൽ നിന്നും രക്ഷപ്പെട്ട് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും തദ്ദ്വാരവികസനം സാദ്ധ്യമാക്കുന്നതിനും പുരോഗതി കൈവരിക്കുന്നതിനും കഴിയുന്നതാണ്.

വൈദ്യുതി ബോർഡിന്റെ ഒരു പണം അടക്കാനുള്ള ഓഫീസ് കേണിച്ചിറയിൽ ആരംഭിക്കുക.

5.7

ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

ചരിത്രപരമായും സാംസ്കാരികമായും ഏറെ പ്രാധാന്യമർഹിക്കുന്ന ഈ പഞ്ചായത്ത് പൂതാടി, ഇരുളം വില്ലേജുകൾ പൂർണ്ണമായും നടവയൽ വില്ലേജ് ഭാഗികമായും ഉൾകൊള്ളുന്നു.

കാർഷികമേഖലക്ക് നിർണ്ണായക സ്ഥാനമുള്ള ഈ പഞ്ചായത്തിലെ ജനങ്ങളിൽ നല്ലൊരു ഭാഗവും ദരിദ്ര, ഇടത്തരം കർഷകകരും, കർഷകതൊഴിലാളികളും ചേർന്നാതാണ്. കൂടാതെ പഞ്ചായത്തിലെ ജനസംഖ്യയിൽ കാൽഭാഗത്തോളം ആദിവാസി വിഭാഗത്തിൽ പെട്ടവരുമാണ്. പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, 8, 9, 13 തുടങ്ങിയ വാർഡുകളിലെ ആദിവാസി ജനസംഖ്യ നിർണ്ണായക ഘടകമാണ്.

വയനാട് ജില്ലയിൽ മൊത്തത്തിലുണ്ടായ കാർഷിക മാന്ദ്യം ഏറ്റവും കൂടുതൽ അനുഭവപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണിത്. ഇടത്തരം കർഷകരും കർഷകതൊഴിലാളികളായി മാറിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിലെ വീടുകളിൽ നല്ലൊരു ഭാഗവും കുടിലുകളും ഇടത്തരം വീടുകളുമാണ്. ആദിവാസികളിൽ ബഹുഭൂരിപക്ഷവും ചെറ്റക്കുടിലിൽ താമസിക്കുന്നവരും പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്തവരുമാണ്.

പഞ്ചായത്തിലെ 10,000 ത്തോളം വരുന്ന വീടുകളിൽ 5150 എണ്ണം ഭേദപ്പെട്ടതും ബാക്കിയുള്ള 4145 വീടുകൾ കുടിലുകളും ചെറ്റപ്പുരകളുമാണ്.

ആകെ വീടുകളിൽ 1512 വീടുകൾ പട്ടികവർഗ്ഗത്തിന്റേതാണ്. ഇതിൽ 704 വീടുകൾ ഓട്, കോൺക്രീറ്റ് വീടുകളുമാണ്.

വീടുകളുടെ തരം തിരിവ് പട്ടിക വാർഡുതലത്തിൽ

വാർഡ്	കോൺക്രീറ്റ്	ഓട്	കുടിൽ	നികുതി	ആകെയുള്ളത്
1	115	405	25	361	545
2	52	291	266	296	609
3	37	275	525	164	837
4	34	236	274	233	544
5	332	544	300	682	1176
6	184	250	310	415	744
7	66	382	291	416	739
8	61	306	206	194	573
9	75	319	147	329	541
10	101	428	368	545	897
11	42	209	609	194	860
12	103	259	558	315	920
13	07	37	266	41	410

പട്ടിക വർഗ്ഗ കോളനികളുടെ എണ്ണം

വാർഡ്	കോളനികളുടെ എണ്ണം	കുടുംബങ്ങൾ	ഓട്	കോൺക്രീറ്റ്
1	29	212	107	
2	16	121	53	
3	23	202	77	
4	11	68	44	
5	13	95	23	
6	04	26	13	
7	14	95	45	
8	14	160	65	
9	14	100	52	
10	06	96	77	9

11	04	62	29	14
12	08	65	34	
13	11	210	62	

കെട്ടിടനിർമ്മാണ ലൈസൻസുകളുടെ എണ്ണം

വർഷം	എണ്ണം
92 -93	262
93 -94	203
94 -95	256
95 -96	355

കഴിഞ്ഞവർഷങ്ങളിലായി 1076 ലൈസൻസുകളാണ് പഞ്ചായത്തിൽ അനുവദിക്കപ്പെട്ടത്. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഉദാരവൽകരിച്ചു കൊണ്ട് ലൈസൻസിംഗ് രംഗത്ത് ഇന്നുള്ള കാലതാമസം ഒഴിവാക്കാൻ അതുവഴി നിർമ്മാതാവിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഗണിക്കേണ്ടതുമാണ്.

91-92 വർഷം മുതൽ ഇക്കാലയളവുവരെ പരിശോധിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ 13 വാർഡുകളിലായി നിർമ്മിക്കപ്പെട്ട വീടുകളിൽ മേൽക്കൂരയുടെ സ്വഭാവത്തിലും മറ്റും വളരെയധികം സാമ്യതനിലനിൽക്കുന്നുണ്ട്. പൗരാണിക രീതിയിലുള്ള വാസ്തുശില്പ കലകളെ അവകണിച്ചുകൊണ്ട് കോൺക്രീറ്റ് വീടുകളും മറ്റും കൂടുതലായി നിർമ്മിക്കപ്പെടുകയും അവയുടെ നിർമ്മാണച്ചെവ് വളരെ വർദ്ധിച്ചിരിക്കുന്നതുമായ ഒരു സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ആർഭാടകരമായ വീടുകൾ ഉണ്ടാക്കുകയും വയൽനികത്തി കെട്ടിടം പണിയുകയും ചെയ്യുന്ന അവസ്ഥയും ഇല്ലാതില്ല.

ഭവന നിർമ്മാണത്തിനായി പ്രധാനമായും ഹൗസിങ് ബോർഡിനേയാണ് ആശ്രയിക്കുന്നതെങ്കിലും ഉയർന്ന പലിശനിരക്ക് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വായ്പാ പദ്ധതികൾ അപ്രാപ്യമാക്കിത്തീർത്തിട്ടുണ്ട്.ആയതിനാൽ ഹുണ്ടികക്കാരേയും നാടൻ 'ബ്ലേഡുകളേയും വീടുനിർമ്മാണത്തിനായി ആശ്രയിക്കേണ്ടതായി വരുന്നു. ഈ അവസ്ഥക്ക് പരിഹാരം കാണുന്നതിലേക്കായി, നിർമ്മിക്കുന്ന വീടുതന്നെ ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹൗസിങ് ബോർഡ് മുഖേനയുള്ള വായ്പയുടെ പലിശനിരക്ക് 10 ശതമാനമായി നിജപ്പെടുത്തേണ്ടതുണ്ട്. ഭവന നിർമ്മാണരംഗത്ത് മറ്റ് ഏജൻസികൾ ഒന്നും ഈ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ ഹൗസിങ് സൊസൈറ്റി രൂപീകരിക്കുക വഴി വായ്പാരംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

സർക്കാരിന്റെ വിവിധ സ്കീമുകളിലായി അനുവദിക്കപ്പെട്ട വീടുകൾ അവയുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്ന് കാണാം. കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെട്ട വീടുകളുടെ കണക്ക് ഇത് ബോദ്ധ്യപ്പെടുത്തുന്നു.

വിവിധ പദ്ധതികളിലായി അനുവദിക്കപ്പെട്ട വീടുകളുടെ പട്ടിക(പൂതാടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് വഴി)

വർഷം	RLEGP	NREP	IAY	MWS	JRY	ആകെ
1985-86	10	-	-	- -		10
86-87	30 - -					30
87--88	5	22 -	-			27
88-89	10	18 -	-		-	28
89-90	- - - - - -					
90-91	- -		14	72		86
91-92	- -		4	35	4	43
92-93	- -		1	30	2	33
93-94	- -		3	28	3	34
94-95	- -		20	47 -		67
95-96	- -		30 -	-		30
	55	40	72	212	9	388

വിവിധ സ്കീമുകൾ അനുസരിച്ച് പഞ്ചായത്തിൽ 85-86 കാലയളവ് മുതൽ 95-96 വരെ 388 വീടുകളാണ് അനുവദിക്കപ്പെട്ടത്. RLEGP, NREP പദ്ധതികൾക്ക് പകരമായി അനുവദിക്കപ്പെട്ട JRY സ്കീം പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി (91-92 മുതൽ 95-96 വരെ) ആകെ അനുവദിക്കപ്പെട്ടത് 9 വീടുകൾ മാത്രമാണ്. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിനിരക്കിലുള്ള വർദ്ധനവും വായ്പ ലഭിക്കുന്നതിള്ള സങ്കീർണ്ണമായ നടപടിക്രമങ്ങളും സാധാരണക്കാരന്റെ സ്വന്തമായ വീട് എന്ന സ്വപ്നത്തെ തടസ്സപ്പെടുത്തുന്നു. ഇതിനൊരു പരിഹാരം എന്നനിലയിൽ സ്വന്തം പാർപ്പിടം എന്നത് മൗലികഅവകാശം ആയി

പരിഗണിക്കേണ്ടതാണ്.

JRY, United ഫണ്ടുകളുടെ വിതരണം (പഞ്ചായത്ത് അടിസ്ഥാനത്തിൽ)

വാർഡ്	1994-95		1995-96	
	JRY	Untied	JRY	Untied
1	3	-	3	1
2	3	1	2	-
3	3	1	3	1
4	3	1	2	1
5	-	-	2	1
6	-	-	2	-
7	-	-	1	5
8	3	1	2	-
9	-	-	2	1
10	3	-	1	1
11	3	1	2	-
12	-	-	1	-
13	-	-	-	-

1985-86 തൊട്ടുവരുന്ന ഒരു പതിറ്റാണ്ട് കാലത്ത് നിർമ്മാണതൊഴിലാളികളുടെ കൂലി നിരക്കിലും ഗണ്യമായ വർദ്ധനവുണ്ടായി. 1985-86ൽ അവിദഗ്ധ പുരുഷതൊഴിലാളികളുടേത് മേൽക്കാലയളവിൽ 60 രൂപയിൽ നിന്ന് 130 രൂപയായും സ്ത്രീ തൊഴിലാളികളുടേത് 35 രൂപയിൽ നിന്ന് 70 രൂപയായും വർദ്ധിക്കുകയുണ്ടായി. ഒരേ ജോലിക്കുതന്നെ പുരുഷ- സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്കിൽ സാരമായ വ്യത്യാസമുള്ളതായും കാണുന്നു.

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റിന്റെ വില 1990ൽ 100 രൂപ ആയിരുന്നത് 1995 ആയപ്പോഴേക്കും 180രൂപയായി വർദ്ധിച്ചിട്ടുണ്ട്. കമ്പി ഒരു കിലോഗ്രാമിന് 1989-90ൽ 12 രൂപ ആയിരുന്നത് 11995-96 ആയപ്പോഴേക്കും 16.50 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇഷ്ടികയുടെ വില 1990ൽ ആയിരത്തിന് 6000 രൂപയായിരുന്നത് 1995-96 കാലയളവിൽ 1200/ രൂപ വർദ്ധിച്ചതായി കാണാം.

സാധനസാമഗ്രികളുടെയും കൂലി വർദ്ധനവിന്റേയും ഫലമായി വീട്ടുനിർമ്മാണത്തിനായി വിവിധ പദ്ധതികളിൽ സർക്കാർ നല്കുന്ന വായ്പയുടെ തുക അപര്യാപ്തമായി തീർന്നിട്ടുണ്ട്. ആയതുകൊണ്ട് JRY പോലെയുള്ള വായ്പാപദ്ധതിയുടെ പരിധിയും രാജീവ് ദശലക്ഷം പാർപ്പിടപദ്ധതിയുടെ പരിധിയും മറ്റും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെതന്നെ പ്രകൃതിക്ഷോഭത്തിൽ പെട്ടവർക്കായി വീടുനിർമ്മാണത്തിനുവേണ്ടി നല്കുന്ന ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുങ്കെങ്കിലും തൃപ്തികരമല്ല. അവയുടെ വിതരണത്തിലുള്ള കാലവിളംബം സർക്കാരിന്റെ ലക്ഷ്യത്തെതന്നെ തകിടം മറിയ്ക്കുന്നു.

ഗവണ്മെന്റ് തലത്തിലുള്ള സഹായംകൊണ്ടു മാത്രം മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയില്ലെന്ന് വ്യക്തമാണ്. അതുകൊണ്ട് പഞ്ചായത്ത് തലത്തിൽതന്നെ സന്ദ്ധ സംഘടനകളെയും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബൃഹത്തായ ഭവനനിർമ്മാണ പദ്ധതിക്ക് തുടക്കം കുറിക്കേണ്ടതാണ്. പാർപ്പിടരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. ഹഡ്കോയിൽ നിന്ന് ഭവനനിർമ്മാണ വായ്പ സഹകരണബാങ്കുകളിൽ കൂടെ നേരിട്ട് വിതരണം ചെയ്യുക.

2. പഞ്ചായത്ത് ആസ്ഥാനമായി സഹകരണമേഖലയിൽ ഹൗസിംങ് സൊസൈറ്റി സ്ഥാപിക്കുക.

3. സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ആദിവാസി കോളനികളിലെ വീടുകൾ നിർമ്മിക്കുക.

4. ഹൗസിംഗ് ബോർഡ്, ഹഡ്കോ മുതലായവയിൽ നിന്നും നൽകുന്ന ലോണിന്റെ പലിശനിരക്ക് 10 ശതമാനമായി ഏകീകരിക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

5. നിർമ്മിത കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ച് ചെലവ് കുറഞ്ഞ വീട്നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും കെട്ടിടനിർമ്മാണ സാമഗ്രികൾ മിതവിലക്ക് ലഭിക്കുവാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

6. പാർപ്പിട ആവശ്യത്തിനുള്ള മരം മില്ലിലേക്ക് കൊണ്ടുപോകുന്നതിനും മറ്റുമുള്ള പാസ് സമ്പ്രദായം ഉപേക്ഷിക്കുക.

7. 10 സെന്റിന് താഴെ ഭൂമിയുള്ള കർഷകത്തൊ

ഴിലാളികൾക്കും മറ്റും നിർമ്മിതികേന്ദ്രം മഖേന സർക്കാർ ചെലവിൽ സൗജന്യമായി വീടുകൾ നിർമ്മിച്ചുനല്കുക.

8. പഞ്ചായത്ത് തലത്തിൽ വിവിധ സ്കീമുകളായ JRY, IAY, Untied മുതലായവയിൽ നിന്ന് ലഭിക്കുന്ന ധനസഹായത്തിന്റെ പരിധി 30,000 രൂപയായി ഉയർത്തുക.

9. വീടിന് അനുബന്ധമായി നിർമ്മിക്കുന്ന കന്നുകാലിതൊഴുത്ത്, മോട്ടോർഷെഡ് മുതലായവയ്ക്ക് സ്കെച്ചും പ്ലാനും മറ്റും തയ്യാറാക്കി മാത്രമേ നിർമ്മാണം പാടുള്ളൂ എന്ന വ്യവസ്ഥ ഒഴിവാക്കുക.

10. കെട്ടിട നിർമ്മാണ സാമഗ്രികൾ (സിമന്റ്, കമ്പി, മുതലായവ) സിവിൽസപ്ലൈസ് മുഖേന വിതരണം ചെയ്യുക.

11. ലക്ഷംവീട് കോളനികൾ, ട്രൈബൽ കോളനികൾ മുതലായവയുടെ നിർമ്മാണത്തിനായി സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കുകയും യഥാകാലം അറ്റകുറ്റപ്പണികൾ നിർവഹിക്കുകയും ചെയ്യുക.

12. കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസിങ് സമ്പ്രദായം ഉദാരമാക്കുക.

13. പരമ്പരാഗത രീതിയിലുള്ള വാസ്തുശില്പ മാതൃകകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

14.വീടുകൾക്ക് ചുറ്റും കോൺക്രീറ്റ് മതിലുകളും മറ്റും നിർമ്മിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും പകരം പരിസ്ഥിതിക്ക് യോജിച്ച ജൈവവേലികളും മറ്റും നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയുംചെയ്യുക.

15. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഉള്ള ആദിവാസി ഭവനരഹിതർക്ക് നിർബ്ബന്ധമായും വീടുനിർമ്മിച്ചുകൊടുക്കുകയും പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ പണി ഉടൻ പൂർത്തിയാക്കുകയും പഴയ വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അവരെ സഹായിക്കയും ചെയ്യുക. 9-ാം വാർഡിലെ കാട്ടിൽ താമസിക്കുന്ന ചോലനായ്ക്കന്മാർ എന്നറിയപ്പെടുന്ന വിഭാഗത്തിനെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ഉടനടി നടത്തുകയും അവർക്കാവശ്യമുള്ള പാർപ്പിടങ്ങളും വിദ്യാഭ്യാസം, യാത്രാസൗകര്യം, വൈദ്യുതി ചികിത്സാസൗകര്യങ്ങൾ മുതലായവ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ദ്രുതഗതിയിൽ നടത്തേണ്ടതിലേക്ക് ശ്രദ്ധവെയ്ക്കുക.

മനുഷ്യന് ജീവിക്കാൻ പറ്റിയ വാസസ്ഥലം അവന്റെ മൗലികാവകാശമായി അംഗീകരിക്കുക. അതോടൊപ്പംതന്നെ ആരോഗ്യപ്രദവും സുരക്ഷിതവും, നീതനിഷ്ഠവും നിലനില്പുള്ളതുമായ മനുഷ്യവാസകേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിന് ദ്രുതഗതിയിൽ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

വ്യവസായ വല്ക്കരണം ചില പ്രത്യേക മേഖലകൾക്ക് മാത്രം പ്രാധാന്യം നല്കുന്നതിനാൽ ഗ്രാമങ്ങൾ പലകാരണങ്ങളാലും അവഗണിക്കപ്പെടുന്നതായും അധികം ആളുകളും അടുത്തകാലത്തായി നഗരങ്ങളിലേക്ക് ചേക്കേറുകയും അവിടെത്തന്നെ വേരുറപ്പിക്കയും ചെയ്യുന്നു. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഈ ഭീകരത സൃഷ്ടിക്കുന്ന നഗരവത്ക്കരണം തടയണമെങ്കിൽ ഗ്രാമങ്ങൾക്ക്മതിയായ പ്രാധാന്യം നല്കുകയും പാർപ്പിട,കൃഷി മറ്റു തൊഴിൽ സംബന്ധമായും വികസനോന്മുഖവുമായ പദ്ധതികൾ ഗവണ്മെന്റ് നടപ്പിലാക്കുകയും അതുവഴി പരിസ്ഥിതി പ്രശ്നങ്ങൾ, പാർപ്പിട പ്രശ്നങ്ങൾ, തൊഴിഴില്ലായ്മ, പട്ടിണി ഇവയെ മുൻനിർത്തി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഗ്രാമങ്ങളെ വികസനോന്മുഖമാകാൻ പ്രാപ്തിയുള്ളതാക്കുകയും ചെയ്യുക.

16. നിർമ്മാണച്ചെലവ് 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകളുടെ നിർമ്മാണത്തിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.

17. രാജീവ് ദശലക്ഷം പദ്ധതി, പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി മുതലായവയുടെ തുക വർദ്ധിപ്പിക്കുക.

18. സർക്കാർ മിച്ചഭൂമി ഉപയോഗിച്ച് ഭവനരഹിതർക്ക് വീട് നിർമ്മിച്ചുകൊടുക്കുക.

സർക്കാർ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി, പഞ്ചായത്ത് ലീസ്ഭൂമി മുതലായ ഇടങ്ങളിൽ സന്നദ്ധ സംഘടനകളുടെയും എൽ.ഐ.സി മുതലായ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി ഭവനരഹിതർക്ക് വീട് നിർമ്മിച്ചുകൊടുക്കാവുന്നതാണ്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പെട്ട പാർപ്പിടപ്രശ്നത്തിന് ഒരു പരിഹാരം കാണുന്നത് വഴി വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിനും മാനവശേഷി വികാസത്തിനും കളമൊരുങ്ങട്ടെ.

സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ സംഘടിത

മേഖലയിലും അസംഘടിത മേഖലയിലുമുള്ള തൊഴിലുകളുടെ ക്ഷേമപദ്ധതികൾ, വിവിധ തരത്തിൽപ്പെടുന്ന പെൻഷൻ പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനിതാക്ഷേമ പ്രവർത്തനങ്ങൾ വികലാംഗരുടെയും മറ്റും ഉന്നമനം എന്നിവയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ പരിധിയിൽ പെടുന്നു.

ഈ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം കർഷകത്തൊഴിലാളി ക്ഷേമരംഗം, സ്ത്രീകൾക്കുവേണ്ടിയുള്ള വിവിധതരത്തിൽപ്പെട്ട പദ്ധതികൾ വിവിധതരം പെൻഷനുകൾ എന്നിവയൊന്നും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, ഉദ്യോഗസ്ഥ രംഗത്തുള്ള അനാസ്ഥ, സാങ്കേതികമായിട്ടുള്ള നൂലാമാലകൾ എന്നിവയെല്ലാം ഇതിന് കാരണങ്ങളാണ്.

വിവിധതരം ക്ഷേമപദ്ധതികൾ തന്നെ അർഹരായവർക്ക് ലഭിക്കാതെ വരികയും അനർഹർ കൈപ്പറ്റുകയും ചെയ്യുന്ന ഒരു പ്രവണതയും പഞ്ചായത്തിൽ ദൃശ്യമാണ്. ആദിവാസി ക്ഷേമത്തിന് വേണ്ടി സർക്കാർ ചിലവിടുന്ന തുക യഥാർത്ഥ ഗുണഭോക്താവി ലഭിക്കാതെ മദ്ധ്യവർത്തികൾ കൈക്കലാക്കുന്ന സംഭവങ്ങളും ഉണ്ട്. പൊതുപ്രവർത്തനരംഗത്തെ വനിതകളുടെ പങ്കാളിത്തത്തിലുള്ള കുറവുകാരണം പല വനിതാക്ഷേമ പദ്ധതികളും ജലരേഖകളായി അവശേഷിക്കുന്നു.

ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് സർക്കാരിന്റെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താവിനു തന്നെ ലഭ്യമാക്കണം. ആയതിലേക്കായി വിവിധ ക്ഷേമപദ്ധതികളും പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്ത് നടത്തണം. ദേശസാൽകൃത ബാങ്കുകൾ, PMRY പോലെയുള്ള സ്വയം തൊഴിൽ പദ്ധതികളോടും മറ്റും കാണിക്കുന്ന അനാസ്ഥ ഒഴിവാക്കുന്നതിനും വേണ്ടി സഹകരണ മേഖലയെ ഈ രംഗത്ത് പങ്കെടുപ്പിക്കാവുന്നതാണ്.

ട്രൈസം

പതിനെട്ടിനും മുപ്പത്തഞ്ചിനും ഇടയിലുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ നൽകപ്പെട്ട പരിശീലനത്തിന്റെ സ്ഥിതിവിവര കണക്കുകൾ താഴെ സൂചിപ്പിക്കുന്നു.

ട്രൈസം പരിശീലന ലഭ്യതാ പട്ടിക

വർഷം	എണ്ണം
1992-93	2
93-94	1
94-95	5
95-96	4
ആകെ	12

മേൽ പട്ടികപ്രകാരം കഴിഞ്ഞ നാലുവർഷങ്ങളിലായി (1993-93 മുതൽ 95- 96വരെ) ആകെ 12 പേർക്ക് മാത്രമാണ് പൂതാടി പഞ്ചായത്തിൽ കീഴിൽ സ്വയംതൊഴിൽ പരിശീലനം നല്കിയിട്ടുള്ളത്.

സാധ്യതകൾ

പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതും യഥാർത്ഥഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സന്നദ്ധസംഘടനകളെ ഉപയോഗിക്കേണ്ടതുമാണ്. പഞ്ചായത്തിലെ വിവിധ ക്ലബുകളുടെയും കലാസാംസ്ക്കാരിക സംഘടനകളുടെയും പ്രവർത്തനം ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിന് ഉപയോഗപ്രദമായ രംഗങ്ങളിൽ തൊഴിൽ പരിശീലനം നൽകേണ്ടതും അങ്ങനെ പരിശീലനം തേടിയവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ യഥാകാലം നല്കേണ്ടതുമാണ്. സഹകരണ ബാങ്കുകളേയും മറ്റും ഇക്കാര്യത്തിൽ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഗ്രാമീണ മേഖലയിൽ കൈത്തൊഴിലുകൾ ചെയ്യുന്നവർക്ക് വിവിധതരത്തിൽ പെട്ട തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഈ പദ്ധതിപ്രകാരം

പൂതാടി പഞ്ചായത്തിന്റെ പരിധിയിൽ 1995-96 വർഷത്തിൽ 8 പേർക്കായി 13875 രൂപയുടെ നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുകയുണ്ടായി. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള കൈത്തൊഴിൽ രംഗത്ത് പരമാവധി ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടതാവശ്യമാണ്. പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു സൊസൈറ്റി രൂപീകരിക്കുകയും സർക്കാർ സഹായത്തോടുകൂടി ഉപകരണങ്ങൾ വിതരണം ചെയ്യുകയുമാണെങ്കിൽ ഈ രംഗത്തുള്ള പ്രയാസങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

ടൈസാ-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം(പഞ്ചായത്തിൽ)

പരിശീലനം - വിഷയത്തിന്റെപേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
നെയ്ത്ത്	5	5
പ്രിന്റിംഗ് &് കാമ്പോസിംഗ്	4	4
പ്ലാബിംഗ്	2	2
വയറിംഗ്	1	1
ടൈപ്പ് റൈറ്റിംഗ്	2	2
സ്പ്രേ പെയ്ന്റിംഗ്	1	1
മോട്ടോർ ഡീസൽ മെക്കാനിസം	2	2
വർക്ക് ഷോപ്പ്	1	1
എംബ്രോയിഡറി	5	5
വെക്സിൻ വർക്ക്	5	5
ഡ്രൈക്ലീനിംഗ്	1	1

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നല്കുന്ന പദ്ധതിപ്രകാരം CRSP യുടെ കീഴിൽ 1995-96 വർഷത്തിൽ പൂതാടി പഞ്ചായത്തിൽ 26 കക്കൂസുകൾ നിർമ്മിക്കുന്നതിനായി 52000 രൂപ സഹായധനമായി അനുവദിച്ചു. ഇതിൽ 4 എണ്ണം പിന്നോക്ക വിഭാഗത്തിൽപെട്ടവർക്കാണ് നല്കിയത്. ഈ പദ്ധതിയുടെ പ്രയോജനം ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ സർക്കാർ കൂടുതൽ ധനസഹായം ഈ മേഖലയിലേക്ക് നൽകുകയാണെങ്കിൽ ജനങ്ങളുടെ ആരോഗ്യ രംഗത്ത് പരമാവധി പുരോഗതി കൈവരിക്കുന്നതിനും അതുവഴി പല പകർച്ചവ്യാധികൾ തടയുന്നതിനും സാധിക്കും. പൂതാടി പഞ്ചായത്തിന്റെ പരിധിയിൽ തന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ കക്കൂസ് ലഭിക്കേണ്ടവരുടെ എണ്ണം ഇനിയും വളരെ കൂടുതലാണ്.

CRSP കക്കൂസുകൾ (പൂതാടി വില്ലേജ്)

വർഷം	എണ്ണം	തുക	SC/ST
1993-94	28	56000	4
1994-95	15	30000	2
1995-96	26	52000	4

DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഈ പദ്ധതിപ്രകാരം പൂതാടി പഞ്ചായത്തിൽ ലഭ്യമായ സഹായത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

DWCRA സഹായലഭ്യതാകണക്ക്

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-932	19	77,667	1,18,667
93-94	10	14250	43852
94-95			Nil
95-96			Nil

സാധ്യത

ഓരോ വാർഡിലും അനുയോജ്യമായ വനിതാ ക്ഷേമയൂണിറ്റുകൾ ആരംഭിക്കാൻ അതാത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരുടെ ഒരു കമ്മറ്റി രൂപീകരിക്കുക. ഈ യൂണിറ്റുകളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗാർമെന്റ്സ് പോലുള്ള ഉല്പാദനങ്ങൾക്ക് പഞ്ചായത്തിലെ തന്നെ സ്കൂളുകളിലും അംഗൻവാടികളിലും മറ്റും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതുവഴി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അവരുടെ സാമൂഹ്യക്ഷേമം വളർത്തുന്നതിനും സാമ്പത്തിക സ്വാശ്രയത്വം നേടുന്നതിനും സഹായിക്കും.

ഈ പദ്ധതിയുടെ ആനുകൂല്യം അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കത്തക്കവിധം ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയെങ്കിലുമായി ഉയർത്തണം. ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി വായ്പ വിതരണംചെയ്യുകയും അതുവഴി ദേശസാൽകൃത ബേങ്കുകൾ ഈ പദ്ധതിയോട് കാണിക്കുന്ന അവഗ

ണന അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വർഷംതോറും സർവ്വെ നടത്തുകയും അനർഹരെ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയും വേണം.

സംയോജിത ഗ്രാമവികസനപരിപാടി

IRDP സഹായലഭ്യതാ കണക്ക്

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-93	53	146,391	2,51,212
93-94	56	1,75,190	2,65,715
94-95	59	2,66,490	4,66,015
95-96	23	94,560	2,04,620

അംഗൻവാടികൾ

ഈ പഞ്ചായത്തിലെ 13 വാർഡുകളിലായി 18 അംഗൻവാടികൾ പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നാണ് ICDSന്റെ ലക്ഷ്യം എങ്കിലും ഈ പഞ്ചായത്തിൽ അത് നിറവേറ്റപ്പെട്ടിട്ടില്ല. മിയ്ക്ക അംഗൻവാടികളിലും കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും അത് ഇവയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും അറ്റകുറ്റപ്പണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും പ്രശ്നങ്ങളാണ്. അംഗൻവാടികളിൽ ജീവനക്കാർക്ക് മതിയായ വേതനവർദ്ധനവ് നല്കേണ്ടത് അത്യാവശ്യമാണ്.

അംഗൻവാടികളുടെ വിവരം

ആകെയുള്ള 18 അംഗൻവാടികളിലായി 6 വയസ്സ് താഴെയുള്ള കുട്ടികളുടെ എണ്ണം നിലവിൽ 2,563 ആണ്. 10,13 വാർഡുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നില്ല. നിലവിലുള്ള അംഗൻവാടികളിൽ കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ പുതിയ അംഗൻവാടികൾ തുടങ്ങേണ്ടതുണ്ട്. പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

സാധ്യതകൾ

1. കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ സർക്കാർ സഹായം നല്കുക.

2. കളിപ്പാട്ടങ്ങളും മറ്റും വാങ്ങുന്നതിന് DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം ഉപയോഗപ്പെടുത്തുക.

3. 10-ാം വാർഡിലെ ചുണ്ടക്കൊല്ലി, ഓർക്കടവ്, അഞ്ചാം വാർഡിലെ താന്നിക്കുന്ന് കോളനി പ്രദേശം, വാരിക്കാട്ട് കോളനി, മൂന്നാം വാർഡിലെ നെല്ലിക്കര, 2,4 എന്നീ വാർജുകളിലും പുതിയ അംഗൻവാടികൾ തുടങ്ങേണ്ടതുണ്ട്.

4. പഞ്ചായത്തിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 1704, ഗർഭിണികളുടെ എണ്ണം 156, കൂടുതൽ പേർക്ക് നൽകുന്നതിന് വേണ്ടി പോഷകാഹാരത്തിനുള്ള സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

5. പഞ്ചായത്തിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ പോഷകാഹാരസെന്ററുകൾ തുടങ്ങുക

6. താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക

7. അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനും മറ്റുമായി പരിജ്ഞാനം നേടിയ ആളുകൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസി ഉണ്ടാക്കുക.

8. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും കെടുകാര്യസ്ഥത അവസാനിപ്പിക്കുകയും ചെയ്യുക.

വിധവാ പെൻഷൻ

പഞ്ചായത്തിൽ ആകെ 67 പേർക്കാണ് വിധവാ പെൻഷൻ ലഭിക്കുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ പെൻഷൻ ലഭിക്കുകയില്ല എന്ന വ്യവസ്ഥ മാറ്റി വരുമാനത്തിന്റെ ജീവിതാവസ്ഥ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കണം. പഞ്ചായത്തിലെവിവിധ വാർഡു

വിവിധ പെൻഷനുകൾ (വില്ലേജ് അടിസ്ഥാനത്തിൽ)

വില്ലേജ്	കർഷകതൊഴിലാളി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ
പൂതാടി	216	27	18	6
ഇരുളം	158	30	30	11
നടവയൽ	145	10	11	-

അംഗൻവാടികളുടെ വിവരം

ക്രമനമ്പർ	വാർഡ്	എണ്ണം	അംഗൻവാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്വന്തം ഉള്ളത്	കളിസ്ഥലം ഉള്ളത്	കളിസ്ഥലം ഇല്ലാത്തത്	സ്വന്തം സ്ഥലത്തും കെട്ടിടം ഇല്ലാത്തത്
1	1	3	71 | 68 | 122	324	3	-	3	3	-	-
2	2	3	105 | 166 | 73	275	2	1	2	-	3	-
3	3	1	167	122	1	-	1	-	1	-
4	4	1	72	149	1	-	1	1	-	-
5	5	1	70	248	1	-	1	1	-	-
6	6	1	64	216	1	-	1	1	-	-
7	7	3	65 | 66 | 127	307	3	-	3	1	2	-
8	8	2	165 | 164	316	1	1	2	1	1	1
9	9	1	128	238	1	-	1	1	-	-
10	10	-	-	-	-	-	-	-	-	-
11	11	2	69	368	2	-	2	-	2	-
12	12	-	154	-	-	-	-	-	-	-
13	13	-	-	-	-	-	-	-	-	-
ആകെ		18	-	2563	16	2	17	9	9	1

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

വാർഡ്	വിധവാ പെൻഷൻ	അഗതി പെൻഷൻ	വാർദ്ധക്യ പെൻഷൻ	വികലാംഗ പെൻഷൻ	അവശ കലാകാര സാഹിത്യ പെൻഷൻ	അവശ കായിക താര പെൻഷൻ	ക്ഷയരോഗി പെൻഷൻ	കുഷ്ഠരോഗി പെൻഷൻ	കൃതിസർ രോഗി പെൻഷൻ
1	10			11					
2	16		4	9					
3									
4	6		1	2					
5	3			3					
6	2		1	7					
7	9		1	5					
8	2		-	9					
9	7		1	-					
10	1		1	4					
12	-		4	5					
13	11		2						
ആകെ									

കളിൽ പെൻഷന് അർഹരായവരുണ്ട്. അവർക്ക് അത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കർഷകത്തൊഴിലാളി പെൻഷൻ

നീതിപൂർകമായി പെൻഷൻ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നല്കുക. അർഹരായ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കേണ്ടതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ നടത്തുക. അർഹരായവരെ ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുക്കുകയും അവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പഞ്ചായത്തിലെ 3 വില്ലേജുകളിലായ 519 പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. ഗ്രാമത്തിന്റെ സമ്പന്നതക്ക് നെടുംതൂണായി വർത്തിച്ചിരുന്ന കർഷകത്തൊഴിലാളികളെ അർഹമായ രീതിയിൽ പരിഗണിക്കുകയും അവരുടെ പെൻഷൻ ശരാശരി 250 രുപയാക്കുകയും ചെയ്യുക.

വികലാംഗപെൻഷൻ

പൂതാടി പഞ്ചായത്തിലെ 13 വാർഡുകളിലായി 732 വികലാംഗർ ഉണ്ട്. ഇതിൽ പെൻഷന്റെ ആനുകൂല്യം ലഭിക്കുന്ന 59 പേരാണുള്ളത്. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുന്ന നടപടികൾ ഉദാരവത്ക്കരിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും അവരിലുള്ള വിവിധങ്ങളായ കഴിവുകളെ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നതിന് തക്കവിധം പദ്ധതികൾ നടപ്പിൽ വരുത്തുകയും തൊഴിൽ പരിശീലനത്തിന് വേണ്ട സഹായം ചെയ്യുന്നതിനൊപ്പം തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക. തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക, വികലാംഗരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നിർബന്ധമായും നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. യാത്രാബത്ത അനുവദിക്കുകയും യാത്ര സുഗമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പൂതാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വികലാംഗർക്കായുള്ള പരിശീലന സെന്റർ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുകയും അതിനു വേണ്ട സഹായങ്ങൾ നല്കുകയോ ചെയ്യുക.

കൈകാലുകൾക്ക് വൈകല്യം ബാധിച്ചവർ 222

കേഴ്വി -സംസാര വൈകല്യം ബാധിച്ചവർ 125

കാഴ്ചത്തകരാറുള്ളവർ 22

ബുദ്ധിമാന്ദ്യം സംഭവിച്ചവർ 52

ബുദ്ധിഭ്രമം സംഭവിച്ചവർ 56

കുഷ്ഠരോഗമുള്ളത് 1

മറ്റു വൈകല്യമുള്ളവർ 254

പൂതാടി പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നതിൽ പ്രധാനപ്പെട്ട വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനുമാണ്.

വിധവാ പെൻഷൻ 67 പേർക്കും

വാർദ്ധക്യ പെൻഷൻ17 പേർക്കുമാണ് നല്കുന്നത്

വിധവാ പെൻഷൻ ജീവിതസാഹചര്യത്തിനനുസരിച്ച് നല്കുന്നതിനാവശ്യമായ നടപടി സ്വീകരി

ക്കുക.

തൊഴിലില്ലായ്മാ വേതനം

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 82പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് പ്രതിമാസം ഇന്ന് കൊടുക്കുന്ന തൊഴിലില്ലായ്മ വേതനം അപര്യാപ്തമാണ്. തൊഴിൽ ലഭിക്കുന്നിടംവരെ താൽക്കാലിക ആശ്വാസം എന്ന നിലയിൽ കൊടുക്കുന്ന വേതനം കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചുകൊടുക്കേണ്ടതും അർഹരായ മുഴുവൻ ആളുകൾക്കും ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യം നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 800ഓളം ആളുകൾക്കാണ് ലഭിക്കുന്നത്. പരമ്പരാഗത രംഗത്ത് തൊഴിലെടുക്കുന്ന ധാരാളം തൊഴിലാളികളെ നമ്മുടെ പഞ്ചായത്തിൽ ക്ഷേമനിധിയുടെ ആനുകൂല്യം ലഭിക്കേണ്ടവർ നിരവധിയാണ്.

കർഷകതൊഴിലാളി ക്ഷേമനിധി

91ലെ സെൻസസ് അനുസരിച്ച് 36,544 വരുന്ന നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ഗണ്യമായ വിഭാഗം കർഷകതൊഴിലാളികളാണ്. .ഇവരിൽ ഏകദേശം 4,6000 ഓളം പേരാണ് ക്ഷേമനിധിയിൽ അംഗങ്ങയി ചേർന്നിട്ടുള്ളത്. അനർഹരായിട്ടുള്ള കുറെയെങ്കിലും ആളുകൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കുകയും അർഹരായ മുഴുവൻ ആളുകളേയും അംഗങ്ങളായി ചേർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കർഷകരിൽ നിന്ന് ക്ഷേമനിധി സംബന്ധമായ ആവശ്യങ്ങൾക്ക് ജില്ലയിൽ തന്നെ കൽപ്പറ്റയിൽ മാത്രമാണ് ഒരു ഓഫീസ് പ്രവർത്തിക്കുന്നത്. വില്ലേജ് അടിസ്ഥാനത്തിൽ ക്ഷേമനിധി വിഹിതം അടയ്ക്കാനുള്ള സംവിധാനം ഉണ്ടാവണം.

സംസ്ക്കാരം

വിവിധ സംസ്ക്കാരധാരകളുടെ സംഗമഭൂമിയായ വയനാട്ടിൽ പൂതാടിക്ക് മാത്രമായ ചില സാംസ്കാരിക പൈതൃകങ്ങൾ അവകാശപ്പെടാവുന്നതാണ്.

കേരളത്തിലെ ആദിവാസികളിൽ 36 ശതമാനവും അധിവസിക്കുന്നത് വയനാട്ടിലാണ്. പണിയർ, കുറുമർ, കാട്ടുനായ്ക്കർ തുടങ്ങിയ ആദിവാസികൾ കൂടുതലുള്ള ഈ പഞ്ചായത്തിന്റെ ആദിമസംസ്ക്കാരം ഗോത്ര വർഗ്ഗ സംസ്ക്കാരം അഥവാ വേടസംസ്ക്കാരം എന്ന പേരിൽ അറിയപ്പെടുന്നു. അതിനു മുമ്പുള്ള സാംസ്ക്കാരിക പശ്ചാത്തലത്തെക്കുറിച്ച് വ്യക്തമായ തെളിവുകളില്ല. ഈ കാലഘട്ടത്തിൽ വയനാട് പിടിച്ചടക്കാനെത്തിയ കോട്ടയം രാജാക്കന്മാരുടെ കാലത്ത് ഗോത്രവർഗ്ഗ സംസ്ക്കാരത്തിന് മങ്ങലേൽക്കുകയും ആദിവാസികൾ അടിമത്തത്തിലേക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്തു. വീരാരാധന തുടങ്ങിയ പ്രത്യേകതകൾ ഈ കാലത്ത് ആരംഭിച്ചതാണ്. കറുത്ത നിറവും, തടിച്ച ചുണ്ടുകളും പതിഞ്ഞ മൂക്കുമുള്ള നീഗ്രോ വംശത്തിൽപെട്ട പണിയ സമുദായം വേട രാജാക്കന്മാരുടെ കാലം മുതൽക്കേ അടിമത്ത സമ്പ്രദായത്തിൽ ജിവിച്ചുവരുന്നു.

1940 കളിലെ കുടിയേറ്റത്തോടുകൂടി കാർഷിക രംഗത്തുണ്ടായ പരിവർത്തനങ്ങൾ ഇവിടുത്തെ സമ്പദ്ഘടനയിൽ തന്നെ മാറ്റം വരുത്തുകയും, തത്ഫലമായി വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടാവുകയും ഇതിന്റെയെല്ലാം ഫലമായി ജനങ്ങളുടെ ജീവിതരീതിയിലും ആചാരാനുഷ്ഠാനങ്ങളിലും മാറ്റം വരികയും ഒരു സമന്വയ സംസ്ക്കാരത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

കർണ്ണാടകയിൽ നിന്നും കുടിയേറിപ്പാർത്ത ജൈനമതക്കാരുടെ സാംസ്ക്കാരിക സവിശേഷതകളും ഈ മണ്ണിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. ജൈനക്ഷേത്രങ്ങളും നൂതന കൃഷി സമ്പ്രദായങ്ങളും തനതായ ആചാരാനുഷ്ഠാനങ്ങളും ഇവരുടെതായി ലഭിച്ചിട്ടുള്ള സംഭാവനകളാണ്.

കേരളത്തിലെ പ്രമുഖ സാഹിത്യകാരനും, സാമൂഹ്യപരിഷ്ക്കർത്താവും "നാടുഗദ്ദിക" കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ "മാവേലി മൻറം" എന്നീ കൃതികളുടെ ഗ്രന്ഥകർത്താവുമായ ശ്രീ. കെ.ജെ.ബേബി നടത്തുന്ന "കനവ്" എന്ന അനൗപചാരിക ഗുരുകുല വിദ്യാഭ്യാസസ്ഥാപനം ഈ പഞ്ചായത്തിൽ കേണിച്ചിറയ്ക്കടുത്തുള്ള "ചീങ്ങോട് " എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഈ സ്ഥാപനം ആദിവാസികുട്ടികളെ തനതായ ശൈലിയിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

കായികരംഗത്ത് സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടാൻ തക്ക പ്രതിഭകളെ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കലാരംഗത്ത് പറയത്തക്ക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആദിവാസികളുടെ ഉന്നമനത്തിനായി നടന്നുവരുന്ന ശ്രമങ്ങളെല്ലാം തന്നെ അവരുടെ വർഗ്ഗപരമായ സവിശേഷതകളെല്ലാം തുടച്ചുനീക്കുകയാണ് ചെയ്യുന്നത്. ആദിവാസി ക്ഷേമപദ്ധതികളുടെ പ്രയോഗത്തിൽ വന്നിട്ടുള്ള പാളിച്ചകളാണ് ഇത് സൂചിപ്പിക്കുന്നത്.

സംസ്ക്കാരത്തെ കുറിച്ചു പറയുമ്പോൾ ഭാരതീയമായ ഒരു കാഴ്ചപ്പാടാണ് നമുക്കു വേണ്ടത്. നഗരവത്ക്കരണത്തിന്റെ ഭാഗമായി അഗാധമായ സാംസ്ക്കാരിക മൂല്യച്യുതി എല്ലാ രംഗങ്ങളിലും ദൃശ്യമായി കഴിഞ്ഞിരിക്കുന്നു. ടി.വി.സംസ്ക്കാരവും, പാശ്ചാത്യസംസ്ക്കാരത്തിന്റെ നുഴഞ്ഞുകയറ്റവും തനത് സംസ്ക്കാരം വിട്ട് ഒരു പുത്തൻ സംസ്ക്കാരത്തിന്റെ പിന്നാലെ പായുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും അവർ മുൻകാലങ്ങളിൽ സന്തോഷം കണ്ടെത്തിയിരുന്ന പരമ്പരാഗത കലാരൂപങ്ങൾ കൈയ്യൊഴിയുകയും അങ്ങിനെ മണ്ണിന്റെ മക്കളുടെ സംസ്ക്കാരം മണ്ണടിയുന്ന ഒരവസ്ഥ സംജാ

തമാവുകയും ചെയ്യുന്നു. തനതു കലാരൂപങ്ങളായ തെയ്യം, തിറ, നെല്ലുകുത്ത്, പാട്ട്, നാടുഗദ്ദിക കോൽക്കളി മുതലായവ അരങ്ങൊഴിഞ്ഞിരിക്കുന്നു.

എന്നാൽ, ആസന്നമായ ഈ വിപത്ത് അടുത്തറിഞ്ഞ കുറേപേരെങ്കിലും ഈ ഗ്രാമത്തിലുള്ളതിന്റെ സൂചനയായി ഈ ഗ്രാമത്തിൽ ഉയർന്നുവന്നിട്ടുള്ള കലാ സാംസ്ക്കാരിക-സാമൂഹ്യസംഘടനകളുടെ എണ്ണം സൂചിപ്പിക്കുന്നു. ഇതു വഴി സാമൂഹ്യസാംസ്ക്കാരിക മണ്ഡലങ്ങളിൽ മാറ്റത്തിന്റെ ശംഖുമുഴങ്ങി കഴിഞ്ഞിരിക്കുന്നു. എന്നാൽ പഴയ വേടസംസ്ക്കാരത്തിൽ നിന്നും അതിദൂരം സഞ്ചരിച്ച് ഒരു ആദിവാസി കുടിയേറ്റ സമന്വയ സംസ്ക്കാരത്തിന്റെ സംഗമഭൂമിയിലാണ് ഈ ഗ്രാമവും എത്തിനിൽക്കുന്നത്. ഇത്തരമൊരു സമന്വയത്തെ വിശോത്തര സംസ്ക്കാരമാക്കി ഉയർത്താനാവശ്യമായ ഘടകങ്ങളാണ് നാം അന്വേഷിക്കേണ്ടത്.

പ്രശ്നങ്ങൾ

ഇന്ന് സാംസ്ക്കാരിക മണ്ഡലത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. പതിമൂന്ന് വാർഡുകളുള്ള പൂതാടി പഞ്ചായത്തിൽ 12-ാം വാർഡിൽ മാത്രമേ പഞ്ചായത്തിന്റേതായി ഒരു സാംസ്ക്കാരിക നിലയം ഉള്ളൂ.

2. ക്ലബ്ബുകളുടെയും വായനശാലകളുടെയും മറ്റു സാംസ്ക്കാരിക സംഘങ്ങളുടെയും കാര്യത്തിൽ മുന്നിൽ നില്ക്കുന്ന ഈ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതുകൊണ്ടോ, സാമ്പത്തിക സഹായത്തിന്റെ അഭാവത്തിലോ മിക്കതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല ഇത്തരം സ്ഥാപനങ്ങളോടുള്ള നമ്മുടെ താല്പര്യം കുറഞ്ഞിട്ടില്ലേയെന്ന് പുനർവിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

3. സാമൂഹിക സാംസ്ക്കാരിക രംഗത്ത് സ്ത്രീകളുടെ അസ്സാന്നിദ്ധ്യം പ്രകടമാണ്. ഇതിന്റെ പ്രധാനകാരണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ. കുടുംബപശ്ചാത്തലം പൊതുരംഗത്തേക്ക് വരാനുള്ള വൈമുഖ്യം, ഈ രംഗത്തേക്കു വരുന്നു സ്ത്രീകളോടുള്ള സമൂഹത്തിന്റെ സമീപനം എന്നിവയാണ്.

4. ടെലിവിഷന്റെയും പാശ്ചാത്യസംസ്ക്കാരത്തിന്റേയും അതിപ്രസരം ഒരു സാംസ്ക്കാരിക മൂല്യച്യുതിയിലേക്ക് ഈ മലയോര പ്രദേശത്തേയും അതിവേഗം നയിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ഗണ്യമായ പങ്കുവഹിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസമല്ല മറിച്ച് ഇംഗ്ലീഷ് മീഡിയങ്ങളാണ് നമ്മുടെ സാംസ്ക്കാരിക പൈതൃകത്തെ പ്രതികൂലമായി ബാധിക്കുന്നത്.

5. വളർന്നുവരുന്ന തലമുറയെ വായനാശീലമുള്ളവരും സാംസ്കാര സമ്പന്നരുമാക്കി മാറ്റുവാനുതകുന്ന തരത്തിൽ പ്രവർത്തിക്കേണ്ടുന്ന സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. കലാകായിക സാംസ്കാരിക ഉന്നമനത്തിനായി സ്കൂൾ തലത്തിൽ വേണ്ടത്ര പ്രോത്സാഹനം നടക്കുന്നില്ല.

6. സാംസ്ക്കാരിക രംഗത്ത് അമൂല്യങ്ങളായ സംഭാവനകൾ നല്കാൻ കഴിവുള്ള സാംസ്ക്കാരിക നായകന്മാരുടെ അഭാവം ഈ ഗ്രാമത്തിലെ ഒരു പ്രധാന പോരായ്മയായി നിലനില്ക്കുന്നു. വിദ്യാസമ്പന്നരായ യുവതീയുവാക്കൾ പോലും ഈ രംഗത്തേക്ക് കടന്നു വരുവാൻ മടിച്ചുനില്ക്കുന്നു.

7. സാക്ഷരതാപരിപാടിയുടെ തുടർപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കാത്തതുകൊണ്ട് നേടിയെടുത്ത സമ്പൂർണ്ണസാക്ഷരത പേരിൽ മാത്രമൊതുങ്ങിയിരിക്കുന്നു.

8. നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ യാതൊരു നടപടിയും നടക്കുന്നില്ല.

9. വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങളും ഭാരിച്ച ജീവിതച്ചിലവുകളും മൂലം വരുമാനമുണ്ടാക്കാൻ ഉതകാത്ത രംഗങ്ങളോട് ജനങ്ങൾക്ക് താല്പര്യം കുറഞ്ഞതും സാംസ്ക്കാരികമായ പിന്നോക്കാവസ്ഥക്ക് കാരണമായി.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ കാലാകായിക സാംസ്ക്കാരിക സംഘടനകളെ ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വേണ്ടുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താനും ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.

2. പഞ്ചായത്തിന്റെ ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടെ ഒരു വിവരഗ്രഹണ കേന്ദ്രം (Information centre) ആരംഭിക്കുക. കൂടാതെ ഇത് വാർഡ് അടിസ്ഥാനത്തിലും സ്ഥാപിക്കേണ്ടതാണ്.

3. നിലവിലുള്ള കലാകായിക സാംസ്ക്കാരിക സംഘടനകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്ന

തിനാവശ്യമായ സാമ്പത്തികസഹായവും പ്രോത്സാഹനവും നല്കുന്നതോടൊപ്പം ഇവയില്ലാത്ത പ്രദേശങ്ങളിൽ ആരംഭിക്കാനാവശ്യമായ നടപടികളും സ്വീകരിക്കുക.

4. സാംസ്ക്കാരിക ജീർണ്ണതയ്ക്കെതിരെ ശക്തമായ പ്രചാരണ പരിപാടികളും ബോധവത്ക്കരണവും നടത്തുക.

5. സ്ത്രീകളെ ഈ രംഗത്തേക്ക് നയിക്കുന്നതിന് സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക. ഇതിനുവേണ്ടി സ്ത്രീപുരുഷന്മാരിൽ ബോധവല്ക്കരണം നടത്തുക.

6. സ്കൂൾ ലൈബ്രറികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നല്കുന്നതിനാവശ്യമായ പദ്ധതികൾ പ്രാഥമിക തലം മുതൽക്കേ സ്കൂളുകളിൽ ആവിഷ്ക്കരിക്കുക.

7. ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ നിരുത്സാഹപ്പെടുത്തുകയും രക്ഷിതാക്കളിലും പൊതുജനങ്ങളിലും ബോധവത്ക്കരണം നടത്തുകയും ചെയ്യണം.

8. കായിക പ്രതിഭകൾ കൂടുതൽ ഉള്ള കോളേരിയിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

9. സ്കൂളുകളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കുക.

പഞ്ചായത്ത് തലത്തിൽ സാംസ്ക്കാരിക പരിപാടികൾ ഇടയ്ക്കിടെ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

11. ഓണാഘോഷപരിപാടികൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

12. നാടിന്റെ തനതുകലാരൂപങ്ങൾ നിലനിർത്തുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം.

13. സാംസ്ക്കാരികത്തനിമ നിലനിർത്തിക്കൊണ്ടുള്ള മത്സരപരിപാടികൾ സംഘടിപ്പിക്കുക.

14. പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും സൗജന്യമായി ദിനപ്പത്രങ്ങളും വിജ്ഞാനപ്രദമായ മാസികകളും നല്കണം.

15. ഉപഭോക്തൃ ചൂഷണത്തിനെതിരെ ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യമാണ്.

നിലവിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

നമ്പർ പേരും വിലാസവും സ്ഥാപിച്ചവർഷം മെമ്പർമാരുടെ എണ്ണം കെട്ടിടത്തിന്റെ വിവരം

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിതരണം
1. സാംസ്ക്കാരിക നിലയം വളാഞ്ചേരി	1990	പഞ്ചായത്ത് വക	37624	67	760
2. നേതാജി വായനശാല നടവയൽ	1982	വാടക	120	400	150
3. ദേശീയ വായനശാല& ഗ്രന്ഥാലയം പൂതാടി	1963	വാടക	138	3138	300
4. ജനതാ ഗ്രന്ഥാലയം താഴമുണ്ട	1969	സ്വന്തം	147	2395	400
5. യുവപ്രതിഭ, കേണിച്ചിറ	1974	സ്വന്തം	340	3800	600
6. ചൈതന്യ ഗ്രന്ഥാലയം, കിഴക്കെ.കോളേരി	1981	സ്വന്തം	320	1730	600
7. നെഹ്റു മെമ്മോറിയൽ വായനശാല, വാളവയൽ	1975	സ്വന്തം	175,	500	300
8. കുമാരനാശാൻ വായനശാല മൂടക്കൊല്ലി -	1996	സ്വന്തം,	200,	500	300
9. പുലരി വായനശാല, മൂടക്കൊല്ലി	1983	സ്വന്തം	358		
10. അരുണ വായനശാല, അതിരാറ്റുകുന്ന്ച	1981	സ്വന്തം	135	2000	400
11. അഞ്ജലി വായനശാല താഴത്തങ്ങാടി	1978	സ്വന്തം	60	100	100
12. ഉദയാ വായനശാല	1980	സ്വന്തം	59	936	120
13. ഭാവന വായനശാല	1974	സ്വന്തം	101	1750	400

പേരും വിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം
1. സർവ്വജന ആർട്ട്സ് & സ്പോർട്സ് ക്ലബ്, ചോയിമൂല	1993	75	സ്വന്തംഇല്ല
2. യംഗ്ഫൈറ്റേഴ്സ് ക്ലബ്, മാങ്ങോട്	1982	29	സ്വന്തം
3. നവോദയ ആർട്സ് & സ്പോർട് ക്ലബ്,	1995	41	വാടക
4. സൗഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്,, അണ്ണാംവയൽ	1983	39	വാടക
5. ആതിര ആർട്സ് & സ്പോർട്സ് ക്ലബ്,, അതിരാറ്റുകുന്ന്	1993	68	വാടക
6. കോസ്മോ ആർട്സ് & സ്പോർട്സ് ക്ലബ്,, എടക്കാട്	1990	52	വാടക
7. പൂതാടി പഞ്ചായത്ത് റിക്രിയേഷൻ ക്ലബ്,, കോളേരി	1980	45	പഞ്ചായത്ത്
8 തുഷാര മ്യൂസിക്കൽസ് കോളേരി	1980	50	വാടക
9.S.Nയൂത്ത് മൂവ്മെന്റ് കോളേരി	1996	55	സ്വന്തം
10. അതുല്യ ആർട്സ് & സ്പോർട്സ് ക്ലബ്, കോളേരി	1992	40	വാടക
11. നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്, വട്ടത്താനി	1985	75	സ്വന്തം
12 . അഞ്ജലി ആർട്സ് & സ്പോർട്സ് ക്ലബ്, വാളവയൽ	1992	34	വാടക
13. കേരള ദേശീയവേദി വാളവയൽ	1994	25	വാടക
14. ചിത്ര ആർട്സ് & സ്പോർട്സ് ക്ലബ്, വാളവയൽ	1970	70	സ്വന്തം
15. ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്, പാപ്ലശ്ശേരി	1970	20	ഇലല്ല
16. ദർശന ആർട്സ് & സ്പോർട്സ് ക്ലബ്, അഴീക്കോടൻ നഗർ	1994	40	സ്വന്തം
17. നാഷണൽ റിക്രിയേഷൻ ക്ലബ്, കല്ലൂർകുന്ന്	1983	46	വാടക
18. സഹൃദയ കലാകായിക സാംസ്ക്കാരികവേദി, വാകേരി	1992	84	വാടക
19. പ്രതിഭാ ആർട്സ് & സ്പോർട്സ് ക്ലബ്,	1992	29	വാടക
20. ഗാലക്സി ആർട്സ് & സ്പോർട്സ് ക്ലബ്, മണൽവയൽ	1989	85	വാടക
21. പ്രമദ ആർട്സ് & സ്പോർട്സ് ക്ലബ്,	1992	40	വാടക
22. ദീപം ആർട്സ് & സ്പോർട്സ് ക്ലബ്, തൂത്തിലേരി	1991	45	വാടക
23. സൗഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്,	1983	39	വാടക
24. നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്, മൂടക്കൊല്ലി	1983	358	സ്വന്തം
25. പുലരി ലൈബ്രറി & ക്ലബ്, മൂടക്കൊല്ലി	1983	358	സ്വന്തം
26. അരുണ ആർട്സ് & സ്പോർട്സ് ക്ലബ്, അതിരാറ്റുകുന്ന്	1981	135	സ്വന്തം
27. അഞ്ജലി ആർട്സ് & സ്പോർട്സ് ക്ലബ്,	1978	60	സ്വന്തം
28. യുവപ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്, കേണിച്ചിറ	1974	108	സ്വന്തം

വനിതാക്ഷേമം

സാമൂഹ്യപ്രവർത്തന മേഖലകളിലെകെ സ്ത്രീ-പുരുഷ അസമത്വം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ വിമോചന പ്രസ്ഥാനങ്ങളും മറ്റും കാര്യമായി പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിലും സ്ത്രീകൾ പൊതുവെ സാമൂഹ്യരംഗത്തേയ്ക്കു കടന്നുവരാതെ വീടുകളിൽത്തന്നെ ഒതുങ്ങിക്കഴിയുകയാണ്. പൂതാടി പഞ്ചായത്തിലെ അവസ്ഥയും ഇതിൽ നിന്ന് വിഭിന്നമല്ല.

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ (1991ലെ സെൻസസ് പ്രകാരം 36544)യിൽ 17737 പേർ സ്ത്രീകളാണ്. ഇതിൽത്തന്നെ 3655 പേർ പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെട്ടവരാണ്. ഒരു ഗ്രാമീണ ജീവിതശൈലി നിലനിൽക്കുന്നു എന്നതുകൊണ്ട് തന്നെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിന് വനിതകൾക്ക് കാര്യമായ അവസരം ലഭിക്കുന്നില്ല. ആയതിനാൽ ഇവിടുത്തെ വനിതകളുടെ ജീവിതബോധ നിലവാരം മറ്റു പ്രദേശങ്ങളിലേതിനെ അപേക്ഷിച്ച് താരതമ്യേന കുറവാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും കൃഷിയ്ക്ക് മുൻതൂക്കമുള്ള പ്രാഥമിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇതിൽതന്നെ മൃഗസംരക്ഷണവുമായി കഴിയുന്ന വനിതകളാണ് അധികവും.

രൂക്ഷമായ തൊഴിൽ ഇല്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും സാങ്കേതിക മേഖലകളിൽ സ്ത്രീപങ്കാളിത്തം തുലോം കുറവാണ്. അതുകൊണ്ടുതന്നെ സർക്കാർ സർവ്വീസിലും മറ്റു സ്വകാര്യ മേഖലകളിലും പ്രവർത്തിക്കുന്ന വനിതകളുടെ എണ്ണം അംഗുലീപരിമിതമാണ്. തൊഴിൽമേഖലകളിലെ സ്ത്രീപങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക (1991ലെ സെൻസസ് പ്രകാരം) താഴെ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കൃഷിക്കാർ	112	1233
കർഷകത്തൊഴിലാളി	1240	2191
മൃഗസംരക്ഷണം	872	3657
കെട്ടിടനിർമ്മാണം	3	130
വ്യാപാരം, വ്യവസായം	32	592
ഗതാഗതം, വാർത്താ വിനിമയം	8	209
മറ്റുള്ളവ	398	620

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരെയുള്ള ക്രൂരമായ അവഗണന പട്ടിക പ്രതിഫലിപ്പിക്കുന്നു. 11578ഓളം വരുന്ന പഞ്ചായത്തിലെ ആകെ തൊഴിലാളികളിൽ 2698 പേർ മാത്രമാണ് വനിതകളായിട്ടുള്ളത്.

കാർഷികരംഗത്തും അനുബന്ധ തൊഴിൽ മേഖലകളിലും സ്ത്രീകളുടെ വേതനം പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. ഉദാ: കർഷകത്തൊഴിലാളിയായ ഒരു പുരുഷന് 60 രൂപാ കൂലി കിട്ടുമ്പോൾ അതേ പണി ചെയ്യുന്ന സ്ത്രീക്ക് 35-40 രൂപയാണ് ലഭിക്കുന്നത്. സ്ത്രീയെ ഒരു രണ്ടാംകിട പൗരനായി കണക്കാക്കുന്ന അവസ്ഥാവിശേഷം ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു.

വേതനനിരക്കിലെ സ്ത്രീ-പുരുഷ വ്യത്യാസം

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകത്തൊഴിലാളി	35-40	60-70
നിർമ്മാണത്തൊഴിലാളി	50-60	100-110

സ്ത്രീകളോടുള്ള ഇത്തരത്തിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനുവേണ്ടി അവർതന്നെ തങ്ങളുടെ അവകാശങ്ങൾ തിരിച്ചറിയുകയും അതുനേടിയെ

ടുക്കുവാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കുകയും വേണം. അവർക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വനിതകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ ഉയർന്നു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സർക്കാരിന്റേയും മറ്റ് സന്നദ്ധ സംഘടനകളുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

വനിതകൾക്കായുള്ള സ്വയം തൊഴിൽ യൂണിറ്റുകൾ (കോഴിവളർത്തൽ, ആടുവളർത്തൽ, അടുക്കളത്തോട്ടം, അച്ചാറു നിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ്സ്) പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിൽ വരുത്തണം. തുന്നൽ, നെയ്ത്ത് എന്നിവയ്ക്ക് ഗവണ്മെന്റ് തലത്തിലുള്ള ഓരോ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ തുടങ്ങേണ്ടതുണ്ട്. ഇവിടെത്തന്നെ ഉത്പാദിപ്പിക്കപ്പെടുന്ന നേന്ത്രക്കായ ഉപയോഗിച്ച് സ്ത്രീകളുടെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ ചിപ്സ് നിർമ്മാണ യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം.

1990ലെ സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് കുറെ സ്ത്രീകൾ സാമൂഹ്യ രംഗത്തേയ്ക്ക് കടന്നുവരികയുണ്ടായി. വിവിധ രാഷ്ട്രീയ ബഹുജന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ചുരുങ്ങിയ തോതിലെങ്കിലും സ്ത്രീകൾ നേതൃനിരയിലേക്ക് ഉയർന്നുവന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ മഹിളാ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 12ഓളം മഹിളാ സമാജങ്ങളും 18 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിർജ്ജീവങ്ങളായ മഹിളാ സമാജങ്ങളെ പുനരുജ്ജീവിപ്പിക്കുകയും അവയിലെ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. അംഗൻവാടികളുടേയും മഹിളാ സമാജങ്ങളുടെയും പ്രവർത്തനങ്ങളെ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് വേണ്ട വിധത്തിലുള്ള ബോധവത്ക്കരണ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുകയും അവർക്ക് കിട്ടാവുന്ന ആനുകൂല്യങ്ങളെയും അവകാശങ്ങളെയും കുറിച്ച് ബോധമതികളാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വനിതകൾക്ക് നേരെയുള്ള അക്രമങ്ങളും മറ്റും പഞ്ചായത്തിൽ പൊതുവെ കുറവാണെങ്കിലും സ്ത്രീപീഡനങ്ങളും, സ്ത്രീധന പീഡനങ്ങളും ചില കുടുംബങ്ങളിൽ എങ്കിലും നടമാടുന്നുണ്ട് എന്ന് പറയാതെ വയ്യ. മദ്യപാനത്തിന്റെയും മറ്റും കെടുതികളിൽ നിന്ന് മോചനം നല്കുന്നതിനായി സ്ത്രീകളുടേതായ ഒരു മുന്നേറ്റനിര കെട്ടിപ്പടുക്കുകയും ഇത്തരം സാമൂഹ്യ തിന്മകൾക്കെതിരെ ശരിയായ ബോധവത്ക്കരണം നടത്തേണ്ടതുമാണ്.

ഇന്ന് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന മാതൃസംഗമങ്ങളിലും മറ്റും സ്ത്രീകളെ കൂടുതലായി പങ്കെടുപ്പിക്കേണ്ടതുണ്ട്. അതുപോലെ സർക്കാർ തലത്തിൽ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം കൊടുക്കുന്നതിനുവേണ്ടി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണം. കൂടാതെ ജോലിയ്ക്കും മറ്റും പോകുന്ന അമ്മമാരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു ക്രെഷ് തുടങ്ങേണ്ടതാണ്.

പൊതുരംഗത്ത് ബഹുകാതം പിന്നിൽ നില്ക്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിൽ കൂടെ മാത്രമേ ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ. ഏറ്റെടുത്ത ജോലികൾ പുരുഷന്മാരേക്കാൾ ഭംഗിയായി സ്ത്രീകൾക്ക് ചെയ്യാൻ കഴിയുമെങ്കിലും പല മേഖലകളിലും അവർ അവഗണിക്കപ്പെടുന്നു. രാഷ്ട്രപുനിർ നിർമ്മാണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒരു സാമൂഹ്യക്രമത്തിനു മാത്രമേ ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയൂ .

സേവന വേതന രംഗങ്ങളിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകപരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. നേതൃനിരയിൽ അവരെക്കൊണ്ടുവരുന്നതിൽക്കൂടി സമൂഹത്തെ കാർന്ന് തിന്നുന്ന അഴിമതിപോലുള്ള സാമൂഹ്യതിന്മകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പൊതുപ്രവർത്തന രംഗത്ത് പരിശീലനം നേടിയ വനിതകളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. വനിതകളുടെ മാത്രമായ സംഘടനകൾക്ക് രൂപം കൊടുക്കുകയും അവയെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കുന്നതിന് ആവശ്യമായ സഹായം പഞ്ചായത്ത് നല്കുകയും വേണം.

വനിതാ മേഖലയിലെ പ്രശ്നങ്ങൾ

1. തൊഴിൽ രംഗത്ത്, സർക്കാർ മേഖലയിലും സ്വകാര്യ രംഗത്തും സ്ത്രീകൾ അവഗണിക്കപ്പെ

ടുന്നു.

2. സ്വയം തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല.

3. സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല.

4. സ്ത്രീകളോടുള്ള വിവേചനം നില നിൽക്കുന്നു. ഒരേ ജോലിക്കുതന്നെ സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്ത വേതനമാണ് ലഭിക്കുന്നത്.

5. സാമ്പത്തിക പ്രശ്നങ്ങൾ സ്വയം തൊഴിൽ പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്നു. സ്വയംതൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവില്ലായ്മയും ഉത്പന്നങ്ങൾക്ക് ശരിയായ വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രശ്നങ്ങളാണ്.

6. അംഗൻവാടി ജീവനക്കാർ മതിയായ വേതനം കിട്ടാതെ വിഷമിക്കുന്നു.

8. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

9. അമിതമായ ജോലിഭാരം കാരണം സ്ത്രീകൾക്ക് പൊതുപ്രവർത്തനത്തിൽ പങ്കെടുക്കാൻ കഴിയുന്നില്ല. കുടുംബവരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കുന്ന അവരുടെ കാണാപ്പണികൾ കണക്കാക്കപ്പെടുന്നില്ല. ഉദ്യോഗസ്ഥകളായ വനിതകൾ പ്രതിദിനം 17 മണിക്കൂർ വരെ ജോലി ചെയ്യേണ്ടിവരുന്നു.

10. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളുടെ ഇടയിൽ കൂടുതലാണ്.

11. വിവിധ തരത്തിൽ പെടുന്ന പെൻഷൻ പദ്ധതികളുടെ ആനുകൂല്യം അർഹരായവർക്കുപോലും കിട്ടാതെ വരുന്നു.

പരിഹാരങ്ങൾ

1. സർക്കാർ സ്വകാര്യമേഖലകളിൽ വനിതകൾക്ക് നിശ്ചിത ശതമാനം തസ്തികകൾ നീക്കിവെയ്ക്കുക.

2. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ D.W.C.R.A യൂണിറ്റുകൾരൂപീകരിക്കുകയും സമൂഹത്തിന് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ത്രീകളെ സഹായിക്കുകയും ചെയ്യുക.

3. കാർഷിക, കാർഷികേതര രംഗങ്ങളിലെ സ്ത്രീ- പുരുഷ അസമത്വം അവസാനിപ്പിക്കുകയും തുല്യജോലിയ്ക്ക് തുല്യ വേതനം എന്ന തത്വം കർശനമായി നടപ്പാക്കുകയുംചെയ്യുക.

4. വനിതാ തൊഴിൽ സംരംഭങ്ങൾക്ക് സഹകരണ ബാങ്കുകൾ മുഖേന ഉദാരമായ വായ്പകൾ നല്കുകയും തൊഴിൽ രംഗങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതി നായി പഞ്ചായത്തടിസ്ഥാനത്തിൽ കരിയർ ബ്യൂറോകൾ സ്ഥാപിക്കുകയും ചെയ്യുക.

5. ചെറുകിട വ്യവസായ മേഖലയിലെ ഉൽപന്നങ്ങൾക്ക് വിപണി സാദ്ധ്യ വർദ്ധിപ്പിക്കുന്നതിനായി D.W.C.R.A യൂണിറ്റുകളെ അംഗൻവാടികളും പഞ്ചായത്തിലെതന്നെ സ്കൂളുകളുമായി ബന്ധിപ്പിക്കുക. ഉദാ: ചെറുകിട യൂണിറ്റുകളിൽ നിർമ്മിക്കുന്ന റെഡിമെയ്ഡ് ഗാർമെന്റ്സ് അംഗൻവാടികളിലും മറ്റും വിതരണം ചെയ്യുക.

6. വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനായി M.S.Y പോലെയുള്ള നിക്ഷേപപദ്ധതികളുടെ ആനുകൂല്യം പഞ്ചായത്തിലെ മൊത്തം വനിതകൾക്കിടയിൽ വ്യാപിപ്പിക്കുക.

7. ആരോഗ്യരംഗത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

8. വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനായി വനിതാ ക്ലബ്ബുകളും സ്ത്രീകൾക്കുവേണ്ടിയുള്ള വായനശാലകളും സ്ഥാപിക്കുക. സാങ്കേതിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് നികത്തുന്നതിനായി സർക്കാർ ഉടമയിൽ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും മറ്റും സ്ഥാപിക്കുക. കൂടാതെ മഹിളാ സമാജങ്ങളിലലും മറ്റുമുള്ള സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

9. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതി ഇവയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും നല്കുക.

10. അംഗൻവാടികളിലെ പ്രവർത്തനം മെച്ചപ്പെ

ടുത്തുകയും സേവനവേതന വ്യവസ്തകൾ പരിഷ്ക്കരിക്കുകയും ചെയ്യുക.

11. കുടുംബിനികളായ വനിതകളുടെയും മറ്റും കാണാപ്പണികൾ കണക്കാക്കുന്നതിനും അത് മൊത്തം വരുമാനത്തിൽ ചേർക്കുന്നതിനുംവേണ്ടി വിശദമായ സർവ്വെ നടത്തുക.

12. സ്കൂളുകളിലെ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

13. ഉപഭോക്യത രംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിനും വനിതകൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിനും വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ ഉപഭോക്യത സെൽ രൂപീകരിക്കുക.

14. വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളെ ഏകോപിപ്പിച്ച് സാമൂഹ്യമുന്നേറ്റത്തിനും സ്ത്രീക്ഷേമത്തിനും ഉതകുന്ന തലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി രൂപീകരിക്കണം.

15. ചെറുകിട വ്യവസായ യൂണിറ്റുകൾ പരമാവധി പ്രോത്സാഹിപ്പിക്കപ്പെടണം. അച്ചാർ നിർമ്മാണം, വസ്ത്രനിർമ്മാണം തുടങ്ങിയവയ്ക്ക് സഹകരണസംഘങ്ങളും രൂപീകരിക്കാവുന്നതാണ്.

5.10

സഹകരണ മേഖല

സ്വകാര്യമേഖലയ്ക്കും പൊതുമേഖലയ്ക്കും മദ്ധ്യേ ജനാധിപത്യരീതിയിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന സംവിധാനമാണ് സഹകരണ പ്രസ്ഥാനം. ജനജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് ആഴത്തിൽ വേരോടിയിട്ടുള്ള പ്രസ്ഥാനമാണ് ഇത്. എങ്കിലും പൂതാടി പഞ്ചായത്തിൽ വായ്പാ, ക്ഷീരസംഘങ്ങൾ ഒഴിച്ചുള്ള മറ്റ് പ്രവർത്തനങ്ങൾ കാര്യമായിട്ടില്ല. പൂതാടി സർവ്വീസ് സഹകരണ ബാങ്ക്, വാകേരി, പാമ്പ്ര ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, മഹാത്മഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി, വനിതാ തയ്യൽ തൊഴിലാളി സഹകരണ സംഘം പാപ്ലശ്ശേരി എന്നീ സ്ഥാപനങ്ങളാണ് പ്രവർത്തനരംഗത്തുള്ളത്.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളേയും പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് പൂതാടി സർവ്വീസ് സഹകരണ ബാങ്ക്. പഞ്ചായത്തിൽ മൊത്തത്തിലുള്ള കൃഷിക്കാർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വായ്പ നല്കുവാൻ ഈ സ്ഥാപനത്തിന് സാധിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മറ്റൊരു സഹകരണ സ്ഥാപനമായിരുന്നു വരദൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്. എന്നാൽ ഇപ്പോൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം പുനസ്ഥാപിക്കപ്പെട്ടാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയധികം സഹായകരമായിത്തീരും. പാമ്പ്ര,വാകേരി എന്നീ ക്ഷീരോത്പാദക സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം ആവശ്യമുള്ള സ്ഥലങ്ങളിൽ ഡിപ്പോകൾ തുറന്നിട്ടുള്ളതുകൊണ്ട് ക്ഷീരകർഷകർക്ക് ഇവയുടെ സേവനം പൂർണ്ണമായി ലഭിക്കുന്നുണ്ട്. കേണിച്ചിറ ആസ്ഥാനമായി ഒരു ഹോൾട്ടികൾച്ചറൽ സഹകരണ സംഘം രജിസ്തർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് ആസ്ഥാനമായ കേണിച്ചിറയിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സംഘം സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്.. കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് നടവയൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ മാർക്കറ്റിംഗ് സംഘം പൂതാടി പഞ്ചായത്ത് ഒന്നാം വാർഡിലെ കൃഷിക്കാർക്കേ പ്രയോജനം ചെയ്യുന്നുള്ളൂ. പഞ്ചായത്തിലെ മറ്റ് വാർഡുകളിൽ ഡിപ്പോകൾ തുറക്കാൻ സാദ്ധ്യത ഉണ്ടെങ്കിലും ആവശ്യമായ ഫണ്ട് ലഭിക്കാത്തതുമൂലം ഡിപ്പോൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

സഹകരണ രംഗത്തെ വിവിധങ്ങളായ മേഖലകളെ അപഗ്രഥിക്കുന്നതിനും പ്രശ്നങ്ങളെയും സാദ്ധ്യതകളെയും വിലയിരുത്തുന്നതിനുമാണ് ഇവിടെ ശ്രമിക്കുന്നത്.

കാർഷികമേഖല

പൂതാടി പഞ്ചായത്ത് തികച്ചും ഒരു കാർഷികമേഖലയാണ്. കടബാദ്ധ്യതകളിൽ നിന്നും കർഷകസമൂഹത്തെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 1937ൽ ഐക്യനാണയസംഘം എന്ന പേരിൽ സ്ഥാപിതമായ സ്ഥാപനമാണ് ഇന്നത്തെ പൂതാടി സർവ്വീസ് സഹകരണബാങ്ക്. സംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. അനന്തയ്യഗൗഡരും സെക്രട്ടറി പി.സി.ഗോപാലൻ നമ്പ്യാരും ആയിരുന്നു. സംഘത്തിൽ ഇപ്പോൾ പതിനായിരത്തോളം പേർ അംഗങ്ങളായിട്ടുണ്ട്. ഇതിൽ ആറായിരത്തി എണ്ണൂറോളം പേർ ഏതെങ്കിലും നിലയിൽ സംഘത്തിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരാണ്. രണ്ട് ഇരുനില കെട്ടിടങ്ങളും ഒരു ഷോപ്പിംഗ് കോംപ്ലക്സും 52 സെന്റ് ഭൂമിയും സംഘത്തിന് സ്വന്തമായിട്ടുണ്ട്. ഏകദേശം പന്തീരായിരത്തോളം കർഷകകുടുംബങ്ങളുള്ള പൂതാടി പവഞ്ചായത്തിലെ അയ്യായിരത്തോളം കുടുംബങ്ങൾ ഈ ബാങ്കുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകളും ദീർഘകാല കാർഷിക വായ്പകളും ബാങ്ക് കൈകാര്യം ചെയ്തുവരുന്നു. എന്നാൽ കർഷകർക്ക് ആവശ്യമായ മുഴുവൻ വായ്പകളും ഇവിടെനിന്ന് ലഭിക്കുന്നില്ല. എങ്കിലും കാർഷിക വായ്പാരംഗത്ത് വലിയ നേട്ടമുണ്ടാക്കാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. 95 96 വർഷത്തിൽ 282 ലക്ഷം രൂപ കാർഷിക വായ്പ ഇനത്തിലും 222 ലക്ഷം മറ്റു വായ്പകളും ഉൾപ്പെടെ 504 ലക്ഷം രൂപ വായ്പവ വിതരണം നടത്തിയിട്ടുണ്ട്. അവധി ബാക്കി താരതമ്യേന കുറവാണ്. ഇരുളം, പാപ്ല ശ്ശേരി എന്നീ സ്ഥലങ്ങളിൽ രണ്ട് ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. മൂന്ന് രാസവള ഡിപ്പോകളും സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ വായ്പ നിലനിൽക്കെ മരണപ്പെടുന്ന മെമ്പർമാരുടെ വായ്പ ബാങ്കുതന്നെ തിരിച്ചടയ്ക്കുന്ന 'കടാശ്വാസപദ്ധതി' എന്ന ഇൻഷൂറൻസ് പദ്ധതിയും, ദുർബ്ബല ജനവിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾക്കായി സഹായധനം നല്കുന്ന ഒരു ദുരിതാശ്വാസക്ഷേമ പദ്ധതിയും ബേങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും ധാരാളം കൃഷിക്കാർക്ക് വായ്പ ലഭിക്കേണ്ടതുണ്ട്. അടുത്ത അഞ്ച് വർഷക്കാലത്തേക്ക് വർഷം തോറും ഒരുകോടിരൂപ എന്ന ക്രമത്തിൽ 5 കോടി രൂപയുടെ കാർഷിക വായ്പ വിതരണം നടത്തുവാൻ സാധിക്കും. സംഘം നല്ല നിലയിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. (പട്ടിക 1)

ക്ഷീരവ്യവസായ മേഖല

നിലവിലുള്ള വാകേരി, പാമ്പ്ര ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളെയും ഉൾക്കൊള്ളുന്നുണ്ട്. ഈ രണ്ട് സഹകരണസംഘങ്ങൾ ശരാശരി 14,000 ലിറ്റർ പാൽ ദിവസേന സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. പ്രതിവർഷം 2.25 കോടി രൂപയുടെ നല്ലയിനം കറവമാടുകളെ വായ്പയായി നല്കുന്നുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ച് വൈയ്പ ലഭ്യമാകുന്നില്ല. ഓരോ സംഘത്തിനും അടുത്ത അഞ്ചുവർഷക്കാലത്തിനിടയിൽ വർഷം തോറും 50 എന്ന നിലയിൽ 250 കറവുമാടുയൂണിറ്റുകൾ സബ്സിഡിയോടുകൂടിയ വായ്പയായി ഈ രംഗത്ത് ആവശ്യമുണ്ട്. ഇപ്പോവുള്ള 15400 എന്ന വായ്പാതോത് വർദ്ധിപ്പിച്ച് 25000 എന്ന നിലയിലാക്കിയാൽ ഏകദേശം 125 ലക്ഷം രൂപ ഈ മേഖലയിൽ വായ്പ നല്കാവുന്നതാണ്. അതോടൊപ്പം പാലുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയും. ഇന്ന് നിലവിലുള്ള ജീവനക്കാർക്ക് പുറമെ കൂടുതലാളുകൾക്ക് തൊഴിൽ ലഭിക്കുവാനും ഇതുമൂലം സാധിക്കുന്നു. ഈ സംഘങ്ങൾക്ക് എല്ലാ പഞ്ചായത്തു വാർഡിലും പാലുല്പനങ്ങൾ വിറ്റഴിക്കുന്നതിന് മിൽക്ക് ബൂത്തുകൾ സ്ഥാപിക്കേണ്ടതാണ്. രണ്ട് സംഘങ്ങളും ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. (പട്ടിക 2)

വിപണനമേഖല

നടവയൽ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നടവയൽ റബ്ബർ & അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി പൂതാടി പഞ്ചായത്ത് മുഴുവനുമുണ്ട്. എന്നാൽ ഇതിന്റെ ഇപ്പോഴത്തെ പ്രവർത്തനം പഞ്ചായത്തിന്റെ ഒന്നാംവാർഡിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലം ഇതിന് മറ്റ് വാർഡുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുവാൻ സാധിക്കുന്നില്ല. പ്രതിവർഷം ഒരു

പട്ടിക - 1
ക്ഷീര സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
									ലാഭം രൂപ	നഷ്ടം രൂപ	സ്ഥിരം	മറ്റുള്ളവർ
വാകേരി ക്ഷീരോല്പാദക സഹകരണ സംഘം	1984	പൂതാടി പഞ്ചായത്തിലെ 8 വാർഡുകൾ	1460	16310			35500	86 ലക്ഷം	.5 ലക്ഷം		5	6 1
പാമ്പ്ര ക്ഷീരോല്പാദക സഹകരണ സംഘം	1978	പൂതാടി പഞ്ചായത്തിലെ 10,11, 12 വാർഡുകൾ	1316	14500			29000	71.00,000	42000		8	6

കോടിയിലധികം രൂപയുടെ ചരക്കുകൾ കൈകാര്യം ചെയ്യുന്ന ഈ സ്ഥാപനം ഇപ്പോൾലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

ഹോസ്പിറ്റൽ സഹകരണസംഘം

പഞ്ചായത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രിയുടെ സേവനം പരിമിതമായി മാത്രമേ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുള്ളൂ. ആധുനിക ചികിത്സാ സമ്പ്രദായങ്ങളും സ്വന്തമായി കെട്ടിടങ്ങളും ഇല്ലാത്തതിനാൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ ഈ സ്ഥാപനത്തിന് കഴിയുന്നില്ല.

വിവിധമേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളും

കാർഷികമേഖല

പ്രശ്നങ്ങൾ

1. വിഭവങ്ങളുടെ അപര്യാപ്തത

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കൃഷിക്കാർക്ക് ആവശ്യത്തിനനുസരിച്ച് വിവിധ വായ്പകൾ ലഭ്യമാകുന്നില്ല.

2. വായ്പാ വ്യവസ്ഥകൾ

വായ്പ ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ള സങ്കീർണ്ണങ്ങളായ നടപടികൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

3. കുടിശ്ശിക

അംഗങ്ങളിൽ നിന്നുള്ള കുടിശ്ശിക സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

4. പലിശനിരക്ക്

ഇന്ന് നല്കിക്കൊണ്ടിരിക്കുന്ന വിവിധ ഇനം വായ്പകൾക്ക് ചുമത്തുന്ന പലിശനിരക്ക് കൂടുതലാണ്.

5. ഭരണസംവിധാനം

സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഗവണ്മെന്റിന്റെ ഇടപെടലുകൾ വർദ്ധിച്ചിരിക്കുന്നു.

ക്ഷീരമേഖല

ക്ഷീരോത്പാദന ചെലവ്

ഇന്നുള്ള ക്ഷീരോത്പാദന ചെലവ് കൃഷിക്കാർക്ക് താങ്ങാൻ ആവാത്തവിധം വർദ്ധിച്ചിരിക്കുന്നു. ഉൽപ്പാദനച്ചെലവിന് ആനുപാദികമായി പാലിന്

പട്ടിക - II

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ	
									ലാഭം തുക	നഷ്ടം തുക	സ്ഥിരം	മറ്റുള്ളവർ
മഹാത്മഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ 157 പി.ഒ. കേണിച്ചിറ	16-5-1993	വയനാട് ജില്ല	782	105300	Nil	813 3620 psc bank Rs. 88832.75 SIS with wdc13 502.50	105300	Medicine purchase Rs. 365300.57 Medicine sales Rs. 5,35,961.05	Med. profit Rs. 68,775.29	wo.	Details as given below	

ജീവനക്കാർ
സ്ഥിരം
സെക്രട്ടറി , 1
നേഴ്സിംങ്ങ് അസിസ്റ്റന്റ് - 1

മറ്റുള്ളവർ (സെമിവേജസ്)
3) ചീഫ് മെഡിക്കൽ ഓഫീസർ - 1
4) R.M.O - 1
5) നേഴ്സിംങ്ങ് അസിസ്റ്റന്റ് - 5
6) അസിസ്റ്റന്റ് - 1
7) പാർട്ടൈം വാച്ച്മാൻ - 1
8) സ്വീപ്പർ - 1
ആകെ ജീവനക്കാർ 12

വില ലഭിക്കുന്നില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും കുറവാണ്. കാലിത്തീറ്റയുടെ ഗുണനിലവാരം നിയന്ത്രിക്കുന്ന സർക്കാർ തല ഏജൻസി ഇല്ല.

സാദ്ധ്യതകൾ

നബാർഡിൽ നിന്നും ചതുരുങ്ങിയ പലിശയ്ക്കുള്ള കാർഷിക വായ്പ ലഭ്യമാക്കുക. കാർഷികേതര വായ്പ നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുക, ചിട്ടി ആക്ടിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കുക, സംഘങ്ങൾ നടത്തുന്ന വ്യാപാര പ്രവർത്തനങ്ങളെ വിൽപ്പന നികുതിചുമത്തിന്നതിൽ നിന്ന് ഒഴിവാക്കുക.

ഉദാരവത്ക്കരണ നയം മൂലം വാണിജ്യ ബാങ്കുകളുമായി കടുത്ത മത്സരം അനുഭവപ്പെടുന്നു. വളരെ ലളിതമായ വ്യവസ്ഥകളിൽ വാണിജ്യബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുമ്പോൾ സഹകരണ ബാങ്കുകളിൽ സങ്കീർണ്ണങ്ങളായ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. 10000 രൂപയ്ക്കുമേൽ വായ്പ ലഭിക്കുന്നതിന് തുടർച്ച പണയാധാരം രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. വാണിജ്യബാങ്കുകളിൽ ഇതാവശ്യമില്ല. തുടർച്ച പവണിയാധാരം രജസ്റ്റർ ചെയ്യുന്നതിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കണം.

വായ്പ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് വേണ്ട പ്രോത്സാഹനം നല്കണം. ഇന്ന് നല്കിക്കൊണ്ടിരിക്കുന്ന 5% ഉൽപ്പാദനബോണസ്സ് വായ്പ തിരിച്ചടയ്ക്കുന്ന സന്ദർഭത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടിയുണ്ടാവണം. വായ്പ തിരിച്ചടയ്ക്കുന്നതിന് കുറഞ്ഞ വിലക്ക് ഉൽപ്പന്നം വിൽക്കേണ്ടിവരുന്നതുമൂലം കൃഷിക്കാരന് നഷ്ടം സംഭവിക്കുന്നു. ഉൽപ്പന പണയത്തിന്മേൽ വായ്പ തിരിച്ചടയ്ക്കാൻ പഞ്ചായത്ത് ആസ്ഥാനത്ത് ഒരു വേർ ഹൗസ് സ്ഥാപിക്കേണ്ടതാണ്.

പലിശനിരക്ക് പരമാവധി കുറയ്ക്കുക മാത്രമാണ് കൃഷിക്കാരനെ സഹായിക്കാനുള്ള ഏകമാർഗ്ഗം ഇന്നുള്ള ത്രിതലസമ്പ്രദായം ദ്വിതല സമ്പ്രദായമാക്കി മാറ്റിയാൽ ഇതിന് പരിഹാരം കാണാവുന്നതാണ്.

ഭരണസമിതിക്കും പൊതുയോഗത്തിനും പൂർണ്ണമായി അധികാരം നല്കുന്നതിന് മാതൃകാ സഹകരണ നിയമം നടപ്പിലാക്കുക.

ഉൽപ്പാദന ചെലവിന് ആനുപാദികമായിപാലിന്റെ വില വർദ്ധിപ്പിച്ചാൽ ആയത് ഗുണഭോക്താവിന് താങ്ങാൻ കഴിയാത്ത അവസ്ഥയിൽ പാൽവില വർദ്ധിപ്പിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഉൽപ്പാദനചെലവ് പരമാവധി കുറയ്ക്കുക എന്നത് മാത്രമാണ് കാരണീയമായിട്ടുള്ളത്. ആയതിന് കാലിത്തീറ്റക്ക് വർദ്ധിപ്പിച്ച തോതിൽ സബ്സീഡി ഉൽപ്പാദകർക്ക് നല്കുക, മുന്തിയ ഇനം കറവമാടുകളെ ലഭിക്കാൻവേണ്ട സാഹചര്യം ഒരുക്കുക. മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ലഭ്യമാക്കുക. വാർഡുതോറും ബീജധാന കേന്ദ്രങ്ങൾ സ്ഥാപിക്കുക, രോഗ പ്രതിരോധ നടപടികൾ യഥാസമയം ലഭ്യമാക്കുക.. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതിയും മതിയായ തോതിൽ ബോണസ്സും നല്കുക. പഞ്ചായത്ത് ആസ്ഥാനത്ത്പാല് കേടുകൂടാതെ സൂക്ഷിച്ച് സംഭരിക്കുന്നതിന് ഒരു ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുക.

മറ്റ് നിർദ്ദേശങ്ങൾ

പാർപ്പിടം

പഞ്ചായത്തിലെ പകുതിയിലധികം വരുന്ന ജനങ്ങൾ പാർപ്പിടപ്രശ്നത്തെ അഭിമുഖീകരിക്കുന്നുണ്ട്. സുൽത്താൻ ബത്തേരി ഹൗസിങ് സൊസൈറ്റിയിൽ നിന്നും നാമമാത്രമായ വായ്പകൾ മാത്രമേ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ. ഈ സംഘത്തിന്റെ സേവനം പഞ്ചായത്തിന് പൂർണ്ണമായും ലഭിക്കുന്നുമില്ല. ഭവന നിർമ്മാണ ബോർഡിന്റെ സേവനത്തിൽ പൊതുവേ ജനങ്ങൾക്ക് മതിപ്പില്ല. വായ്പാ ഗഡുക്കൾ ലഭിക്കാനുള്ള കാലതാമസവും സങ്കീർണ്ണങ്ങളായ വായ്പാ വ്യവസ്ഥകളും മൂലം അവരുടെ സേവനം ജനങ്ങൾ പ്രയോജനപ്പെടുത്തുവാൻ മടിക്കുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഹൗസിങ് സഹകരണസംഘം രൂപവൽക്കരിക്കുകയോ അല്ലെങ്കിൽ ഹഡ്കോയിൽ നിന്നും ഭവന നിർമ്മാണ ഭവനനിർമ്മാണവായ്പകൾ സഹകരണ ബാങ്കുകളിൽ കൂടി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. ഈ മേഖലയിലേക്ക് പ്രതിവർഷം 50 ലക്ഷം രൂപ വീതം വായ്പയായി നല്കിയാൽ 5 വർഷംകൊണ്ട് 500 വീടുകൾ നിർമ്മിക്കുന്നതിന് സഹായം നല്കുവാൻ സാധിക്കും. അതോടൊപ്പം പുല്ലുമേഞ്ഞ വീടുകൾ ഓടോ ഷീറ്റോ മേഞ്ഞ് വാസയോഗ്യമാക്കുന്നതിന് പഞ്ചായത്ത് മുഖേന 5000 രൂപ വീതം ധനസഹായം നല്കിയാൽ ബാക്കിതുക ഗുണഭോക്താവ് വഹിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കാ

വുന്നതാണ്. ഒരുവർഷം പണം അഞ്ഞൂറു ഈടുകൾ എന്ന ക്രമത്തിൽ അഞ്ചുവർഷത്തേക്ക് 125 ലക്ഷം രൂപ ഈ രംഗത്ത് ചിലഴിക്കാൻ കഴിഞ്ഞാൽ പാർപ്പിട പ്രശ്നത്തിന് ഭാഗികമായ പരിഹാരമാകും.

വിപണനസംഘം

ഈ പഞ്ചായത്തിലെ 12 വാർഡുകളിലും മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ സേവനം ലഭിക്കുന്നില്ല. തന്മൂലം സ്വകാര്യ വ്യാപാരികളുടെ ചൂഷണത്തിന് കൃഷിക്കാർ വിധേയരാകുന്നു. അതുകൊണ്ട് മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്കവിധം പൂതാടി, നടവയൽ, കേണിച്ചിറ, ഇരുളം പാപ്പിളശ്ശേരി, വാകേരി എന്നീ സ്ഥലങ്ങളിൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ ഡിപ്പോകൾ ആവശ്യമാണ്.

ഓരോ ഡിപ്പോക്കും അഞ്ചുലക്ഷം രൂപ വീതം പ്രവർത്തന മൂലധനം എന്ന നിലയിൽ പത്തു വർഷത്തെ കാലാവധിക്ക് പലിശരഹിത വായ്പ നല്കേണ്ടതാണ്. വിപണനസംഘത്തെ നികുതിയിൽ നിന്നും ഒഴിവാക്കണം കൃഷിക്കാർക്ക് ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്ന രണ്ടര ശതമാനം പർച്ചേസ് ബോണസ് (പരമാവധി 1000രൂപ) അഞ്ചുശതമാനം (പരമാവധി 2000 രൂപ) എന്ന് വർദ്ധിപ്പിക്കണം അതുപോലെതന്നെ ഈ നിരക്കിലുള്ള പർച്ചേസ് ബോണസ് സംഘത്തിന് നല്കിയ വിലനിലവാരത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ മൂലം സംഘത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാനും കഴിയും.

കൺസ്യൂമർ സംഘങ്ങൾ

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും സ്വകാര്യ വ്യാപാരികളുടെ ചൂഷണവും മൂലം ഈ പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ സേവനം ആവശ്യമാണ്. എന്നാൽ ഈ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെയില്ല. ഈ പഞ്ചായത്തിലെ പതിമൂന്നു വാർഡുകളിലും കൺസ്യൂമർ സംഘങ്ങളുടെ ഒരു ശൃംഖല തന്നെ ആവശ്യമുണ്ട്. പഞ്ചായത്ത് ആസ്ഥാനമായി ഒരു കേന്ദ്ര കൺസ്യൂമർ സംഘവും വാർഡിൽ 1 എന്ന നിലയിൽ കൺസ്യൂമർ സ്റ്റോറുകളും ആരംഭിക്കുന്ന ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഒരുകോടി രൂപ ഇതിലേക്കായി അമ്പതു ശതമാനം വായ്പയും 50% സബ്സിഡിയും ഈ ആവശ്യത്തിലേക്കായി വകയിരുത്താവുന്നതാണ്.

ലേബർ കോൺട്രാക്ട് സഹകരണസംഘം

അസംഘടിത തൊഴിൽ മേഖലയിൽ ജോലിചെ

പട്ടിക - 1
കാർഷിക വായ്പാസംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം	കാർഷികേതരം		ലാഭം രൂക	നഷ്ടം രൂക	സ്ഥിരം	മറ്റുള്ളവർ
1	പൂതാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം കേണിച്ചിറ	സൊസൈറ്റി 8-12-37 2-10-62	പൂതാടി പഞ്ചായത്ത്	A. 9958 B I c. 2422	29,44,902	337,64,417	185,66,877	2,82,11,332	221,65,887	5,53,85,531	12,18,482	-	21	-

യുന്ന ധാരാളമാളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവർക്ക് തൊഴിൽ ലഭിക്കുന്നതിന് ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ നടത്തുന്ന വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ഈ സംഘം ഏറ്റെടുത്തു നടത്തുക വഴി പ്രത്യക്ഷവും പരോക്ഷവുമായ വിധത്തിൽ നിരവധി പേർക്ക് പ്രയോജനം വരും.

ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് ആസ്ഥാനമാക്കി പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തെ മുൻനിർത്തി ഒരു വിവിധോദ്ദേശ്യ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. വനവിഭവങ്ങൾ സംഭരിച്ച് വിൽപ്പന നടത്തുക ഈറ്റ, മുള ഇവയുപയോഗിച്ചുള്ള സാമഗ്രികൾ ഉണ്ടാക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ആളുകൾക്ക് സ്വയംതൊഴിൽ ലഭിക്കുന്നതിന് സാധ്യതയുണ്ട്.

കോഴിവളർത്തൽ സഹകരണസംഘങ്ങൾ.

ഈ പഞ്ചായത്തിലെ വരുമാനത്തിന്റെ ഒരുഭാഗം ഇവിടേക്കു വരുന്ന ഇറച്ചിക്കോഴി കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യസംസ്ഥാനങ്ങളിലേക്കു പോകുന്നു. പഞ്ചായത്തുതലത്തിൽ ഒരു കോഴിവളർത്തൽ സഹകരണസംഘം രൂപീകരിച്ചാൽ പണത്തിന്റെ പുറത്തേക്കുള്ള ഒഴുക്ക് തടയാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന സംഘം മുഖേന ഭവനങ്ങളിൽ ചെറിയ ചെറിയ കോഴിവളർത്തൽ വീട്ടമ്മമാർക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നതിനു പുറമെ സംഘത്തിന് പ്രയോജനം ലഭിക്കുകയും ചെയ്തു.

സ്കൂൾ സഹകരണസംഘം

പഞ്ചായത്തിലെ ചില സ്കൂളുകളിൽ നാമമാത്രമായി സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ വിദ്യാലയങ്ങളിലും ഇതിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ തുടങ്ങിയവയുടെ വില്പനക്ക് പുറമെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്ന രീതിയിലേക്ക് വളരുന്ന സഹകരണ സംഘങ്ങൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കേണ്ടതാണ്. സ്കൂളിനും വിദ്യാർത്ഥികൾക്കും തന്മൂലം നേട്ടവും ലാഭവും ഉണ്ടാക്കാനും കഴിയും.

വനിതാ സഹകരണസംഘം

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന പദ്ധതികളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. സ്ത്രീജനങ്ങൾക്ക് തൊഴിൽ നല്കുന്നതിനും കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്നച വിധത്തിൽ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു വനിതാ സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കാവുന്നതാണ്. ചെറിയ കൈത്തൊഴിലുകളും വാർഡുകൾ തോറും ചെറിയ വ്യവസായ യൂണിറ്റുകളും സംഘടിപ്പിച്ചു നടത്തിക്കൊണ്ടുപോകുന്നതിനും ഈ സംഘത്തിന് സാധിക്കും. തന്മൂലം ധാരാളം സ്ത്രീകൾക്ക് തൊഴിലും മെച്ചപ്പെട്ട ജീവിതസൗകര്യവും ലഭിക്കും. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം തുടങ്ങിയ മേഖലകളിലേക്ക് ഈ സംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്.

ഹോസ്പിറ്റൽ സഹകരണസംഘം

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ ആശുപത്രിയിൽ ആധുനിക ചികിത്സാസമ്പ്രദായങ്ങളും കെട്ടിട സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ഉപകരിക്കുന്ന രീതിയിൽ ഈ സ്ഥാപനത്തിന് വളരാൻ കഴിയും. ഈ ആവശ്യങ്ങൾക്കായി 5കോടി രൂപയുടെ ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കിയാൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സംഘത്തിന് കഴിയും.

തൊഴിൽ സാധ്യതകൾ

സഹകരണ മേഖലയിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞാൽ പൂതാടി പഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുമെന്നതിന് സഹായകമാകുമെന്നതിന് തർക്കമില്ല. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന സ്ഥാപനങ്ങൾ വഴി 250ഓളം അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കുന്നതിനുപുറമെ 500ഓളം ആളുകൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ഇതിനുപുറമെ പ്രത്യക്ഷമായും പരോക്ഷമായും 10000 കുടുംബങ്ങൾക്കെങ്കിലും സാമ്പത്തിക അഭിവൃദ്ധിയും പ്രതീക്ഷിക്കുന്നു. മൊത്തം പദ്ധതികൾക്ക് 150 ലക്ഷം രൂപയുടെ വായ്പയും സഹായവുമായി ഈ രംഗത്ത് മുതലാക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗജനസംഖ്യയിൽ ജില്ലയിൽ 4-ാം സ്ഥാനമുള്ള പഞ്ചായത്താണ് നമ്മുടേത്. ആകെ ജനസംഖ്യയുടെ 21% ഈ വിഭാഗമാണ്. 1582 കുടുംബങ്ങളിലായി 6726 പട്ടികവർഗ്ഗജനങ്ങളും 895 പട്ടികജാതിജനങ്ങളുമാണുള്ളത്. പട്ടികവർഗ്ഗത്തിൽ പണിയ, നായ്ക്ക, കുറുമ, കുറിച്ച്യ, ഊരാളി എന്നിവരാണുള്ളത്. ഇവരിൽ താരതമ്യേന പുരോഗതി കൈവരിച്ചിട്ടുള്ളത് കുറുമവിഭാഗമാണ്. സ്വന്തമായികൃഷിഭൂമി കൈവശം ഉള്ളതും ഇവരാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്നത് പണിയ, കാട്ടുനായ്ക്ക ജനവിഭാഗമാണ്. സാമൂഹ്യരംഗത്ത് വളരെയധികം ചൂഷണത്തിന് വിധേയരായവരായിരുന്ന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർ. ഭൂപരിഷ്കരണത്തിന്റെഫലമായി കേരളത്തിന്റെ ഇതരമേഖലകളിൽ ഉണ്ടായ നേട്ടം പട്ടികവർഗ്ഗക്കാരിൽ ഉണ്ടായില്ല.

ഒരുകാലത്ത് വയനാടിന്റെഅധിപരായിരുന്നു ആദിവാസികൾ. 1928 വു ശേഷമുണ്ടായ കുടിയേറ്റത്തിന്റേയും ചൂഷണത്തിന്റേയും ഫലമായി ഇവരിൽപലരും ഭൂരഹിതരായിട്ടുണ്ട്. ഇതര ജനവിഭാഗങ്ങൾ തങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി ഇവരെ ഉപയോഗപ്പെടുത്തുകയും തങ്ങളുടെപണിയാളൻമാരായി മാറ്റുകയും ചെയ്തു. വയനാട്ടിലെ ചരിത്രപ്രസിദ്ധമായ വള്ളിയൂർക്കാവ് ഉത്സവത്തിന് ആദിവാസികളെ കൂട്ടത്തോടെ വിലയ്ക്കുവാങ്ങി അടിമകളെപ്പോലെ ജോലിചെയ്യിച്ചിരുന്നു. എന്നാൽ അനീതിക്കും ചൂഷണത്തിനുമെതിരായി കേരളത്തിലുണ്ടായ ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായാണ് ഈകൊടിയ ചൂഷണത്തിന് അറുതിവന്നത്. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധിക്കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന്റെപിന്നോക്കാവസ്ഥക്ക് പരിഹാരം കാണാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇവരുടെ ഉന്നമനത്തിനു വേണ്ടി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മകൊണ്ടും, നടത്തിപ്പിലെ അശാസ്ത്രീയതകൊണ്ടും പ്രയാസമേറിയ നിബന്ധനകൾകൊണ്ടും വേണ്ടത്ര നേട്ടം കൈവരിക്കാനായിട്ടില്ല. എന്നാൽ സർക്കാർനൽകിയ നിരവധി സൗജന്യങ്ങൾ ഇവർക്ക് ഭാഗീഗമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടുതാനും. സാക്ഷരതാ പ്രവർത്തന കാലത്ത് ഇവരിൽ ഒരു പുത്തനുണർവ്വ് ഉണ്ടാക്കിയെടുക്കുന്നതിന് കഴിഞ്ഞെങ്കിലും അത് നിലനിർത്താൻ സാധിച്ചില്ല.

പട്ടികവർഗ്ഗത്തെ അപേക്ഷിച്ച് പട്ടികജാതി ജനവിഭാഗങ്ങൾ അക്ഷരാഭ്യാസമുള്ളവരും സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ കുറച്ചൊക്കെ പുരോഗതി കൈവരിച്ചവരുമാണ്. ഇവർക്കുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ ഒരു പരിധിവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കിയാൽ ഈ വിഭാഗത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയും.

വിദ്യാഭ്യാസം

പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ താരതമ്യേന വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളത് പട്ടികജാതിക്കാർക്കും പട്ടികവർഗവിഭാഗത്തിലെ കറുമർക്കുമാണ്. ഊരാളി, പന്നിയ, കാട്ടുനായ്ക്ക വിഭാഗങ്ങൾ ഭൂരിഭാഗവും അക്ഷരാഭ്യാസമില്ലാത്തവരാണ്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പൂർണമായി സ്കൂളിൽ പോകുന്നില്ല. വസ്ത്രമില്ലായ്മയും ദാരിദ്ര്യവുമാണ് ഇതിന് പ്രധാനകാരണം. തീവ്രയത്നപരിപാടികൾ ഇവർക്ക് വേണ്ടി ആവിഷ്ക്കരിക്കുന്നുവെങ്കിലും അവയൊന്നും ലക്ഷ്യം കാണുന്നില്ല. കുറുമവിഭാഗത്തിൽപ്പെട്ടവർ താരതമ്യേന മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുകയും സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കിവരുന്ന ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയിൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കിവരുന്നു. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും രക്ഷിതാക്കളിലുള്ള പ്രത്യേക ബോധവത്ക്കരണപ്രവർത്തനങ്ങൾക്കും ഈ പദ്ധതികൾ ഊന്നൽ നല്കിയിട്ടുണ്ട്.

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
1	പേരൂർമേലെ പണിയ	7	10	26	23	2	5	ഉണ്ട്	ഇല്ല	ഇല്ല	5	
2	പേരൂർ അമ്പലപ്പുര പണിയ	12	25	18	51	ഇല്ല	12	ഉണ്ട്	,,	,,	12	സ്ഥലം വാങ്ങി വീടുണ്ടാക്കണം
3	ഓടമ്പോല പണിയ	5	15	29	33	2	3	ഇല്ല	,,	,,	3	2 വീടുകൾ പൂർത്തിയായില്ല
4	ചോയിമൂല കുറുമ	7	23	20	52	5	2	,,	,,	,,	2	
5	ചോയിമൂല പണിയ	10	28	16	48	7	3	,,	,,	,,	3	7 വീടുകകളും പൂർത്തിയായില്ല
6	അയനിമല പണിയ	7	18	3	34	–	7	,,	,,	,,	7	
7	അയനിമല കാട്ടുനായ്ക്ക	1	1	4	4	–	1	,,	,,	,,	1	
8	അയനിമല കുറുമ	1	4	98	8	–	1	,,	,,	,,	1	
9	പുലമ്പിക്കുനി കുറുമ	38	98	20	196	27	11	,,	ഉണ്ട്	4	11	
10	പുലമ്പിക്കുനി കാട്ടുനായ്ക്ക	8	18	28	38	5	3	,,	ഇല്ല	ഇല്ല	7	4 വീടുകൾ വീണുപോയി
11	ആലുമൂല കാട്ടുനായയ്ക്ക	15	28	8	56	12	3	,,	ഉണ്ട്	,,	3	
12	ആലുമൂല പണിയ	5	9	13	17	2	3	,,	,,	,,	3	
13	എടലാട്ട് വീട്ടിപ്പുര കുറുമ	5	10	3	23	2	3	,,	,,	,,	3	
14	ചിറ്റൂർ കുറുമ	2	9	3	12	1	1	ഇല്ല	ഇല്ല	,,	1	
15	എടലാട്ട് കുറുമ	3	5	3	8	1	2	ഉണ്ട്	,,	,,	2	
16	ആലുമൂല ഞാവലത്ത് കുറുമ	1	3	3	6	1	–	,,	,,	,,	–	
17	ആലുമൂല കുറുമ	4		7	19	4	–	,,	ഉണ്ട്	,,	–	

ക്രമ നമ്പർ	കോളനിയുടെ പേര്	കുടും ബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽ ക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യ മായ വീടുകൾ	
			ആൺ	പെൺ	ആകെ							
18	വീട്ടിപ്പുര പണിയ	5	10	10	20	–	5	ഇല്ല	ഇല്ല	ഇല്ല	5	
19	വീട്ടിയൂർ പണിയ	7	9	15	24	–	7	ഉണ്ട്	”	”	7	
20	വീട്ടിപ്പുര കുറുമ	15	36	38	74	5	10	”	”	”	10	
21	കരിമല ക്കൊല്ലി ഊരാളി	7	13	13	26	–	7	”	”	”	7	
22	ചെഞ്ചെടി പണിയ	3	10	12	22	2	1	”	”	”	1	
23	ചങ്ങലമൂല കാട്ടുനായ്ക്ക	15	30	28	58	12	3	”	”	”	3	
24	ചെഞ്ചെടി കുറിച്ച്യൻ	6	11	11	22	6	–	”	”	”	–	
25	നെയ്ക്കുപ്പപണിയ	21	41	37	78	11	10	”	”	”	10	
26	മണൽവയൽ കാട്ടുനായ്ക്ക	12	26	29	55	–	12	ഇല്ല	”	”	12	ഫോറസ്റ്റിൽ
27	ചോയിമൂല ഞാവലത്ത്	4	8	6	14	1	3	ഉണ്ട്	”	”	3	
28	ഏങ്ങപ്പള്ളി പേരുർപണിയ	2	4	5	9	–	2	ഇല്ല	”	”	2	
29	ചെമ്പകപ്പറ്റ കുറുമ	5	21	15	36	5	–	ഉണ്ട്	ഉണ്ട്	ഉണ്ട്	–	
30	ചെമ്പകപറ്റ ണിയ	10	20	14	34	–	10	”	ഇല്ല	ഇല്ല	10	
31	കോട്ടവയൽ പണിയ	5	13	17	30	4	1	”	”	”	1	4 വീടുകളിൽ ഒന്നു പൂർത്തിയായി
32	കൊവളകുറുമ	5	12	13	25	1	4	”	”	”	4	
33	കൊവള പണിയ	9	16	16	32	–	9	ഇല്ല	”	”	9	
34	കൊല്ലിക്കൽ കുറുമ	29	69	63	132	20	9	ഉണ്ട്	”	”	6	

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
35	ചെറുകുന്ന് പണിയ	16	34	32	66	10	6	ഉണ്ട്	ഇല്ല	ഇല്ല	6	
36	കൂടൽക്കടവ് പണിയ	16	24	29	53	6	10	”	”	”	10	
37	വീട്ടിപ്പുര പണിയ	2	6	3	9	–	2	”	”	”	2	
38	കൊളഞ്ഞാട്ടി കുറുമ	4	12	8	20	1	3	ഇല്ല	”	”	3	
39	പൊന്നങ്കര പണിയ	3	10	8	18	1	2	”	”	”	2	
40	വട്ടവാടി കുറുമ	8	18	8	26	6	2	ഉണ്ട’	”	”	2	
41	വട്ടവാടി പണിയ	5	4	5	9	1	4	”	”	”	4	
42	മുക്കത്ത് കുറുമ	18	29	44	73	4	14	ഉണ്ട്	”	”	14	
43	കുണ്ട്യാർകുന്ന് പണിയ	29	47	52	99	26	3	”	ഉണ്ട്	”	3	
44	വയൽവാടി പണിയ	12	13	14	27	–	12	”	”	”	12	
45	എരുമത്താരി കുറുമ	13	38	38	76	5	8	”	”	”	8	
56	എരുമത്താരി പണിയ	8	18	8	26	4	4	”	ഇല്ല	”	4	
47	കൊറവമൂല പണിയ	10	18	6	24	1	9	ഇല്ല	ഇല്ല	”	9	
48	കൊറവമൂല കുറുമ	5	10	8	18	–	5	”	”	”	5	
49	താമരച്ചിറ കുറുമ	5	18	18	36	2	3	”	”	”	3	
50	കുറ്റിവാടി കുറുമ	4	14	12	26	1	3	”	”	” ”	3	
51	കുറ്റിക്കാംവയൽ കാട്ടുനായ്ക്ക	8	20	20	40	8		”	”	”		

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
52	കൊല്ലിക്കൽ വയൽക്കര കുറുമ	8	15	20	35	7	1	ഉണ്ട്	ഇല്ല	ഇല്ല	6	
53	നെല്ലിക്കര ലക്ഷംവീട്	10	19	15	34	–	10	”	”	”	10	8 വീടുകളിൽ ഒന്നു
54	പുല്ലാക്കുട്ടി കുറുമ	4	9	6	15	2	2	”	”	”	2	പൂർത്തിയാവാതെ
55	നെല്ലിക്കര വെളുക്കലൻ പണിയ	10	24	25	49	1	3	ഇല്ല	”	”	3	കിടക്കുന്നു
56	താഴെ ലക്ഷംവീട് പണിയ	7	17	13	30	–	2	”	”	”	2	
57	മടത്തുംരപാടി കാട്ടുനായ്ക്ക	10	16	18	34	–	2	ഉണ്ട’	”	”	2	
58	അയനിപ്പുര പണിയ	6	17	13	30	6	4	”	”	”	4	
59	കൊന്നമപ്പുര കുറുമ	15	38	29	67	4	14	ഉണ്ട്	”	”	14	
60	ഏവുണ്ട കുറുമ	4	9	8	17	–	3	”	ഉണ്ട്	”	3	
61	ഓടവള്ളി പണിയ	6	14	14	28	–	12	”	”	”	12	
62	വെള്ളൂർ പണിയ	3	9	9	18	2	8	”	”	”	8	
63	പാഞ്ചോറ്റിൽ പണിയ	2	3	4	7	1	4	”	ഉണ്ട്	”	4	
64	പാൽനട പണിയ	5	9	8	17	5	9	ഇല്ല	ഇല്ല	”	9	
65	മണൽവയൽ പണിയ	5	14	9	23	1	5	”	”	”	5	
66	താഴമുണ്ട പണിയ	8	16	14	30	6	3	”	”	”	3	
67	താളഴമുണ്ട കുറുമ	16	27	27	54	11	3	”	”	” ”	3	
68	മണൽവയൽ കുറുമ	16	31	36	67	12		”	”	”		

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
71	ഉള്ളറങ്ങാട്ടിൽ പണിയ	2	3	8	11	–	2	ഇല്ല	ഇല്ല	ഇല്ല	2	
72	അരൂർ പണിയ	3	9	6	15	2	1	”	”	”	1	
73	ഒണ്ടാംകുനി തരിവാരംകുന്ന് ഊരാളി	6	14	10	24	2	4	ഉണ്ട്	”	”	4	
74	അരിമുള കുറുമ	1	5	3	8	1	–	”	”	”	–	
75	വാരിക്കാട്ട് കാട്ടുനായ്ക്ക	6	13	13	26	4	2	”	”	”	2	2 വീടുകൾ പൂർത്തിയായില്ല
76	ചീനപ്പുല്ല് കുറുമ	4	12	14	26	3	1	”	”	”	1	
77	താന്നിക്കുന്ന് പണിയ	30	58	69	127	11	19	”	”	”	19	
78	താന്നിക്കുന്ന് കാട്ടുനായ്ക്ക	3	6	6	12	–	3	ഇല്ല	”	”	3	3 വീടുകൾ നിർമ്മാണത്തിൽ
79	പൂക്കൊല്ലി കാട്ടുനായ്ക്ക	5	7	7	14	3	2	ഉണ്ട്	”	”	2	
80	കൊല്ലിക്കൽ വയൽക്കര കുറുമ	7	18	15	33	3	4	”	”	”	4	
81	കേളമംഗലം കാട്ടുനായ്ക്ക	9	14	15	29	–	9	ഇല്ല	”	”	9	ഫോസ്റ്റിൽ താമസം
82	കേളമംഗലം ഊരാളി	8	19	18	37	2	6	ഉണ്ട്	”	”	6	
83	കേളമംഗലം കുറുമ	4	12	10	22	–	4	”	”	”	4	
84	കോലാട്ട് പണിയ	2	3	3	6	2	–	ഇല്ല	”	”	–	
85	കാടക്കുളം പണിയ	6	17	17	34	5	1	ഉണ്ട്	”	”	1	
86	അതിരാറ്റുപാടി പണിയ	15	26	38	64	12	3	”	”	”	3	
87	ചിരട്ടയമ്പം പണിയ	6	10	12	22	5	1	ഇല്ല	”	”	1	
88	വെള്ളാട്ടുകൊല്ലി പണിയ	1	3	3	6	–	1	”	”	”	1	
89	ഇരുത്തിലാട്ട് കുറുമ	2	5	3	8	2	–	”	”	”	–	

നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
90	അയനിമൂല കുറുമ	3	9	9	18	–	3	ഇല്ല	ഇല്ല	ഇല്ല	3	
91	മങ്ങോട്ട് പണിയ	1	3	3	6	1	–	”	”	”	–	
92	പാടിയമ്പം കാട്ടുനായ്ക്ക	13	24	21	45	7	6	–	”	”	13	2 വീടുകൾ ഉപയോഗശൂന്യം
93	പാടിയമ്പം പണിയ	8	14	16	30	5	3	–	”	”	3	
94	കേഴമുക്ക് കുറുമ	3	9	12	21	1	2	–	”	”	2	
95	വെള്ളക്കൽ ഊരാളി	2	3	2	5	1	1		”	”	1	
96	കണ്ടേക്കട് കാട്ടുനായ്ക്ക	11	18	19	37	1	10	–	”	”	10	1 വീട് പണി പൂർത്തിയായില്ല
97	കണ്ടേക്കട്ട് കുറുമ	5	12	12	24	–	5	കേണിയുണ്ട്	”	”	5	
98	പാപ്പശ്ശേരി കുറുമ	5	15	17	32	3	2	”	”	”	2	
99	ചോലമ്പുറത്ത് കുറുമ	4	8	9	17	2	2	ഉണ്ട്	”	”	2	
100	ചോലപ്പുറത്ത് കാട്ടുനായ്ക്ക	5	19	9	28	–	5	കേണി	”	”	5	
101	പാപ്പശ്ശേരി പണിയ	4	8	8	16	1	3	ഇല്ല	”	”	3	
102	വട്ടത്തനി കാട്ട്നായ്ക്ക	5	12	8	20	–	5	ഉണ്ട്	”	”	5	
103	പാപ്പശ്ശേരി കാട്ടുനായ്ക്ക	6	9	8	17	–	6	ഇല്ല	”	”	6	
104	വാളവയൽ കുറുമ	4	11	11	22	3	1	ഉണ്ട്	”	”	1	
105	വട്ടമുട്ടി കുറുമ	3	10	8	18	1	2	ഇല്ല	”	”	2	
106	കെല്ലക കാട്ടുനായ്ക്ക	2	4	4	8	1	1	”	”	”	1	
107	വെല്ലപ്പറ്റ കാട്ടുനായ്ക്ക	9	18	9	27	8	1	ഉണ്ട്	”	”	1	ഓരാൾക്ക് വീടുണ്ടാക്കാൻ സ്ഥലമില്ല
108	വെല്ലപ്പറ്റ കുറുമ	18	37	35	72	17	1	ഇല്ല	”	”	1	ലൈൻ കോളനിയിൽ എത്തി

പുതാടി പഞ്ചായത്ത് പട്ടികവർഗ്ഗ കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
109	പട്ടശ്ശേരി കുറുമ	17	42	34	76	12	5	ഉണ്ട്	ഇല്ല	ഇല്ല	5	
110	വെമ്പിലാത്ത് കാട്ടുനായ്ക്ക	5	9	9	18	–	5	ഇല്ല	–	–	5	
111	പുളിഞ്ചോട് കാട്ടുനായ്ക്ക	3	10	8	18	–	3	,,	,,	,,	3	
112	വെമ്പിലാത്ത് കുറുമ	23	31	40	71	2	21	,,	,,	,,	2	
113	ചോയിക്കൊല്ലി ഊരാളി	3	6	4	10	3	–	,,	,,	–	–	
114	കല്ലൂർ വാകേരി കാട്ടുനായ്ക്ക	10	2	18	30	8	2	ഉണ്ട്	,,	–	2	
115	കല്ലൂർ വാകേരി കുറുമ	30	75	55	130	9	21	,,	,,	–	21	
116	കൂടല്ലൂർ വാകേരി കുറുമ	13	33	30	63	10	3	,,	,,	–	3	
117	ഓടക്കുറ്റി വാകേരി കുറുമ	12	28	35	63	7	5	ഇല്ല	,,	–	5	
118	ഓടക്കുറ്റി കാട്ടുനായ്ക്ക	9	16	18	34	7	2	ഉണ്ട്	,,	–	2	
119	കൂടല്ലൂർ പണിയ	4	9	13	22	2	2	ഇല്ല	,,	,,	2	
120	കൂടല്ലൂർ കാട്ടുനായ്ക്ക	20	34	36	70	8	12	ഉണ്ട്	,,	,,	12	
121	കാട്ടിക്കോല്ലി കുറുമ	18	44	45	89	12	6	,,	,,	,,	6	
122	ചേമ്പുംകൊല്ലി കുറുമ	12	21	29	50	1	11	ഇല്ല	,,	,,	11	
123	മൂടക്കൊല്ലി ഊരാളി	18	31	33	64	5	13	,,	,,	,,	13	5 വീടുകൾ പൂർത്തിയായില്ല
124	തേൻകുഴി കാട്ടുനായ്ക്ക	14	26	24	50	–	14	,,	,,	,,	14	വനത്തിൽ താമസിക്കുന്നു.
125	തേൻകുഴി കുറുമ	4	7	10	17	2	2	,,	,,	,,	2	

ക്രമ നമ്പർ	കോളനിയുടെ പേര്	കുടും ബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽ ക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യ മായ വീടുകൾ	
			ആൺ	പെൺ	ആകെ							
126	കക്കും കുറുമ	20	46	41	87	17	3	ഉണ്ട്	ഉണ്ട്	ഇല്ല	3	
127	കൊന്നക്കൽ കുറുമ	5	7	14	21	4	1	ഇല്ല	ഇല്ല	–	1	
128	കക്കടം പണിയ	3	8	6	14	2	1	”	–	”	1	
129	പ്ലാക്കുട്ടം കുറുമ	17	34	37	71	11	6	ഉണ്ട്	”	”	6	
130	കറുത്തങ്കല കുറുമ	14	40	32	72	4	10	”	”	–	10	
131	മഞ്ഞക്കണ്ടി കുറുമ	3	10	10	20	ഇല്ല	3	ഇല്ല	”	–	3	
132	മന്നത്ത് കുറുമ	3	9	6	15	2	1	കേണി	”	–	1	
133	വാകേരി കുറുമ	1	4	3	7	1	0	ഇല്ല	”	–	1	
134	വാകേരി കാട്ടുനായ്ക്ക	15	25	32	57	12	3	ഉണ്ട്	”	–	3	
135	മടൂർ കാട്ടുനായ്ക്ക	5	14	8	22	5	–	”	”	–	ഇല്ല	
136	മടൂർ കാട്ടുനായ്ക്കൻ ചെറുമല	2	8	4	12	1	1	ഇല്ല	”	”	1	
137	മടൂർ പണിയ	2	8	4	12	1	1	”	”	”	1	
138	പങ്കു മൂപ്പൻ – കാട്ടുനായ്ക്ക	6	15	13	28	6	–	ഉണ്ട്	ഉണ്ട്	”	–	
139	ചുണ്ടക്കൊല്ലി കാട്ടുനായ്ക്ക	26	28	32	60	25	1	”	ഇല്ല	”	1	
140	വെളുത്തേരിക്കുന്ന് കാട്ടുനായ്ക്ക	15	30	22	52	14	1	”	ഉണ്ട്	”	1	
141	ഓർക്കടവ്–കാട്ടുനായ്ക്ക	4	7	5	12	3	1	”	ഇല്ല	”	1	
142	ഇരുളം – പണിയ	28	60	53	113	26	2	”	ഉണ്ട്	ഉണ്ട്	2	

ക്രമ നമ്പർ	കോളനിയുടെ പേര്	കുടുംബങ്ങൾ	ജനസംഖ്യ			ഓടിട്ട വീട്	പുൽക്കുടിൽ	കിണർ	വൈദ്യുതി	കക്കൂസ്	ആവശ്യമായ വീടുകൾ	
			ആൺ	പെൺ	ആകെ							
143	മാരമല കാട്ടു നായ്ക്ക	18	29	26	55	12	6	ഉണ്ട്	ഇല്ല	ഇല്ല	6	
144	കോട്ടക്കോല്ലി പണിയ	34	60	75	135	32	2	ഇല്ല	ഉണ്ട്	–	2	6 വീടുകൾ പൂർത്തിയായില്ല
145	മീയമ്പം-കല്ലോണി-പണിയ	15	44	37	81	–	15	11	ഇല്ല	ഇല്ല	15	
146	തട്ടക്കൊല്ലി - പണിയ	8	17	17	34	1	7	ഉണ്ട്	”	”	7	
147	തൃത്തലേരി പണിയ	15	29	40	69	5	10	”	”	–	10	
148	തൃത്തലേരി കാട്ടുനായ്ക്കൻ	2	2	4	6	1	1	ഇല്ല	”	–	1	
149	അങ്ങാടിശ്ശേരി-കാട്ടുനായ്ക്ക	3	7	6	13	1	2	കേണി	”	–	2	
150	അങ്ങാടിശ്ശേരി-പണിയ	15	26	23	49	7	8	ഇല്ല	”	–	8	
151	എല്ലക്കൊല്ലി-ഊരാളി	30	65	78	143	21	9	ഉണ്ട്	”	–	9	
152	എല്ലക്കൊല്ലി കല്ലുവയൽ ഊരാളി	9	18	20	38	–	9	”	”	–	9	വനത്തിൽ താമസം
153	തട്ടക്കൊല്ലി - ഊരാളി	2	4	5	9	–	2	ഇല്ല	”	”	2	
154	ചേട്ടിപാമ്പ്ര-കാട്ടുനായ്ക്ക	35	64	62	126	–	35	”	”	”	35	
155	കോളിമൂല പണിയ	11	16	17	33	–	11	ഉണ്ട്	”	”	11	
156	കുറുമ്പൻ മൂല-കാട്ടുനായ്ക്ക	6	17	11	28	6	–	”	ഇല്ല	”	ഇല്ല	
157	ചീയമ്പം 73 പണിയ-കുറുമ്പ-കാട്ടുനായ്ക്ക	139	360	330	690	41	98	”	”	”	98	
158	മാതമംഗലം-വട്ടപ്പാടി-കാട്ടുനായ്ക്ക	15	33	32	65	15	–	”	ഇല്ല	”	–	വനത്തിൽ താമസിക്കുന്നു.
159	മാതമംഗലം-കുറുമൻ	8	25	16	41	5	3	”	”	”	3	
	ആകെ	1582	3411	3315	6726	756	825				836	

ആരോഗ്യം, കുടിവെള്ളം

വ്യക്തിശുചിത്വം, പരിസരശുചിത്വം, ആരോഗ്യപരിപാലനം എന്നിവയിൽ ഇവർ വളരെ പിന്നോക്കമാണ്. ഈ രംഗത്തെ അറിവില്ലായ്മ ഇവരെ നിത്യരോഗികളാക്കി മാറ്റുന്നു. ക്ഷയം, സിക്കിൾസെൽ അനീമിയ, കാൻസർ, അനീമിയ, ത്വക്രോഗങ്ങൾ, ഉദര രോഗങ്ങൾ എന്നിവ ഇവരിൽ സാധാരണമാണ്. ശുദ്ധമായ ജലത്തിന്റേയും കുടിവെള്ളത്തിന്റേയും കക്കൂസിന്റേയും ചികിത്സാ സൗകര്യത്തിന്റേയും അഭാവം പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു. കേണിച്ചിറയിലെ പ്രാഥമികാരോഗ്യകേന്ദ്രം മാത്രമാണ് ഇവർക്കുള്ള ഏക ആശ്രയം. രോഗപ്രതിരോധം, ചികിത്സ തുടങ്ങിയവ സംബന്ധിച്ച അജ്ഞത മാറ്റിയെടുക്കുന്നതിനും മറ്റും കാര്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

പാർപ്പിടം

പട്ടികവർഗ്ഗജനവിഭാഗം നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് പാർപ്പിടമില്ലായ്മ. ബഹുഭൂരിപക്ഷവും ഭവനരഹിതരാണ്. 1582 കുടുംബങ്ങളിൽ 757 കുടുംബങ്ങൾക്കു മാത്രമാണ് സ്വന്തമായി, ഓടുമേഞ്ഞ വീടുകളുള്ളത്. 886 കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾഇല്ല. 300 കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും ഇല്ല. 66 പട്ടികവർഗ്ഗ കുടുംബങ്ങളിലായി 224 പേർ ഇന്നും വനത്തിലാണ് വീടുവെച്ച് താമസിക്കുന്നത്.

കൃഷി

ഇവരിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ കൂലിവേലചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്. പട്ടികജാതിക്കാരിൽ ചിലർക്കും പട്ടികവർഗ്ഗത്തിലെ കുറുമർക്കും മാത്രമേ സ്വന്തമായി കൃഷിസ്ഥലം കൈവശമുള്ളൂ. ഇതിൽ പ്രധാനമായും കാപ്പി, കുരുമുളക്, നെല്ല്, കമുക് എന്നിവ കൃഷി ചെയ്തുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള കുറച്ചെങ്കിലും ഭൂമി തരിശായുണ്ട്. കാർഷികമേഖലയിലുണ്ടായ തകർച്ച തൊഴിലില്ലായ്മ രൂക്ഷമാക്കിയിട്ടുണ്ട്. കാട്ടുനായ്ക്ക, പന്നിയ, ഊരാളി വിഭാഗങ്ങളിലെ ആളുകൾ പഞ്ഞമാസങ്ങളിൽ മുഴു പട്ടിണിയിലാകുന്നു. കാട്ടുനായ്ക്കരിൽ നല്ലൊരുവിഭാഗം വിഭവങ്ങൾ ശേഖരിച്ചാണ് ഉപജീവനം നടത്തുന്നത്. വനവിഭവങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായസംവിധാനമുണ്ടെങ്കിൽ ഈ രംഗത്ത് കൂടുതൽ തൊഴിൽ സൃഷ്ടിക്കാൻ സാധിക്കും

പ്രശ്നങ്ങൾ

1. കോളനികളിലെ നിരക്ഷരത നിലനില്ക്കുന്നു. വിദ്യാർത്ഥികളിൽ കൊഴിഞ്ഞുപോക്ക് രൂക്ഷമാണ്.

2. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം, ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ കുറവ്, ശുദ്ധമായ കുടിവെള്ളത്തിന്റേയും കക്കൂസിന്റേയും അഭാവം

3. പൊതുശ്മശാനം ഇല്ല

4. വാസയോഗ്യമായ വീടുകൾ കുറവ്, വീടുവയ്ക്കാൻ സ്ഥലവും ഇല്ല

5. വീടുവയ്ക്കാൻ നല്കിവരുന്ന ധനസഹായം അപര്യാപ്തം, ലഭിക്കുന്ന ധനസഹായം തന്നെ ദുർവിനിയോഗം ചെയ്യുന്നു.

6. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.

7. സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം ലഭ്യമല്ല. ദാരിദ്ര്യം നിലനിൽക്കുന്നു.

8. IRDP പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1.S.S.L.C വരെയെങ്കിലും SC,ST വിദ്യാർത്ഥികൾക്ക് സൗജന്യവസ്ത്രവും ഭക്ഷണവും നല്കി പഠനസാമഗ്രികളും ലഭ്യമാക്കണം. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയണം

2.അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തണം.

3. SSLC വരെയും തുടർന്നും പഠനം നടത്തുന്നവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുക

4. എല്ലാ കോളനികളിലും ശിശുവിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉറപ്പുവരുത്തണം.

5. ഇരുളം മേഖല, പൂതാടി മേഖല എന്നിവിടങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

6. കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. വായനശാലകൾ ഉപയോഗ

പ്പെടുത്തണം

7. തുടർസാക്ഷരതാപരിപാടികൾ പുനരുജ്ജീവിപ്പിക്കണം

8. ശുദ്ധജലക്ഷാമം പരിഹരിക്കുകയും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വേണം.

9. പഞ്ചായത്തിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും ആംബുലൻസും ആവശ്യമാണ്.

10. ചികിത്സാസഹായഫണ്ട് രൂപീകരിക്കുന്നത് നന്നായിരിക്കും.

11. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. വീടുവെയ്ക്കാനുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.

13. പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെയും തലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനമുണ്ടാക്കുകയും വേണം.

14. സ്വന്തമായി വീടില്ലാത്തവർക്ക് വീടുവെയ്ക്കാൻ സ്ഥലം ലഭ്യമാക്കണം.

15. പാരമ്പര്യ ചികിത്സാരീതികളും പാരമ്പര്യ തൊഴിലുകളും പുനരുജ്ജീവിപ്പിക്കുക

16. പാരമ്പര്യ മേഖലകൾ പ്രോത്സാഹിപ്പിക്കുക

17. വീടുനിർമ്മാണത്തിനും മറ്റു പ്രവൃത്തികൾക്കും വേണ്ടി ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുന്നത് നന്നായിരിക്കും

18. പൂതാടി കേന്ദ്രമാക്കി ഗിരിജൻ സഹകരണ സംഘം സ്ഥാപിക്കണം.

വിഭവസമാഹരണം

പൂതാടി ഗ്രാമം ഇന്നു നേരിടുന്ന പ്രതിസന്ധികൾ പലതാണ് വ്യവസായസ്ഥാപനങ്ങളുടെ അഭാവം, ഹരിജന ഗിരിജന കോളനികളുടെ ആധിക്യം ഊർജ്ജ പ്രതിസന്ധി, പഞ്ചായത്തു ഫണ്ടുകൾ ആസൂത്രണരഹിതമായി ചെലവഴിക്കൽ, യാത്രാസൗകര്യപ്രശ്നങ്ങൾ ജലസേചന സൗകര്യക്കുറവ് ജനപങ്കാളിത്തത്തിന്റെ അഭാവം മുതലായവ.

വ്യവസായ മേഖല

കാര്യമായി ഒരു വ്യവസായവുമില്ലാത്ത ഒരു പഞ്ചായത്താണ് പൂതാടി എന്നുപറഞ്ഞാൽ അത് അതിശയോക്തിയാവില്ല. സംഘടിതമല്ലാത്തരീതിയിൽ പ്രവർത്തിക്കുന്ന ഒന്നോരണ്ടോ മെഴുകുതിരി കമ്പനികൾ ഒന്നോരണ്ടോ ഇഷ്ടികക്കളങ്ങൾ അതും സ്വകാര്യമേഖലയിൽ കഴിഞ്ഞു പൂതാടിയുടെ വ്യാവസായിക മേഖല.

ഇതിനൊരു പരിഹാരമെന്നനിലയിൽ സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. ലഭ്യമായ അസംസ്കൃത സാധനങ്ങളുപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ സ്ഥാപനങ്ങൽ തുടങ്ങാവുന്നതാണ്. ഇതു പഞ്ചായത്തിന് വിഭവസമാഹരണരംഗത്ത് കാര്യമായ നേട്ടമുണ്ടാക്കാൻ കഴിയുന്ന സംരംഭമായി മാറ്റാൻ കഴിയും

1. മുള, ഈറ്റ മുതലായവ ഉഗപയോഗിച്ചുള്ളവ

പൂതാടി പഞ്ചായത്തിൽ ലഭ്യമായ ഈ അസംസ്കൃത വസ്തുക്കളുപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കുടിൽ വ്യവസായമെന്ന രീതിയിൽ കുട്ട, മുറം, പരമ്പ് മുതലായവ നിർമ്മിച്ച് ഈ പഞ്ചായത്തിന് ആവശ്യമുള്ളവയെങ്കിലും വിതരണം ചെയ്യാൻ സാധിച്ചാൽ അത് പ്രത്യക്ഷമായും പരോക്ഷമായും കുറെ ആൾക്കാർക്ക് തൊഴിലും ജീവിതമാർഗ്ഗവും ലഭിക്കുമെന്നു മാത്രമല്ല പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇവ ശേഖരിച്ചു വിതരണം നടത്തുന്നതായാൽ പഞ്ചായത്തിന് മോശമല്ലാത്ത ഒരു തുക മിച്ചം പിടിക്കാനും അതു മറ്റു വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും കഴിയും. അതുപോലെതന്നെ ഇവ ഉപയോഗിച്ച് നിർമ്മിക്കാവുന്ന വിവിധതരം എലിക്കെണികൾ നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും കാർഷികമേഖലയും സഹായകമാകുമെന്നു മാത്രമല്ല പലതരം വിഷമങ്ങളുപയോഗിക്കുമ്പോഴുണ്ടാകുന്ന പരിസര മലിനീകരണം തടയാനും കഴിയും.

ഈരംഗത്ത് വിദഗ്ദരായ ആദിവാസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് അവരെ ദേശീയ ധാരയിലേക്കു കൊണ്ടുവരാനും തദ്വാരാ അവരും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാണ് എന്ന ബോധം അവരിലുണ്ടാക്കാനും സഹായിക്കും ജീവിതരീതിയിലുള്ള അവരുടെ എല്ലാ വിധത്തിലുമുള്ള പിന്നോക്കാവസ്ഥയിൽ നിന്നും മാറ്റി കാലക്രമേണ ഒരു പുതിയ ജീവിതത്തിലേക്ക് കയ്പിടിച്ചുയർത്താനും സഹായിക്കും. പഞ്ചായത്തിൽ ലഭ്യമായ മാനവശേഷിയുടെ യുക്തമായ ഉപയോഗം ഈ രപംഗത്തുണ്ടാക്കുവാനും കഴിയും.

2. തീപ്പെട്ടി, നിർമ്മാണം

സഹകരണാടിസ്ഥാനത്തിൽ, വൻതുകകളൊന്നും മുടക്കാതെ, ഏറ്റെടുത്തു നടത്താൻ കഴിയുന്ന ഒരു വ്യവസായ സംരംഭമാണ് തീപ്പെട്ടിവ്യവസായം. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലക്ക് ഈ പഞ്ചായത്തിൽ തന്നെ ലഭിക്കുമെന്നുള്ളത് ഏറ്റവും അനുകൂലമായ ഘടകമാണ്. വേണ്ട പരിശീലനം ലഭിച്ച ആൾക്കാരില്ല എങ്കിൽ പരിശീലനം പഞ്ചായത്ത് ചെലവിൽ നൽകിയാൽ അതു കൂടുതൽ ഫലപ്രദമായിരിക്കും.

3. മെഴുകുതിരി, ചന്ദനത്തിരി, ചോക്ക് നിർമ്മാണം

ജനപങ്കാളിത്തത്തോടെ ഏറ്റവും വിജയകരമായി നടത്താൻ കഴിയുന്ന ചെറുകിയ വ്യവസായങ്ങളാണ് മേൽപ്പറഞ്ഞവ. ഇതിൽ പരിശീലനം ലഭിച്ചവരുടെ മേൽ നോട്ടത്തിൽ കരുടിൽ വ്യവസായ രീതി

യിൽ ഇതു നടപ്പാക്കാവുന്നതാണ്. സംഭരണവിതരണം ഗ്രാമസഭകളുടെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്. ഇവയ്ക്ക് പഞ്ചായത്തിൽ ലഭ്യമല്ലാത്ത ആ അസംസ്കൃത സാധനങ്ങൾ പഞ്ചായത്ത് സമിതിതന്നെ മുൻകൈയെടുത്ത് എത്തിക്കാൻ കഴിഞ്ഞാൽ സ്തംഭനാവസ്ഥ ഉണ്ടാകാതിരിക്കാൻ കഴിയും.

4. ഇഷ്ടിക, ഓട് മൺപാത്രനിർമ്മാണം

ഈ മേഖലയിൽ ഒരു സൊസൈറ്റി രൂപീകരിച്ച് ഗ്രാമസഭകളുടെ മേൽനോട്ടത്തിൽ ഉൽപ്പാദനവും വിതരണവും നടത്താവുന്നതാണ്. പഞ്ചായത്തിലെ പുഴയോരങ്ങളിലെ പുറമ്പോക്കുഭൂമി ഇതിനായി ഉപയോഗിക്കാവുന്നതാണ്.

5. റെഡിമെയ്ഡ് വസ്തുനിർമ്മാണം

അഭ്യസ്തവിദ്യരായ അനേകം യുവതികൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖലയാണിത്. പഠനം കഴിഞ്ഞ് തയ്യൽ പഠിച്ചുനിൽക്കുന്ന കുറെയധികം യുവതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗ്രാമസഭകളുടെ മേൽനോട്ടത്തോടെ സഹകരണാടിസ്ഥാനത്തിൽ നടത്താൻ കഴിയുന്നതും പഞ്ചായത്തിന് മുതൽക്കൂട്ടാവുന്നതുമായ ഒരു സംരംഭമാക്കി ഇതു മാറ്റാൻ കഴിയും.

6. വനവിഭവ സംഭരണവവും വിതരണവും

വനവാസികൾ ശേഖരിക്കുന്ന തേൻ, ഔഷധസസ്യങ്ങൾ, നെല്ലിക്ക മുതലായവ ഒരു സൊസൈറ്റിയിൽ ശേഖരിച്ച് വിതരണം നടത്തിയാൽ ഇട നിലക്കാരുടെ കബളിപ്പിക്കലിൽ നിന്നും അവരെ രക്ഷിക്കാനും പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാവാനും കഴരിയും.

7. പ്രകൃതിവിഭവശേഖരണവും വിതരണവും

മണൽ വാരുന്നതിനുള്ള ഇപ്പോഴത്തെ സമ്പ്രദായമായ ലേലം ഒഴിവാക്കി സൊസൈറ്റികൾ രൂപീകരിച്ച് അവയെ ഏല്പിച്ചാൽ പഞ്ചായത്തിനുവരുമാനം വർദ്ധിക്കുമെന്നു മാത്രമല്ല അതു തീരസംരക്ഷണത്തിനുപകരിക്കുകയും ചെയ്യും. പ്രകൃതി വിഭവങ്ങളിലൂടെ അനിയന്ത്രിതമായ ചൂഷണത്തെ തടയാനും ഇതു സഹായിക്കും.

ഇതുപോലെതന്നെ കരിങ്കൽ ക്വാറികൾ പഞ്ചായത്തു സമിതികളുടെ മേൽനോട്ടത്തിലാക്കിയാൽ വളരെയധികം പ്രയോജനപ്രദമായും ജനപങ്കാളിത്തത്തോടെയും നടത്താൻ കഴറിയുന്ന ഒരു മേഖലയാണ്. അർപ്പണബോധമുള്ള ആൾക്കാരകുടെ സേവനം ഇതിനായുപയോഗിക്കാവുന്നതാണ്.

8. കാർഷികമേഖല

ഏറ്റവും പ്രതിസന്ധി നേരിടുന്ന മറ്റൊരു മേഖല

പട്ടിക 1 വരുമാനത്തിലെ വ്യതിയാനം

ഇനം	1991–92	1995–96	വ്യത്യാസം %
1. തനത് വരുമാനം			
എ. കെട്ടിട നികുതി	2,48980/	333783	84803 34%
ബി. വിനോദനികുതി	32977/	90947/	57970 175%
സി. തൊഴിൽ നികുതി	1,69868/	1,94280/	24412/ 14.37%
2. ഉപാധിരഹിത നികുതി	2,21100/	267900/	46800/ 21%
എസ്.സി.ബി	60,000/	90,000/	30,000 50%
3. ജെ.ആർ.വൈ	6,90232	9,35,425	2,45,193 35.5%
4. ഗ്രാന്റുകൾ സംഭാവനകൾ	2,96,278/	3,89795/	93517 31.5%
5. ആകെ വരവ്	17,19,435	2,302130	5,82695 34%
ചെലവ്: എസ്റ്റാബ്ലിഷ്മെന്റ്	3,01,078	4,98,959	1,97881 65.7%

യാണ് കാർഷികമേഖല. രാസവളത്തിന്റെയും കീടനാശിനികളുടെയും അമിതവും അനിയന്ത്രിതവുമായ ഉപയോഗം ഈ മേഖലയെ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുകയാണ്. പ്രകൃതി സന്തുലിതാവസ്ഥയെ തകർക്കുന്ന ഇവയുടെ ഉപയോഗം പരമാവധി കുറയ്ക്കാനും ജൈവവളങ്ങളും ജൈവപ്രതിരോധ രീതിയും എങ്ങനെ സ്വീകരിക്കാമെന്നും കർഷകരെ ബോദ്ധ്യമാക്കാനുപയോഗിക്കുന്ന വിപുലമായ പ്രചാരണപരിപാടികളും സെമിനാറുകളും സംഘടിപ്പിക്കാൻ പഞ്ചായത്ത് ഭരണസമിതി മുൻകൈയെടുക്കേണ്ടതാണ്. പ്രത്യക്ഷമായ പഞ്ചായത്തിനു സാമ്പത്തികബാദ്ധ്യത ഉണ്ടാക്കുന്ന ഒന്നാണിതെന്നു തോന്നാമെങ്കിലും ആരോഗ്യകരമായ ഒരു കാർഷിക മേഖല പഞ്ചായത്തിന്റെ വിഭവശേഷി പതിന്മടങ്ങുചവർദ്ധിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രാമീണ ബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയിൽച വരുന്ന നിക്ഷേപങ്ങളുടെ ഒരു നിശ്ചിത ശതമാനം കാർഷിക വായ്പയാക്കി നല്കാനുള്ള നടപടി സ്വീകരിക്കാൻ ബാങ്കധികൃതരെ പ്രേരിപ്പികേണ്ട ചുമതല പഞ്ചായത്തിനാണ്. ആവശ്യമായ സമയത്ത് കർഷകന് വായ്പ ലഭിക്കുന്നു എന്നുറപ്പു വരുത്തേണ്ടതാണ്.

പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന നാശനഷ്ടത്തിൽ നിന്നു കർഷകന് ആശ്വാസം ലഭിക്കാൻ ഗ്രൂപ്പ് ഇൻഷൂറൻസ് നടപ്പിലാക്കാം.

ആടുവളർത്തൽ കേന്ദ്രം, പന്നിവളർത്തൽ കേന്ദ്രം , കോഴിവളർത്തൽ കേന്ദ്രം എന്നിവയും സഹകരണാടിസ്ഥാനത്തിൽ നടത്താൻ നടപടി സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ സൗകര്യമുള്ള സ്ഥലങ്ങളിൽ നഴ്സറികൾ സ്ഥാപിക്കാനും അതുലാഭകരമായി പ്രവർത്തിപ്പിക്കാനും സാധിക്കും. കർഷകർക്ക് നല്ലതരം തൈകളും വിത്തുകളും ലഭിക്കുന്നു എന്നുമാത്രമല്ല നല്ലൊരു വരുമാനം വിഹിതമായി പഞ്ചായത്തിനു ലഭിക്കുന്നതുമാണ്.

ഊർജ്ജമേഖല

വൈദ്യുതി എത്താത്ത മേഖലകളിൽ അനർട്ട് മുതലായ ഏജൻസികളുടെ സഹായത്തോടെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക വഴി കൃഷി, ജലസേചനം എന്നിവയിൽ പുരോഗതി ഉണ്ടാക്കാവുന്നതാണ്. ആദിവാസികോളനികൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകുന്നതോടൊപ്പം സാദ്ധ്യമായത്രയും മാനവവിഭവശേഷി ഉപയോഗിക്കാൻ ശ്രദ്ധിക്കുകയും വേണം.

10. ഭവനനിർമ്മാണം

തദ്ദേശീയമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി മാനവവിഭവശേഷി ഉപയോഗപ്പെടുത്തി ദുർബലവിഭാഗങ്ങൾക്ക് പാർപ്പിടം നിർമ്മിച്ചുകൊടുക്കുവാനുള്ള പ്രവർത്തനം പഞ്ചായത്ത് സമിതി ആവിഷ്ക്കരിക്കുകയും ഒരു ഭവനനിർമ്മാണ സൊസൈറ്റിയെ ഈ ചുമതല ഏല്പിക്കുകയും ചെയ്താൽ കിടക്കാനൊരു വീട് എന്ന പലരുടെയും സ്വപപ്നം സാക്ഷാത്ക്കരിക്കപ്പെടും.

11. ഗ്രാമചന്ത മത്സ്യമാർക്കറ്റ്

പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമായ ഈ പദ്ധതി ഇന്നു കടലാസ്സുകളിൽ വിശ്രമിക്കുകയാണ്. കർഷകർക്ക് അവരുൽപ്പാദിപ്പിക്കുന്ന വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതോടൊപ്പം പഞ്ചായത്തിന് ഒരു നല്ല വരുമാനമാർഗ്ഗമാവാൻ ഗ്രാമചന്ത സഹായിക്കും. ആഴ്ചയിൽ 2 ദിവസം ആയി ഇതു നിജപ്പെടുത്താവുന്നതാണ്. ഇതോടൊപ്പംതന്നെ മത്സ്യമാർക്കറ്റും ഇറച്ചിക്കടകളും ടൗണിൽ നിന്നും ചന്തയിലേക്കു മാറ്റുന്നത് പരിസര മലിനീകരണത്തിൽ നിന്നും ടൗണിനെ രക്ഷിക്കും.

12. ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്ത് ആസ്ഥാനമായ കേണിച്ചിറയിൽ ഒരു ബസ്സ്റ്റാന്റും അതിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സും പണിതീർത്താൽ ടൗണിന്റെയും പഞ്ചായത്തിന്റെയും വികസനത്തിന് അതൊരു നാഴികക്കല്ലാവുമെന്നതിന് തർക്കമില്ല.

13. വിദേശ മലയാളികൾ

വിദേശത്തു ജോലിചെയ്യുന്ന ഈ പഞ്ചായത്തിലെ താമസക്കാരുടെ വാർഡുതിരിച്ചുള്ള കണക്ക് ലഭ്യമല്ലാച എങ്കിലും ഏകദേശം നല്പതുപേരോളം പലവിദേശരാജ്യങ്ങളിലായി ജോലി ചെയ്യുന്നവരായി കണക്കാക്കിയിട്ടുണ്ട്. അവരിൽ നിന്നുള്ള സഹായം ലഭ്യമാക്കാനുള്ള നടപടി ആവിഷ്ക്കരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച എല്ലാ പ്രവർത്തനങ്ങളുടെയും സുഗമമായ നടത്തിപ്പിന് 21നും 30നും ഇടയ്ക്കുള്ള യുവതീയുവാക്കളുടെ ഒരു കർമ്മസേന രൂപീകരിക്കുകയും അവരിൽ എല്ലാ ഗ്രാമസഭകളിലെയും പ്രാതിനിധ്യം ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. വ്യത്യസ്തമേഖലകളിൽ

പ്രാവീണ്യം നേടിയ ആൾക്കാരുടെ കീഴിൽ ഓരോ സബ് കമ്മിറ്റികൾ രൂപീകരിക്കുകയും ഓരോ കമ്മിറ്റിയേയും അതാതു മേഖലകളിൽ പ്രവർത്തിക്കാൻ വേണ്ട നിർദ്ദേശം നല്കുകയും വേണം. എല്ലാ രംഗങ്ങളിലും അർഹമായ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ധനഗമമാർഗ്ഗങ്ങൾ

1. കെട്ടിടനികുതി

കെട്ടിടനികുതിയിനത്തിൽ 91-92 ലേതിനേക്കാൾ 34% വർദ്ധന 95-96 വർഷത്തിൽ ഉണ്ടായിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കാലാനുസൃതമായ വർദ്ധന നികുതിയിനത്തിൽ കാണുന്നില്ല എന്നത് അസസ്സ് ചെയ്യുന്നതിനുള്ള തകരാറുകൊണ്ടാണ് കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രം കണക്കിലെടുക്കാതെ ആഡംബര വസ്തുക്കളുടെ ഉപയോഗം കൂടി കണക്കിലെടുത്തുവേണം നികുതി നിർണ്ണയിക്കാൻ. ഗ്രാമസഭകൾ വിളിച്ചുചേർക്കുമ്പോൾ ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്.

2. വിനോദനികുതി.

വിനോദനികുതി പിരിച്ചെടുക്കാൻ കുറ്റമറ്റതാക്കുവാൻ ആയത് ഒരു കമ്മിറ്റിയുടെ കീഴിലാക്കുന്നതു നന്നായിരിക്കും. വിനോദനികുതിയിനത്തിൽ 175% വർദ്ധനയാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്.

3. തൊഴിൽ നികുതി

എല്ലാ വിധ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസിൻ കീഴിൽ കൊണ്ടുവന്ന് എല്ലാ തൊഴിലാളികളിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവു നടത്തുന്നത് പഞ്ചായത്തിന്റെ വരുമാനം കൂട്ടുന്നതിന് ഉപകരിക്കും.

4. മറ്റു വരുമാനമാർഗ്ഗങ്ങൾ

ഇതുകൂടാതെ മറ്റുതരത്തിലുള്ള പട്ടികയിൽ കാണിച്ചിട്ടുള്ള ഫണ്ടുകളിൽ കാലാനുസൃതമായ വർദ്ധന ലഭിക്കാൻ സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഭരണസമിതി ശ്രദ്ധിച്ചാൽ അത് പുരോഗമന പ്രവർത്തനങ്ങൾക്കും പഞ്ചായത്തിന്റെ പുരോഗതിക്കും വഴിതെളിക്കും.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചിലവുകളിൽ കുറവുവരുത്തി വരുമാനം വർദ്ധിപ്പിക്കാം. ഓരോ വികസന പ്രവർത്തന നിർമ്മാണപ്രവർത്തനങ്ങളിലും ഒരു നിശ്ചിത ശതമാനം മനുഷ്യവിഭവശേഷിയുടെ ഉപയോഗം സന്നദ്ധപ്രവർത്തനമാക്കിമാറ്റുക വഴി അതിൽ നിന്ന് ഒരു തുക ബാക്കി വരുത്താം. ഇങ്ങിനെ ഏതാനും പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ഒരു വർഷത്തിൽ ചെയ്തുതീർക്കാവുന്ന പ്രവർത്തനങ്ങളുടെ എണ്ണവും സാരമായി വർദ്ധിപ്പിക്കാം. ഇത്തരത്തിലുള്ള പ്രവർത്തനം ബഡ്ജറ്റ് എസ്റ്റിമേറ്റിനെ മറികടക്കുകയുമില്ല.

ഏതാനും വർഷം മുമ്പ് കേരള പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് ആസൂത്രണം ചെയ്തതും നടപ്പിലാക്കപ്പെടാതെ പോയതുമായ സന്നദ്ധ സേന പുനർജീവിപ്പിക്കുവാൻ പൂതാടി പഞ്ചായത്തിൽ ആദ്യത്തെ ഭരണസമിതി തയ്യാറാക്കിയ നിയമാവലി കാലാനുസൃതമായ മാറ്റം വരുത്തി പ്രാവർത്തികമാക്കുന്നത് നന്നായിരിക്കും.

ജനകീയാസൂത്രണത്തിലൂടെ നടക്കുന്ന പ്രവർത്തനവും അതിന്റെ പുരോഗതിയും വിലയിരുത്താൻ അഞ്ചുവർഷം കാത്തിരിക്കാതെ അതൊരു തുടർ പ്രക്രിയയാക്കി അതിന്റെ റിപ്പോർട്ടും വാർഷിക വരവുചെലവു കണക്കും തയ്യാറാക്കുവാനും കുറഞ്ഞത് ഒരു ഗ്രാമസഭയ്ക്ക് ഒരെണ്ണമെന്ന കണക്കിൽ വിതരണം ചെയ്യുവാനും ശ്രദ്ധിച്ചാൽ പ്രവർത്തനങ്ങളിൽ വരുന്ന പാളിച്ചകളും, പുരോഗതികളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ ഗ്രാമസഭകൾക്കു സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ജനപ്രതിനിധികളുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനമുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി പൂർണ്ണ വിജയത്തിലെത്തിക്കുവാൻ സാധിക്കുകയുള്ളൂ. സമത്വ സുന്ദരവവും സമ്പൽസമൃദ്ധവുമായ ഒരു നല്ല സമൂഹമുണ്ടാകുവാൻ നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം.

വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. ചന്ദ്രബോസ് എം. കെ.
2. പി. എം. ശങ്കരൻ നമ്പൂതിപ്പാട്
3. പ്രഭാകരൻ മാസ്റ്റർ
4. ജോസ് കൈതമറ്റം
5. ലളിതാ രാജഗോപാൽ
6. K.K. വിശ്വനാഥൻ മാസ്റ്റർ
7. രുഗ്മിണി സുബ്രമണ്യൻ
8. സുധാകരൻ പി. എം.
9. പൊന്നമ്മ ശിവദാസൻ
10. കെ. കെ. ശ്രീകുമാർ
11. ജാൻസി ദേവസി
12. ഉലഹന്നാൻ മാണി
13. ബി. വി. ബോളൻ
14. വി. ബി. ബാബു
15. കെ. എ. ജോസ്
16. പി. ആർ. വിജയൻ
17. വി. വി. ജിനേന്ദ്ര പ്രസാദ്
18. ഗിരിജ കുമാരി കെ. പി
19. രാജമ്മ സുരേന്ദ്രൻ
20. അന്നക്കുട്ടി വർഗ്ഗീസ്
21. ഗിരിജ A.D
22. ഇമാനുവൽ അഗസ്റ്റിൻ
23. ജഗത ടി. കെ
24. എ. വി. ജയൻ
25. T.S. മുരളി
26. സെബാസ്റ്റ്യൻ
27. T.B. സുരേഷ്
28. സിദ്ദിഖ് അലി
29. കുഞ്ഞിമായൻ മണിമ
30. കുഞ്ഞിമായിൻ
31. Dr. വിനോദ് കുമാർ
32. R. വിജയകുമാർ
33. വേലായുധൻ മാസ്റ്റർ
34. നാരായണൻ മാസ്റ്റർ
35. ഗോപിനാഥൻ
36. നാരായണൻ
37. കുഞ്ഞികൃഷ്ണൻ
38. പുരുഷോത്തമൻ മാസ്റ്റർ
39. കെ. എം. വർഗ്ഗീസ്
40. ദേവസ്യ
41. പി. എ. തോമസ്
42. എ. എസ്സ്. അശോകൻ
43. ടോമി എം. വി
44. പി. വി. മോഹനൻ
45. പി. ആർ. രാജു
46. പ്രഹ്ളാദൻ K.K.
47. ഗിരീഷ്
48. ദേവസ്യ
49. രാധാകൃഷ്ണൻ
50. പനമട ജോസ്
51. രംഗസ്വാമി V.R

പാമ്പ്ര ക്ഷീരോത്പാദക സഹകരണ സംഘം
ക്ലിപ്തം നമ്പർ ഡി.51 (ഡി) ആപ്കോസ് പാമ്പ്ര പി.,ഒ.

- പ്രവർത്തനമേഖല – പൂതാടി പഞ്ചായത്ത് 10, 11, 12 വാർഡുകൾ
- അംഗങ്ങൾ – 1209 ഓഹരിമൂലധനം – 13020
- അറുനൂറ് ക്ഷീര കർഷകരിൽ നിന്നും മൂവായിരത്തി മുന്നൂറിലധികം ലിറ്റർ പാൽ സംഭരിക്കുന്നു.
- ക്ഷീര വികസന രംഗത്ത് മുൻ നിരയിൽ
- സംഘത്തിന്റെ ഡിപ്പോകളിലും ഓഫീസുകളിലുംവച്ച് പാൽവില, കാലിത്തീറ്റ എന്നിവ നൽകി വരുന്നു.
- സംഘത്തിൻ കീഴിൽ വളാഞ്ചേരി, മാതമംഗലം എന്നിവിടങ്ങളിൽ കൃത്രിമ ബീജാധാനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.
- കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽ ഏറ്റവും കൂടുതൽ ഇൻസെമിനേഷൻ നടത്തുന്ന ജില്ലയിലെ രണ്ടു കേന്ദ്രങ്ങൾ
- രുചിയേറിയ പാൽ ഉൽപ്പന്നങ്ങളുടെ കലവറ
- കൂടിയേറ്റ കർഷകന്റെ അഭിവൃദ്ധിയുടെ മാർഗ്ഗദർശി
- പാമ്പ്ര ക്ഷീരോൽപ്പാദക സഹകരണസംഘം

വാകേരി ക്ഷീരോല്പാദക സഹകരണ സംഘം
ലിമിറ്റഡ് നമ്പർ: ഡബ്ല്യു. 14(ഡി)
വാകേരി, വയനാട്, ബത്തേരി. ഫോൺ. 22199 (04968)

ഡിപ്പോ : വാകേരി, കോളേരി. നടവയൽ, കേണിച്ചിറ, പാപ്ലശ്ശേരി, കക്കടംക്കുന്ന്, അതിരാറ്റുകുന്ന്, മാങ്ങോട്.

- പ്രതിവർഷം പാൽവിലയായി അന്യ ജില്ലകളിൽ നിന്നും ഒന്നേകാൽ കോടിയോളം രൂപ പൂതാടി പഞ്ചായത്തിലെ ആയിരത്തിലധികം ക്ഷീര കർഷകരുടെ കൈകളിലെത്തിക്കുന്നു.
- ക്ഷീരവികസന രംഗത്ത് മുൻ നിരയിൽ
- പ്രത്യേകം ഫണ്ട് ഈടാക്കാതെ കന്നുകാലി ചികിത്സാ ചിലവ് മുഴുവൻ നൽകുന്നു. കാലിത്തീറ്റകൾക്ക് വേനൽക്കാലത്ത് കിലോക്ക് രണ്ടു രൂപ കുറക്കുന്നു
- വിവിധ കർഷക ക്ഷേമ പദ്ധതികൾ
- രുചിയേറിയ പാൽ ഉൽപ്പന്നങ്ങളുടെ കലവറ

ഗോവിനെ പരിപാലിക്കു-
ലാഭമുണ്ടാക്കുവിൻ
കാര്യത്തിലായാൽകാലവു-
മായുസ്സാരോഗ്യമേറിടും

സെക്രട്ടറി
കെ.എസ്സ്. നാരായണൻ

സ്ഥാപിതം 1984

പ്രസിഡന്റ്
പി.എസ്സ്. നാരായണൻ

THE POOTHADY
SERVICE CO-OPERATIVE BANK LTD. NO. F 1011

H.O. KENICHIRA - 673596
PHONE : 04936 - 81-535



Branches :

Erulam, P.O.Manavayal, Phone : 04968-40-553

Papplassery, P.O.Valavayal, Pin. 673 596

Paid up Share Capital	: Rs. 25	Lakhs Exceeds
Working Capital	: Rs. 520	"
Loans & Advances	: Rs. 500	"

JOSE KAITHAMATTAM
President

K.KUNHIKRISHNAN
Secretary